# യേശുക്രിസ്തുവിന്റെ ജീവചരിത്രം

പുസ്തകം 1

## അവന്റെ ജനനവും ആദ്യവർഷങ്ങളും

*(അറബിയിൽ നിന്നും വിവർത്തനം ചെയ്തത്)*

ജോർജ്ജ് ഫോർഡ്

**CALL OF HOPE (NIDA' - Al-RAJA')**
**P.O. BOX 45, KAYAMKULAM - 690 502,**
**KERALA**

*അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ*
*ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം”*

(ലൂക്കൊസ് 2:14)

ബൈബിൾ വാക്യങ്ങളും ഉദ്ധരണികളും ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച മലയാള വിവർത്തനത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

SB 7351

Edition : January 2011

No. of Copies : 5,000

All rights reserved.

Price Rs. 25/-

*Published by*
**Call of Hope (Nida' - Al-Raja')**
P.O. Box 45
Kayamkulam - 690 502 Kerala.
Email: contact@call-of-hope-kerala.com

*Printed at*
P.P.George & Sons
Printers and Publishers
Angamaly - 683 572 - Kerala
Phone : 0484-2456719,2456819,2456919

# ഒരു വാക്ക്

പ്രിയ സുഹൃത്തേ,

...............ആണ് താങ്കളുടെ രജിസ്റ്റർ നമ്പർ. എല്ലാ കത്തിടപാടുകളിലും ഈ നമ്പർ എഴുതേണ്ടതാണ്. കേവലം 10000 പേർക്കു മാത്രമേ ഈ കോഴ്സിൽ ചേരാൻ അഡ്മിഷൻ ഉള്ളൂ. അതിനാൽ താങ്കൾ ഈ അവസരം ഫലപ്രദമായി വിനിയോഗിക്കും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

യേശുക്രിസ്തുവിന്റെ (ഈസാ നബിയുടെ) ജീവചരിത്രം ഏഴ് ചെറുവാല്യങ്ങളായി പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിൽ ക്രിസ്തുവിന്റെ ജീവചരിത്രം സമ്പൂർണ്ണമായും സംക്ഷിപ്തമായി വിവരിച്ചിരിക്കുന്നു. യഥാക്രമം വാല്യം ഒന്ന് : യേശുക്രിസ്തുവിന്റെ ജനനവും ആദ്യവർഷങ്ങളും; വാല്യം രണ്ട്: തന്റെ പരിശോധനയും പരസ്യശുശ്രൂഷയും; വാല്യം മൂന്ന്: അവന്റെ അധികാരങ്ങളും ഉപദേശങ്ങളും; വാല്യം നാല്: അവന്റെ വലിയ അത്ഭുതപ്രവൃത്തികൾ; വാല്യം അഞ്ച്: തന്റെ സത്തയും ശിഷ്യത്വനിബന്ധനകളും; വാല്യം ആറ്: തന്റെ യെരുശലേം പ്രവേശനം; വാല്യം ഏഴ്: അവന്റെ മരണവും മഹത്വകരമായ പുനരുത്ഥാനവും. ഈ ഏഴ് പുസ്തകത്തിന്റെ ഒന്നാം ഭാഗമാണ് താങ്കളുടെ കരങ്ങളിൽ വന്നുചേർന്നിരിക്കുന്നത്. ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം പഠിച്ചതിനുശേഷം ഇതിന്റെ അവാസനഭാഗത്തുകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു (20 എണ്ണത്തിന് എങ്കിലും) ശരിയായ ഉത്തരം എഴുതി അയയ്ക്കുന്നവർക്കു മാത്രമേ ഇതിന്റെ രണ്ടാം ഭാഗം അയച്ചു കൊടുക്കൂ. രണ്ടാംഭാഗം പഠിച്ച് ചോദ്യങ്ങൾക്കു വിജയപ്രദമായ വിധത്തിൽ ഉത്തരം എഴുതി അയക്കുന്നവർക്കു മൂന്നാം ഭാഗവും അയക്കുന്നതാണ്. ഇപ്രകാരം ഈ ഏഴ് ചെറിയ പുസ്തകവും നിഷ്പ്രയാസം നിങ്ങൾക്കു സൗജന്യമായി സ്വന്തമാക്കുവാനും കഴിയും. ഇവ ഏഴും പുരിപ്പി

ച്ചയക്കുന്നവർക്കു പ്രശംസാർഹമായ സമ്മാനമായി വില പിടിപ്പുള്ള പുസ്തകം അയച്ചുതരുന്നതാണ്. ഈ പഠന പരിപാടിയിൽ നിങ്ങളുടെ മുസ്ലീം സ്നേഹിതരെയും ചേർക്കാവുന്നതാണ്. കൂടാതെ ഖുർ-ആനിന്റെയും തൗറാത്തിന്റെയും ഇഞ്ചീലിന്റെയും വെളിച്ചത്തിൽ എഴുതപ്പെട്ട ധാരാളം പുസ്തകങ്ങൾ അറബിയിലും ഇംഗ്ലീഷിലും മലയാളത്തിലും ഞങ്ങളുടെ വശമുണ്ട്. കത്തയക്കുന്നവർക്കെല്ലാം ഒരു കത്തിന് അതിലെ പ്രധാന ചോദ്യത്തിന് ഉത്തരം എന്നവിധം സൗജന്യമായും അവ അയക്കുന്നതാണ്. വിലപിടിപ്പുള്ള ഇതര പുസ്തകങ്ങളും ഇപ്പോൾ സ്റ്റോക്ക് ഉണ്ട്. അവയ്ക്കു ചുരുങ്ങിയ വിലയായി തപാൽ സ്റ്റാമ്പ് അയക്കുന്നവർക്കു മാത്രം അയച്ചുകൊടുക്കുന്നു. M.O സ്വീകരിക്കുന്നതല്ല.

243 പേജുള്ള 'ഇസ്ലാം സംവാദ'ത്തിന് 25 രൂപയുടെ സ്റ്റാമ്പും, 243 പേജുള്ള 'മീസാനുൽ ഹബി'ന് (വാല്യം 1,2) 5 രൂപയുടെ സ്റ്റാമ്പും, 213 പേജുള്ള 'മീസാനുൽ ഹഖ്' വാല്യം 3 ന് 5 രൂപയുടെ സ്റ്റാമ്പും അയക്കേണ്ടതാണ്. 100 പേജുള്ള ഡോ. സഊദ് എന്ന കുർദിശ് ഭിഷഗ്വരനും ഇസ്ലാമിക പണ്ഡിതനുമായ വ്യക്തി ക്രിസ്ത്യാനി ആയിത്തീർന്ന ഉദ്വോഗജനകമായ ജീവചരിത്രത്തിന് 5 രൂപയുടെയും, ഗുലാം മസിഹാനയ്മാന്റെ ജീവചരിത്രത്തിന് 5 രൂപയുടെ സ്റ്റാമ്പും, മുസ്ഹഫ് പോലെ മനോഹരമായ അറബി ഭാഷയിലുള്ള വി. യോഹന്നാന്റെ സുവിശേഷത്തിനു 2 രൂപയുടെ സ്റ്റാമ്പും അയച്ചുതരുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ തപാലിൽ ഉടൻ അയച്ചുകൊടുക്കുന്നതാണ്.

ഈ പുസ്തകങ്ങൾക്ക് ആവശ്യമായ തുകയ്ക്ക് ഒരു രൂപയുടെ സ്റ്റാമ്പുകൾ വാങ്ങി കവറിനുള്ളിൽ വച്ച് അയക്കുക. രജിസ്റ്റർ നമ്പറും പൂർണ്ണമേൽവിലാസം വീട്ടുപേർ സഹിതം വ്യക്തമായും എഴുതിയ പേപ്പറും സ്റ്റാമ്പിനോടൊത്തു കവറിൽ ഇടേണ്ടതാണ്.

ഇതിനും പുറമേ സൗജന്യ പുസ്തകങ്ങൾക്കും ആലോചനകൾക്കും Call of Hope, P.B.No. 45, Kayamkulam 690 502 എന്ന വിലാസത്തിൽ എഴുതുക. നിങ്ങളുടെ നല്ല കൂട്ടുകാരെയും ഈ പഠനപദ്ധതിയിൽ അംഗങ്ങളാക്കാൻ വേണ്ടി അവരോടും പ്രത്യേകം പോസ്റ്റ് കാർഡ് എഴുതുവാനും പറയുക. ഉത്തരം ശരിയായി എഴുതി കവറിന് ആവശ്യമായ സ്റ്റാമ്പ് ഒട്ടിച്ചേ അയക്കാവൂ. കൂലിക്കത്ത് യാതൊരുകാരണവശാലും എടുക്കുന്നതല്ല.

രജിസ്റ്റർ നമ്പറും ഫ്രം അഡ്രസ്സും വ്യക്തമായും പൂർണ്ണമായും എഴുതാൻ മറക്കരുത്. ഈ പഠനം നിങ്ങളുടെ ജീവിതത്തിന് ഒരു അനുഗ്രഹമായി തീരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

10th May 2004 **P.P.Alavi**

# ഉള്ളടക്കം

1. മുഖവുര

2. ക്രിസ്തുവിന്റെ വ്യക്തി മാഹാത്മ്യം

3. ക്രിസ്തുവിന്റെ ചരിത്രകഥയുടെ ഉറവിടങ്ങൾ

4. യേശുക്രിസ്തുവിന്റെ വംശാവലി

5. ഗബ്രിയേൽ ദൂതൻ സെഖര്യാവിനോടു വിളംബരം ചെയ്യുന്ന സദ്വർത്ത

6. ഗബ്രിയേൽ ദൂതൻ മറിയയോടു വിളംബരം ചെയ്യുന്ന സദ്വാർത്ത

7. ക്രിസ്തുവിന്റെ ജനനം

8. ശിശുവായ യേശുവിനെ പൗരസ്ത്യ വിദ്വാന്മാർ സന്ദർശിക്കുന്നു

9. ശ്രീയേശുവിന്റെ ബാല്യകാലം

10. യോഹന്നാൻ സ്നാപകൻ വഴി ഒരുക്കുന്നു

11. ക്വിസ്സ്

*“എഴുന്നേറ്റു പ്രകാശിയ്ക്ക;*
*നിന്റെ പ്രകാശം വന്നിരിയ്ക്കുന്നു;*
*യഹോവയുടെ തേജസ്സും*
*നിന്റെ മേൽ ഉദിച്ചിരിക്കുന്നു.*
*അന്ധകാരം ഭൂമിയേയും*
*കൂരിരുട്ട് ജാതികളേയും മൂടുന്നു;*
*നിന്റെ മേലോ*
*യഹോവ ഉദിയ്ക്കും;*
*അവന്റെ തേജസ്സും*
*നിന്റെ മേൽ പ്രത്യക്ഷമാകും”*
*യെശയ്യാവ് 60 : 1, 2)*

# I

# മുഖവുര

## ക്രിസ്തുവിന്റെ ആവശ്യകത

കാലങ്ങൾ കഴിയുന്തോറും മനുഷ്യന്റെ അനീതിയും കഷ്ടതയും കൂടിക്കൂടിവന്നു - പരിപൂർണ്ണനായ ദൈവത്തിൽ നിന്നും മനുഷ്യൻ അകന്നുപോയതുകൊണ്ട്. മനുഷ്യന്റെ തത്വജ്ഞാനം അവന്റെ അവസ്ഥയെ മെച്ചപ്പെടുത്താനോ, പൂർണ്ണത നേടാൻ സഹായിക്കാനോ കഴിയാതെ പരാജയപ്പെട്ടു. ഗ്രീക്കു തത്വജ്ഞാനികളിൽ അഗ്രഗണ്യനായ സോക്രട്ടീസ് തന്റെ ശിഷ്യനായ അൽസിബിയാദസിനോടു പറഞ്ഞു, "ഏറ്റവും വലിയ നന്മ നേടുന്നതു എങ്ങനെയാണെന്നു നിന്നെ കാണിക്കുവാൻ എനിക്കു സാധ്യമല്ല, എന്തെന്നാൽ എനിക്കു അതു അറിഞ്ഞുകൂടാ. എന്നാലും സൃഷ്ടി കർത്താവ് നല്ലവനാണെന്ന് എനിക്കു ബോധ്യം വന്നിട്ടുണ്ട്. മനുഷ്യരാശിക്കു ഈ നന്മ ലഭിക്കുന്നതെങ്ങനെയെന്ന് പഠിപ്പിക്കാൻ കൃപാലുവായ ദൈവം തക്ക സമയത്തു ഒരു ഗുരുവിനെ അയക്കും".

പ്രകൃത്യാ ചീത്തയായ മനുഷ്യർക്കു മോശമായതിനെ നന്നാക്കാൻ സാധ്യമല്ലെന്ന് ഈ തത്വജ്ഞാനിയെ അനുഭവം പഠിപ്പിച്ചിട്ടുണ്ട്. അറബിയായ ഒരു കവിയും ഇപ്രകാരം പറഞ്ഞിട്ടുണ്ട്, "മോശമായതിൽ നിന്നും നല്ലതു പ്രതീക്ഷിക്കാമോ? എന്തുകൊണ്ടെന്നാൽ കൈപ്പുള്ള ആപ്പിൾ പഴത്തിൽ തേൻ കാണുകയില്ല".

രാഷ്ട്രനേതാക്കൾ മനുഷ്യാവസ്ഥയെ ഉദ്ധരിക്കുന്നതിന് നിയമസംഹിതകൾ ഉണ്ടാക്കിയിട്ടുണ്ട്. അതു തന്നെയാണ് യവനദാർശികനായ ഹമ്മുറാബി, ഈജിപ്തിലെ ബുദ്ധിമാന്മാർ, റോമിലെ നിയമനിർമ്മാതാക്കൾ,

പേർഷ്യയിലെ വിദ്വാന്മാർ, ഭാരതീയരായ ബ്രാഹ്മണർ തുടങ്ങി അനേകരും ചെയ്തിട്ടുള്ളത്. എന്നിട്ടും ആവശ്യ മായത് നിർവ്വഹിക്കാനാകാതെ സർവ്വരുടേയും ജ്ഞാനം പരാജയം അടഞ്ഞു. മോശയുടെ ന്യായപ്രമാണം ദൈവീ കമായിരുന്നെങ്കിലും മനുഷ്യനിൽ പൂർണ്ണമായ വ്യത്യാസം വരുത്തുവാൻ അതിനു കഴിഞ്ഞില്ല. കാരണം മനുഷ്യന്റെ തെറ്റുകൾ അവന്ന് മനസ്സിലാക്കികൊടുക്കുക, പൂർണ്ണത കൈവരിയ്ക്കുവാൻ അവനെ ഉത്സാഹിപ്പിക്കുക എന്നതാ യിരുന്നു അതിന്റെ ലക്ഷ്യം. മാത്രമല്ല എല്ലാ നവോത്ഥാന ത്തിന്റെയും ഉറവിടത്തിലേയ്ക്കു അവനെ നയിക്കുകയാ യിരുന്നു അത്. ദൈവം നിയമിച്ചാക്കിയ ഒരേ പുതുവഴി യിലൂടല്ലാതെ മനുഷ്യനു പൂർണ്ണതയിലെത്താൻ മറ്റൊരു മാർഗ്ഗവും ഇല്ലായിരുന്നു. ദൈവസ്നേഹത്തിന്റെ പുത്രനും സ്വർഗ്ഗീയ ഗുരുവുമായ യേശുക്രിസ്തു യാതൊരു മാനു ഷികയോഗിയ്ക്കോ ആചാര്യനോ ഒരിക്കലും പ്രദാനം ചെയ്യാൻ സാധിക്കാത്തതാണു നൽകിയത്. അവൻ സമ്പൂർണ്ണവും മഹത്വപൂർണ്ണവുമായ നിയമം കൊണ്ടുവന്നു എന്നുമാത്രമല്ല ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും അവൻ പൂർണ്ണനും ആയിരുന്നു. മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിച്ചതു അവൻ സ്വയം നിറവേറ്റി. മറ്റു പരിഷ്ക്കർ ത്താക്കളിൽ ഇല്ലാതിരുന്ന സ്ഥിരതയും വിശ്വസ്തതയും അവന്റെ വാക്കിലും പ്രവൃത്തിയിലും പരസ്പരം സമന്വ യിച്ചിരുന്നു.

പൂർണ്ണതയിലേയ്ക്കുള്ള വഴി ചൂണ്ടിക്കാണിയ്ക്കുന്ന വനെയല്ല, മറിച്ച്, നമ്മോടുകൂടെ നടന്ന് നമ്മെ വഴി നട ത്തുന്നവനെയാണ് നമുക്കു ഏറ്റവും ആവശ്യം. അവന്റെ മാതൃക നമുക്കു അനുകരിക്കാൻ കൊള്ളാവുന്നതും അവ ന്റെ വഴി പിന്തുടരാൻ യോഗ്യമായതുമാണ്. മറിയയുടെ മകനായ യേശുവല്ലാതെ മറ്റൊരാളും പൂർണ്ണനായി ഈ ഭൂമുഖത്ത് നടന്നിട്ടില്ല.

വെറും വാക്കുകളാലുള്ള അധ്യാപനവും പ്രാവർത്തികങ്ങളായ ദൃഷ്ടാന്തങ്ങളിൽ പഠിപ്പിക്കുന്നതും തമ്മിൽ എത്രയോ വ്യത്യാസമുണ്ട്. വാക്കുകളാൽ പഠിപ്പിക്കുന്നതു സാങ്കല്പികവും പ്രവർത്തികളാൽ പഠിപ്പിക്കുന്നതു ക്രിയാത്മകവുമാണ്. ഈ ദുഷിച്ച ലോകത്തിൽ നന്മയും സന്തോഷവും പൂർണ്ണതയുടെ മാനദണ്ഡവും നൽകി വാക്കിലും പ്രവൃത്തിയിലും പഠിപ്പിച്ച യേശു എല്ലാ നന്മയുടെയും വ്യവസ്ഥാപിത മാതൃകയല്ലാതെ ക്രിസ്തു നമുക്കുവേണ്ടി എന്തുചെയ്തുവെന്നും എന്തു പഠിപ്പിച്ചുവെന്നും കണ്ടുപിടിക്കുകയാണ് പ്രധാനപ്പെട്ടകാര്യം. വ്യക്തിജീവിതത്തിലെ പരിവർത്തനോന്മുഖമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും നാം അന്വേഷിക്കുന്ന ആനന്ദം സംസിദ്ധമാക്കുന്നതിനും അവന്റെ ജീവിതത്തെ പൂർണ്ണമായി അഭ്യസിപ്പിക്കുന്നതു അപ്പോൾ ആവശ്യമായിവരുന്നു. മിക്കവാറും രചനകൾ എല്ലാം പലപ്പോഴും അതിശയോക്തി കലർന്നതാണെങ്കിലും യേശുക്രിസ്തുവിന്റെ മഹത്വത്തെ ഉള്ളതുപോലെ ചിത്രീകരിയ്ക്കാൻ നമുക്കു സാധ്യമല്ല. അവന്റെ സമ്പൂർണ്ണവും ശ്രേഷ്ഠവുമായ ജീവിതത്തെ വിവരിയ്ക്കുവാൻ ഏറ്റവും വാഗ്വൈഭവമുള്ളവന്റെ വാക്കുകളും അപര്യാപ്തമാണ്. അങ്ങനെ ദൈവസ്നേഹ സന്ദേശവാഹകനും ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായ യേശുക്രിസ്തുവിങ്കലേയ്ക്കു ചില വ്യക്തികളെ നയിക്കുവാൻ കഴിയുന്നതാണ് മനുഷ്യനു പ്രതീക്ഷിയ്ക്കാവുന്ന ഏറ്റവും വലിയ ഭാഗ്യവും പ്രതിഫലവും. സ്വർഗ്ഗീയ മഹിമയിൽ പരിശുദ്ധവും നിത്യവുമായ ജീവിതം അനുഭവിച്ച് അവനോടൊന്നിച്ചു സന്തോഷിയ്ക്കുന്നതിനും, സ്വതന്ത്രമായ രക്ഷ കൈവശമാക്കുന്നതിനും അവൻ മുഖാന്തരമത്രേ നമുക്കു സാധിക്കുന്നത്. ഒരു കവി നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഇപ്രകാരം ചിത്രീകരിച്ചിരിക്കുന്നു:

"പാട്ടുകാരീ, എഴുന്നേൽക്കുക
നമ്മുടെ പ്രിയ രക്ഷകന്റെ നാമം ഘോഷിക്ക
ആസ്വാദ്യമാം സ്തുതി ഗാനത്താൽ
ഈ അത്ഭുത പുരുഷനെ വാഴ്ത്തുവിൻ
അവന്റെ നാമം മാത്രം ശ്രേഷ്ഠവും ഉന്നതുവമത്രേ
അവനല്ലോ സർവ്വത്തേയും മെനഞ്ഞവൻ എല്ലാ
ത്തിന്റെയും ജീവൻ അവന്റെ കൃപയാലല്ലോ,
പർവ്വതങ്ങൾ ഉണ്ടാകുന്നതിനുമുമ്പേ
അവൻ നിത്യനും എന്നേയ്ക്കും ജീവിക്കുന്നവനുമല്ലോ,
നീതിസൂര്യനാമവൻ വിശുദ്ധിയും
മഹിമയും അണിഞ്ഞവൻ
പ്രകാശിയ്ക്കുന്നതാം ഉദയനക്ഷത്രവും
സത്യവും പൂർണ്ണനുമവൻ മാത്രമാം
അവനു തുല്യനായി ആരുമില്ല".

തന്റെ വരവിന് 700 വർഷങ്ങൾക്കു മുമ്പേ യെശയ്യാ പ്രവാചകൻ തന്നെപ്പറ്റി പ്രവചിച്ചത് ക്രിസ്തു ഇപ്രകാരം വായിച്ചു:

**''ദരിദ്രരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചു അയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിയ്ക്കുന്നു'' (ലൂക്കൊസ് 4:18,19).**

പുതിയ നിയമം യേശുക്രിസ്തുവിനെപ്പറ്റി ഇപ്രകാരം പറയുന്നു:

**"വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ**

**വെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിയ്ക്കുകയും ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിയ്ക്കു കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടു ക്കാതിരിപ്പാൻ പാപികളാൽ തനിയ്ക്കു നേരിട്ട ഇങ്ങ നെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ. പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തുനിന്നി ട്ടില്ല" (എബ്രായർ 12:2-4).**

**"അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിയ്ക്കുന്നത്, ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവി ച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടും പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിയ്ക്കുന്നു" (1 പത്രൊാസ് 2:21).**

കുറഞ്ഞപക്ഷം താഴെപ്പറയുന്ന അഞ്ചു കാര്യങ്ങൾക്കു വേണ്ടിയെങ്കിലും ക്രിസ്തു നമുക്കു അത്യന്താപേക്ഷിത മാണെന്നു ഞങ്ങൾ പറയുന്നു:

1. മനുഷ്യരൂപത്തിലുള്ള ദൈവത്തിന്റെ വചനമാകുന്നു ക്രിസ്തു. തന്റെ സ്വർഗ്ഗസ്ഥ പിതാവിന്റെ സ്വരൂപ ത്തിലും പ്രകൃതിയിലുമല്ലാതെ ആ ഏകജാതനായ പുത്രന് പ്രത്യക്ഷനാകാൻ കഴിയുകയില്ല. സുവിശേഷ ത്തിൽ സ്നേഹമെന്ന വാക്കു അവനെ പൂർണ്ണമായി ചിത്രീകരിക്കുന്നു. അവനെ സ്നേഹിച്ചവർക്കു മാത്ര മല്ല അവന്റെ ശത്രുക്കൾക്കുക്കൂടി ജാതി, മത, വർഗ്ഗ, വർണ്ണവ്യത്യാസമില്ലാതെ, ദൈവം തന്റെ ദിവ്യസ്നേഹം വെളിപ്പെടുത്തി എല്ലാവരെയും-ശത്രുക്കളെപ്പോലും- സ്നേഹിയ്ക്കണമെന്ന പ്രമാണം മാനവരാശി ആക മാനം അവനിൽ നിന്നാണ് സ്വായത്തമാക്കിയത്.

അവൻ ഈ പ്രമാണം തന്റെ ഉപദേശങ്ങളിൽ ഉൾപ്പെടുത്തി, തന്റെ സ്വഭാവത്തിൽ വെളിപ്പെടുത്തി, ന്യായപ്രമാണത്തിന്റെ പൂർത്തീകരണം സ്നേഹമാണെന്ന് വിളംബരം ചെയ്തു.

2. നിത്യതയിൽ തന്നെ ദൈവം നിയമിച്ചവനാണ് ക്രിസ്തു. മാനവജാതിയുടെ പാപപരിഹാരാർത്ഥം മരിയ്ക്കുന്നതിനായി തക്കസമയത്തു കാലത്തികവിങ്കൽ തന്റെ അവാച്യവും അഗോചരവും നിസ്സീമവുമായ സ്നേഹം വിളംബരം ചെയ്യുവാൻ ദൈവം അയച്ചവനാണ് ക്രിസ്തു.

3. മനുഷ്യന്റെ നിനവുകളേയും ഉൾപ്പൂവുകളേയും പൂർണ്ണമായി അറിഞ്ഞു വീണ്ടെടുപ്പുവേല പൂർത്തീകരിക്കുന്നതിന്നായി സ്വമനസ്സാൽ മനുഷ്യവേഷമെടുത്ത രക്ഷകനാണു ക്രിസ്തു.

4. സ്നേഹനിധിയും സ്നേഹംകൊണ്ടു മാത്രം തന്റെ സാമ്രാജ്യം സൃഷ്ടിച്ചവനുമാണ് ക്രിസ്തു. ഈ ലോകത്തിലെ തന്റെ സന്ദേശത്തിന്റെ ഇന്നത്തെ വിജയം തന്നെത്തന്നെ യാഗാർപ്പണം ചെയ്തതിന്റെ ഫലമാണ്, തന്റെ ജനത്തിന്റെ കൂടെയുള്ള യഥാർത്ഥവും സ്ഥിരവുമായ സാന്നിദ്ധ്യത്താലുളവായതാണ്.

5. മനുഷ്യന്റെ കാതുകൾ കേട്ട ഏറ്റവും വലിയ സദ്വാർത്തയും സുവിശേഷത്തിന്റെ കേന്ദ്രവും ക്രിസ്തുവാണ്. ഇക്കാലത്തേയ്ക്കും നിത്യതയിലേയ്ക്കുമുള്ള മനുഷ്യരാശിയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ കരുതലാണ് ക്രിസ്തു. ചില മതങ്ങളുടെ വിശ്വാസപ്രമാണങ്ങളിൽ അവർ ആരാധിയ്ക്കുന്ന ദൈവത്തിന്റെ സർവ്വ ശക്തിയ്ക്കും, ചിലതിൽ അവന്റെ പരിശുദ്ധതയ്ക്കും, മറ്റു ചിലതിൽ അവന്റെ ജ്ഞാനത്തിനും ഇതരമതങ്ങളിൽ അവന്റെ കരുണയ്ക്കും പ്രാധാന്യം കൽപ്പിയ്ക്കുന്നു.

എന്നാൽ ക്രിസ്തുമാർഗ്ഗത്തിൽ ഇതെല്ലാം ഉൾപ്പെടുന്നതോടൊപ്പം തന്നെ ക്രിസ്തുവിന്റെ സന്ദേശത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

**ഒരു പിതാവിന് മകനോടുള്ള സ്നേഹംപോലെ ദൈവസ്നേഹം എല്ലാ മനുഷ്യരേയും, ഏറ്റവും നീചപാപിയെപ്പോലും തന്നിലേയ്ക്കു തിരിച്ച് അവരെ രക്ഷിയ്ക്കുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിയ്ക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു".**

**(യോഹന്നാൻ 3:16).**

എല്ലാവരേയും സ്നേഹിയ്ക്കുന്ന പ്രമാണമില്ലാതെ ഒരുവന് യഥാർത്ഥ ക്രിസ്ത്യാനി ആയിരിയ്ക്കുവാൻ കഴിയുകയില്ല. ഒരു യഥാർത്ഥ ക്രിസ്ത്യാനി അയൽവാസിയുടെ നന്മയെ കരുതുകയും മറ്റുള്ളവരെ ശുശ്രൂഷിയ്ക്കുകയും മറ്റുള്ളവർക്കുവേണ്ടി ത്യാഗം സഹിയ്ക്കുകയും ചെയ്യുന്നു.

# II

# ക്രിസ്തുവിന്റെ വ്യക്തി മാഹാത്മ്യം

ഒരു വ്യക്തിയുടെ അവകാശ വാദങ്ങൾ വർദ്ധിയ്ക്കുന്തോറും അവനു അതു തെളിയിക്കുവാൻ കൂടുതൽ പ്രയാസമായി വരുന്നു. അതുപോലെ അതെല്ലാം സത്യമല്ലെങ്കിൽ അതു മറ്റുള്ളവർക്കു കാണാനും എളുപ്പമായി വരുന്നു. അതിനാൽ ബുദ്ധിമാനായ ഒരുവൻ തെറ്റായ അവകാശവാദങ്ങൾ ഉപേക്ഷിയ്ക്കുകയും തന്റെ കള്ളത്തരം പുറത്തുവരുമെന്ന് ഭയപ്പെട്ട് അതിൽ നിന്നു ഒഴിഞ്ഞിരിയ്ക്കുകയും ചെയ്യുന്നു.

യാതൊരുത്തനും അവകാശപ്പെടാൻ കഴിയാത്ത കാര്യങ്ങളാണ് യേശുക്രിസ്തു അവകാശപ്പെടുന്നത്. ഈ അവകാശവാദങ്ങളെല്ലാം സത്യവും പരമോന്നതവുമാണെങ്കിൽ യേശുക്രിസ്തുവാണ് നേതാക്കന്മാരുടെ രാജാവ്. ക്രിസ്ത്യാനിത്വത്തിന്റെ അവകാശവാദങ്ങളെ തെളിയിക്കുവാൻ ക്രിസ്തുവിന്റെ ജീവിതം പരിശോധിച്ചാൽ മതിയാകും. താൻ തന്നെ പറഞ്ഞു :

**"അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം. മുള്ളുകളിൽനിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിയ്ക്കുമാറുണ്ടോ?" (മത്തായി 7:16).**

കൂട്ടുകാരുടെ വിവരണങ്ങളോ എതിരാളികളുടെ വിമർശനങ്ങളോ കൂടാതെ ക്രിസ്തുവിന്റെ വാക്കുകളാലും പ്രവൃത്തികളാലും നമുക്കു അവന്റെ യഥാർത്ഥ മഹത്വത്തെപ്പറ്റി തീരുമാനിയ്ക്കുവാൻ സാധിയ്ക്കും.

ക്രൂരനും റോമാഗവർണ്ണറുമായ പീലാത്തോസിന്റെ അടുക്കൽ ക്രിസ്തു ഗലീലക്കാരനായ വെറും ഒരു ഗുരുവായിരുന്നപ്പോൾ അവനെ ക്രൂശിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് അവന്റെ എതിരാളികളായ യഹൂദമതനേതാക്കൾ അവനെ കൊണ്ടുവന്നു. ക്രിസ്തുവിനെ ശരിയ്ക്കു വിസ്തരിച്ചു പരിശോധിച്ചശേഷം പീലാത്തോസ് ക്രിസ്തുവിന്റെ നിഷ്ക്കളങ്കതയെ പ്രഖ്യാപിച്ചുകൊണ്ട് കുറ്റം ചുമത്തുന്നവരോടു പറഞ്ഞു, "ഞാൻ ഈ മനുഷ്യനിൽ കുറ്റം ഒന്നും കാണുന്നില്ല" (ലൂക്കൊസ് 23:4).

അവർ അത്രമാത്രം നിർബന്ധിച്ചതിനാൽ ഗവർണ്ണർ വിസ്താരം ആവർത്തിച്ചതിനുശേഷം ഈ വിധി പ്രസ്താവിച്ചു:

**"പിലാത്തോസ് മഹാപുരോഹിതന്മാരെയും പ്രമാണികളേയും ജനത്തേയും വിളിച്ചുകൂട്ടി. അവരോടു: ഈ മനുഷ്യൻ ജനത്തെ മത്സരിപ്പിയ്ക്കുന്നു എന്നു പറഞ്ഞു നിങ്ങൾ അവനെ എന്റെ അടുക്കൽ കൊണ്ടുവന്നുവല്ലോ; ഞാനോ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തിയ കുറ്റമൊന്നും ഇവനിൽ കണ്ടില്ല; ഹെരോദാവും കണ്ടില്ല; അവൻ അവനെ നമ്മുടെ അടുക്കൽ മടക്കി അയച്ചുവല്ലോ; ഇവൻ മരണയോഗ്യമായതൊന്നും പ്രവർത്തിച്ചിട്ടില്ല സ്പഷ്ടം" (ലൂക്കൊസ് 23:13–15).**

യേശു നിഷ്ക്കളങ്കനാണെന്ന് പീലാത്തോസിന്റെ ഭാര്യ സ്വപ്നം കണ്ടിട്ട് ആളയച്ച്, "ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുതു" എന്ന് പീലാത്തോസിനു മുന്നറിയിപ്പു നൽകിയിരുന്നു (മത്തായി 27:19); അതിനാൽ പീലാത്തോസ് പുരുഷാരത്തോടു മൂന്നു പ്രാവശ്യം, "മരണയോഗ്യമായത് യാതൊന്നും ഞാൻ അവനിൽ കണ്ടില്ല" എന്നു പറഞ്ഞു (ലൂക്കൊസ് 23:22). അവസാനം മനസ്സില്ലാമനസ്സോടെ യഹൂദന്മാരുടെ ആവശ്യത്തിനുവഴങ്ങി അവനെ ക്രൂശിക്കുന്നതിനായി ഏല്പിച്ചുകൊടുത്തു. എന്നിരുന്നാലും തന്റെ കലങ്ങിയ മനസ്സ് ശാന്തമാക്കുന്നതിനായി അവസാനം (ഒരു പ്രാവശ്യം കൂടെ) പുരുഷാരം കാൺകെ കൈ കഴുകിക്കൊണ്ടു പറഞ്ഞു, "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റമില്ല; നിങ്ങൾ തന്നെ നോക്കികൊൾവിൻ" (മത്തായി 27:24).

ക്രിസ്തുവിനെ പീലാത്തോസ് വിസ്തരിച്ചപ്പോൾ അവൻ നിരപരാധിയും നിഷ്ക്കളങ്കനുമാണെന്ന് മനസ്സിലായി. പീലാത്തോസും അവന്റെ ഭാര്യയും ക്രിസ്തു നിഷ്ക്കളങ്കനാണെന്ന് അവിടുത്തെ അന്ത്യനാളുകളിൽ വിധിച്ചതു തന്നെ ക്രിസ്തുവിന്റെ വ്യക്തിത്വത്തെപ്പറ്റി അറിയുന്നതിന്

അത്യാവശ്യമായ ഒരു ഘടകമാണ്. പരിഷ്കൃത രാജ്യങ്ങൾ എല്ലാം തന്നെ അവരുടെ ഈ വിധിയെ പിന്താങ്ങുന്ന തായി കാണാവുന്നതാണ്. യെഹൂദന്മാരും, മുസ്ലീമുകളും, ജാതികളും, വിഗ്രഹാരാധികളും, നിരീശ്വരവാദികളും യേശുക്രിസ്തു നിഷ്ക്കളങ്കനും നീതിമാനുമെന്ന് ഏകക ണ്ഠമായി പ്രസ്താവിക്കുന്നു.

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെപ്പറ്റിയുള്ള ആളു കളുടെ വിവിധവും അസ്ഥിരവുമായ നിഗമനത്തിന് എന്താണ് താത്ത്വികമായ വിശകലനം കൊടുക്കുന്നത്? ക്രിസ്തുവിന്റെ പരിശുദ്ധിയുടെയും സത്യസന്ധതയുടെ യും ലോകത്തിന്റെ ന്യായവിധി നമുക്കു എങ്ങനെ താഴെ പ്പറയുന്നവയുമായി പൊരുത്തപ്പെടാം.:

1. തന്നെപ്പറ്റിതന്നെയുള്ള ക്രിസ്തുവിന്റെ അവകാശവാദ ങ്ങൾ.
2. അവൻ ചെയ്ത കാര്യങ്ങൾ.
3. അവനെപ്പറ്റി പറഞ്ഞതും അവനോടു ചെയ്തതുമായ കാര്യങ്ങൾ.

ഒരുവൻ തനിയ്ക്കില്ലാത്ത അസാധാരണ ഗുണവി ശേഷങ്ങളെപ്പറ്റി അവകാശപ്പെട്ടാൽ അതു ശുദ്ധ വ്യാജവും, മഠയത്തരവും, ഭ്രാന്തുമാണെന്നു നമ്മൾ എല്ലാവരും സമ്മതി യ്ക്കും. തീർച്ചയായും സ്വാഭാവികമായി ഈ കാര്യങ്ങളിൽ ക്രിസ്തുവിനെ കുറ്റം പറയാൻ നമുക്കാർക്കും സാധ്യമല്ല.

പ്രവാചകന്മാരും ശിഷ്യന്മാരും അവരുടെ സദാചാരം മൂലം കൂടുതൽക്കൂടുതൽ സ്വഭാവ ശ്രേഷ്ഠരാകുന്തോറും അത്യധികം വിനയാന്വിതരായിത്തീരും എന്നതു വ്യക്തമാണ്. ശ്രേഷ്ഠഗുണങ്ങളിൽ ഒന്നാണ് താഴ്മ(വിനയം). നമ്മുടെ തെറ്റുകളെ സ്വയം സമ്മതിയ്ക്കുന്നതു വളരെ പ്രാധാന്യ മുള്ളതാണ്. അവന്റെ ധാർമ്മികത്വം മനസ്സാക്ഷിയെ ഉന്ന

തമാക്കുന്നു. ഉദാഹരണമായി പരിഷ്കൃതർ മലിനമെന്നു കരുതുന്ന പരിസ്ഥിതികളിൽ അപരിഷ്കൃതർ സുഖമായി വസിക്കുന്നു. ഏറ്റവും സൽസ്വഭാവികളല്ലാത്ത ആളുകൾ യഥാർത്ഥത്തിൽ നല്ലവനായ ആളിനോടു തുടരെത്തുടരെ ക്ഷമായാചനത്തിനു കാരണമായ രീതിയിൽ പെരുമാറുന്നു. പത്രോസ്, പൗലോസ്, മോശെ, ദാനിയേൽ മുതലായ വലിയ അപ്പൊസ്തലന്മാരും പ്രവാചകന്മാരും പാപം ഏറ്റു പറഞ്ഞു കരുണയ്ക്കായി യാചിച്ചതായും പ്രാർത്ഥിച്ച തായും വേദപുസ്തകത്തിൽ കാണുന്നു. ഇത് അവരുടെ ആത്മാർത്ഥതയേയും അവർ പൂർണ്ണരല്ലാ എന്ന വസ്തു തയേയും കാണിയ്ക്കുന്നു. എന്നാൽ മറ്റെല്ലാ നല്ല ആളു കളിൽ നിന്നും ക്രിസ്തു വ്യസ്തനായിരുന്നു. ഈ വ്യത്യാസം ക്രിസ്തു ആരാണെന്നുള്ള ചോദ്യത്തിനു ശരി യായ ഒരു ഉത്തരവും തക്കതായ വിവരണവും അർഹി ക്കുന്നു.

മൂന്നു സംവത്സരങ്ങൾ മുഴുവനും രാവും പകലും അവനോടുക്കൂടി നടന്നവരാണ്, യേശു പരിപൂർണ്ണനാ ണെന്ന് പ്രഖ്യാപിച്ചത് എന്ന് ഒരുവൻ ഓർക്കേണ്ടതുണ്ട്. അവർ അവനെ വളരെ അടുത്ത് അറിഞ്ഞിരുന്നു. അവർ പരാജയങ്ങളും തെറ്റുകളും മറച്ചു വയ്ക്കുന്നവരും അവ യെപ്പറ്റി മൗനം അവലംബിക്കുന്നവരും അല്ലായിരുന്നു. നേരെമറിച്ച് ക്രിസ്തുവിന്റെ ജീവിതത്തെ വിവരിക്കു മ്പോഴും അവന്റെ പൂർണ്ണതയെ എടുത്തുകാണിയ്ക്കു കയും ചെയ്യുമ്പോൾ അവരുടെ സ്വന്തം അപാകതകളേയും കുറ്റങ്ങളേയും കുറിച്ച് പറയുകയും ചെയ്തിരുന്നു. ഇതു അവരുടെ ആത്മാർത്ഥതയ്ക്കും ബുദ്ധിക്കും നീതിക്കും തക്ക തെളിവുകളും ക്രിസ്തുവിനെക്കുറിച്ചുള്ള അവരുടെ സാക്ഷ്യം ഏറ്റവും കൂടുതൽ ആദരവോടും ശ്രദ്ധയോ ടും കൂടി കണക്കാക്കണമെന്നതിന് തക്ക കാരണവുമാ കുന്നു.

കഴിഞ്ഞകാലത്തേപ്പോലെ തന്നെ ഇക്കാലത്തും ക്രിസ്തീയത്വം ഏറ്റവും കൈപ്പേറിയ എതിർപ്പുകളേയും ശക്തികളേയും അതിജീവിച്ചു തഴച്ചുവളർന്നത് അതിശ യകരമായിരിക്കുന്നു. അതിന്റെ ശത്രുക്കൾ അതിനെ തരം താഴ്ത്തുന്നതിനും, ദുർബ്ബലപ്പെടുത്തുന്നതിനും, നശിപ്പി ക്കുന്നതിനും ആഗ്രഹിച്ചു. ബേത്ലഹേമിൽ ശിശുവായ യേശുവിനെ കൊല്ലാൻ ഹെരോദാവ് ശ്രമിച്ചതു മുതൽ ഹെരോദാവിനെപ്പോലെ അതേ ഉദ്ദേശത്താൽ ക്രിസ്ത്യാ നിത്വത്തിന്റെ ശത്രുക്കൾ ക്രിസ്തുവിന്റെ സഭയോടും സഭ യുടെ ഉപദേശങ്ങളോടും പൊരുതുന്നതു അവസാനിപ്പി ച്ചിട്ടില്ല. അപ്പൊസ്തലന്മാരുടെ കാലം മുതൽക്കു തന്നെ ക്രിസ്തുവിന്റെ ഉപദേശങ്ങളോടും ക്രിസ്തീയ മതത്തോ ടുമുള്ള എതിർപ്പു ആരംഭിച്ചിരുന്നു എന്ന് ചിന്താശാലി യായ ഏതൊരു അന്വേഷകനും വളരെ വ്യക്തമായി മന സിലാക്കാം. ഈ എതിർപ്പുകൾ ആദ്യം മരവിച്ചു കിടന്നു വെങ്കിലും അവ തലമുറതലമുറയായി കൂടുതൽ രൂക്ഷ മായി മാറുകയുണ്ടായി. എങ്കിലും ഈ വിമർശനങ്ങളിൽ ചിലത് തീരെ അപഹാസ്യമായിരുന്നതിനാൽ അവ വ്യക്ത മായ തെളിവുകളുടെ മുന്നിൽ ആരംഭത്തിൽ തന്നെ നിഷ്പ്രഭമായിത്തീരുകയും ചെയ്തു. എതിർത്തവരും പ്രതിപക്ഷനേതാക്കളും തങ്ങൾ ക്രിസ്തീയ മതത്തിന്റെ അടിസ്ഥാനം നശിപ്പിച്ചു എന്നും അതിന്റെ പതനം തങ്ങ ളുടെ കണ്മുമ്പിൽ വെച്ചുതന്നെ സംഭവിക്കുമെന്നും വീമ്പി ളക്കി. വിശുദ്ധ വേദപുസ്തകം അവിശ്വസനീയമാണെന്നും അതിന്റെ സുപ്രധാന ഉപദേശങ്ങളെ ജനങ്ങൾ തള്ളിക്ക ളഞ്ഞെന്നും അവർ വാദിച്ചു. എങ്കിലും ക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള സുവിശേഷസത്യങ്ങൾ എല്ലാ പരീക്ഷകളേയും അതിജീവിച്ചു സ്ഥിരമായി നിലകൊള്ളു കതന്നെ ചെയ്തു.

ക്രിസ്തു തന്റെ പ്രാർത്ഥനയിൽ ഇപ്രകാരം പറഞ്ഞു "ഏകസത്യദൈവമായ നിന്നേയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനേയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു (യോഹന്നാൻ 17.3). അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു "അത്രയുമല്ലാ എന്റെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതമെന്ന് എണ്ണുന്നു" (ഫിലിപ്പിയർ 3:8). താൻ എഴുതിയ സുവിശേഷത്തിൽ അപ്പൊസ്തലനായ യോഹന്നാൻ ക്രിസ്തുവിനെ കുറിച്ച് ഏറ്റവും മഹനീയമായ ഒരു ചിത്രീകരണം നൽകുന്നു. "എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു (യോഹന്നാൻ 20:31).

പൂർണ്ണമനുഷ്യൻകൂടിയായ ഈ അതുല്യരക്ഷകനിൽ എല്ലാവരും വ്യക്തിപരമായി തങ്ങളുടെ വിശ്വാസം അർപ്പിച്ചിരുന്നെങ്കിൽ എത്ര നല്ലതാകുമായിരുന്നു.

ക്രിസ്തുവിന്റെ നാമത്തിലുള്ള വിശ്വാസമാണ് അതിന്റെ ഉടമസ്ഥന് നിത്യജീവൻ വാഗ്ദാനം ചെയ്യുന്നത്. ആ ക്രിസ്തുവിനെപ്പറ്റി അപ്പൊസ്തലനായ പൗലോസ് പറഞ്ഞിരിയ്ക്കുന്നു:

> ***"അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും"***
>
> ***(ഫിലിപ്പിയർ 2:9-11).***

# III

# ക്രിസ്തുവിന്റെ ചരിത്രകഥയുടെ ഉറവിടങ്ങൾ

ക്രിസ്തുവിന്റെ ജീവചരിത്ര യാഥാർത്ഥ്യങ്ങൾക്കു നാലു ഉറവിടങ്ങളുണ്ട്. ഇവ മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ നാലു സുവിശേഷകന്മാരാൽ രചിയ്ക്കപ്പെട്ട ലേഖനങ്ങളാണ്. 'യൂവാൻഗെലിസോ' എന്നതു ഗ്രീക്കുപദമാണ്. അറബിഭാഷയിൽ 'ഇൻജീൽ' എന്നാണ് ഇതു വിവർത്തനം ചെയ്തിരിക്കുന്നതു. അതിനു 'സദ്വർത്തമാനം' എന്നർത്ഥം. ഇതു ക്രിസ്തുവിന്റെ ഉപദേശരൂപത്തിലും ക്രിസ്തുവിൽകൂടിയുള്ള രക്ഷയുടെ സദ്വാർത്ത എന്ന അർത്ഥത്തിലും ആദ്യമായി ഉപയോഗിക്കപ്പെട്ടു. ഇതു ക്രിസ്തുവിന്റെ ജീവിതത്തെയും അതിൽ ലയിച്ചു ചേർന്നിരിക്കുന്ന ദൂതിനേയും കാണിക്കുന്നു.

ആദ്യകാലങ്ങളിൽ ഈ സദ്വർത്തമാനം എന്നത് ഒരു ഗ്രന്ഥത്തെ അല്ല അർത്ഥമാക്കിയത്. പ്രത്യുത അതു ഒരു ഉപദേശവും അതിന്റെ പ്രേഷണവും ആയിരുന്നു. അതു എഴുതപ്പെടുന്നതിനുമുമ്പ് അപ്പൊസ്തലന്മാരുടെയും അവരുടെ ശിഷ്യന്മാരുടെയും വാമൊഴിയാൽ റോമാസാമ്രാജ്യം മുഴുവൻ വ്യാപിച്ചിരുന്നു. കർത്താവായ യേശുക്രിസ്തു ഒരു സുവിശേഷവും എഴുതിയിട്ടില്ല. അവൻ തന്റെ ശിഷ്യന്മാരോട് അതു എഴുതാനാവശ്യപ്പെട്ടിട്ടുമില്ല. ക്രൈസ്തവ വെളിപ്പാട് ശിഷ്യന്മാർക്കു ആക്ഷരികമായി കിട്ടിയ പുസ്തകമല്ല, പിന്നെയോ, ജീവിക്കുന്നവനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടാണ്. അതു യേശുക്രിസ്തു തന്നെ ആണ്. അപ്പൊസ്തലനായ പൗലോസ് ഇപ്രകാരം പറഞ്ഞു:

*"ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളി ചെയ്തിട്ട് ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു"*

*(എബ്രായർ 1:1,12).*

ഈ പുത്രൻ ദൈവവചനം തന്നെയാണ്. അപ്പൊസ്തലനായ യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ, "ആദി മുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈയ് തൊട്ടതും ആയ ജീവന്റെ വചനം" യേശുക്രിസ്തു ആണെന്ന് അപ്പൊസ്തലന്മാർ ലോകത്തോട് പ്രഖ്യാപിച്ചതായും പറഞ്ഞിരിയ്ക്കുന്നു (1 യോഹന്നാൻ 1:1). അങ്ങനെ രക്ഷയുടെയും പ്രത്യാശയുടെയും ദൂതായ സദ്വാർത്തകൊണ്ട് അവർ ലോകത്തെ സുവിശേഷീകരിച്ചു. ക്രിസ്തുവിന്റെ ജീവചരിത്രം തിരുത്തപ്പെടുന്നതിനോ മായം ചേർക്കപ്പെടുന്നതിനോ സാധ്യമല്ലാത്തവിധം രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത ക്രിസ്തീയ നേതാക്കന്മാർക്കു ബോധ്യപ്പെട്ടു. അപ്പൊസ്തലന്മാർ ക്രിസ്തുവിനു ദൃക്സാക്ഷികൾ ആയിരുന്നതിനാൽ അവർ വിശ്വസിച്ചതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ മറ്റുള്ളവരോടു പറയുന്നതിനുമുമ്പായി തങ്ങളുടെ അനുഭവങ്ങൾ രേഖപ്പെടുത്തേണ്ടതു അവർക്ക് അനിവാര്യമായിരുന്നു. അങ്ങനെ പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ബൈബിളിൽ ഇന്നു നാം കാണുന്ന നാലു സാക്ഷ്യപത്രങ്ങൾ ചില ആളുകൾ സൂക്ഷിച്ചുവെച്ചു. എന്നാൽ സുവിശേഷം ഒന്നുമാത്രമേയുള്ളൂ - ക്രിസ്തു. ആ 'സദ്വാർത്ത' ക്രിസ്തു ദേഹരൂപത്തിൽ വന്ന് കൊണ്ടുവന്ന് പഠിപ്പിച്ചതുമായ ആ സദ്വർത്തമാനം 'സുവിശേഷം' എന്ന ഏകവചനത്തിലാണ് ബൈബിളിൽ എവിടെയും ഉപയോഗിച്ചിരിയ്ക്കുന്നതു. എന്നാൽ

അതു നമുക്കു ലഭിച്ചത് നാലു ലിഖിതങ്ങളിൽ കൂടി ആണ്. ഇവ നാലും വിഷയത്തിലും, ആശയത്തിലും, സത്തായി ഒന്നുതന്നെയാണ്. അങ്ങനെ ഉപദേശം ഒന്നേ ഉള്ളു എങ്കിലും മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്ന നാലു എഴുത്തുകാരാൽ വിരചിതമായിരിയ്ക്കുന്നു. മത്തായിയും യോഹന്നാനും ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽപ്പെട്ടവരായിരുന്നു. മർക്കൊസ് പത്രൊസിന്റെ ശിഷ്യനും ലൂക്കൊസ് പൗലൊസിന്റെ ശിഷ്യനും ആയിരുന്നു. മർക്കൊസും ലൂക്കൊസും അപ്പൊസ്തലന്മാരായ പത്രോസിന്റേയും പൗലോസിന്റെയും മേൽനോട്ടത്തിൽ എഴുതി. മത്തായി തന്റെ ജനമായ യഹൂദന്മാർക്കായി സംഭവങ്ങൾ അടുക്കായി പ്രതിപാദിയ്ക്കുന്നു. അവൻ പഴയനിയമ പ്രവചനങ്ങളിൽ കൂടുതൽ താല്പര്യം കാണിച്ച് ആ പ്രവചനങ്ങൾ യേശുക്രിസ്തുവിൽ എങ്ങനെ നിവർത്തിയ്ക്കപ്പെട്ടു എന്നു പ്രസ്താവിച്ചിരിയ്ക്കുന്നു. റോമാ പശ്ചാത്തലത്തിലുള്ള ക്രിസ്ത്യാനികൾക്കുവേണ്ടി റോമിൽ വെച്ച് മർക്കൊസ് തന്റെ സുവിശേഷം എഴുതി. റോമാക്കാർ വിലമതിച്ചിരുന്നു ക്രിസ്തുവിന്റെ ശക്തിയേയും മഹത്വത്തേയും അവൻ എടുത്തുകാട്ടിയ വനപാരമ്പര്യത്തിൽ നിന്നു വന്ന ക്രിസ്ത്യാനികൾക്കായിട്ടാണ് ലൂക്കൊസ് തന്റെ സുവിശേഷം എഴുതിയത്. അവൻ ഹൃദയത്തേയും ഇച്ഛാശക്തിയേയും പറ്റി ഊന്നി പറഞ്ഞു, എന്തുകൊണ്ടെന്നാൽ ഈ വകകൊണ്ടാണ് ദൈവസ്നേഹവും മനുഷ്യന്റെ പൂർണ്ണതയും വെളിപ്പെടുന്നത്. “കരുണയുടെ സുവിശേഷം” (സന്ദേശം) എന്നപേരിലാണ് ഈ ലിഖിതം അറിയപ്പെടുന്നത്. ക്രിസ്തീയ സന്ദേശം വ്യാപിച്ചതിനുശേഷമാണ് ഇതു എഴുതപ്പെട്ടത്. ക്രിസ്തീയോപദേശങ്ങളിൽ കടന്നുക്കൂടിയ ചില തെറ്റായ ധാരണകൾ, ആശയങ്ങൾ, പ്രശ്നങ്ങൾ മുതലായവയെ ആസ്പദമാക്കിയുള്ള വിശദീകരണങ്ങൾ നല്കാനാണ് ലേഖകൻ ഇതെഴുതിയത്.

# മത്തായി എഴുതിയ സുവിശേഷം

**"അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി"**

**(മത്തായി 1:1).**

ക്രിസ്തുവിന്റെ പന്ത്രണ്ടുശിഷ്യന്മാരിൽ ഒരുവനായ മത്തായി യെഹൂദാ വിശ്വാസികൾക്കായി ഈ സുവിശേഷം എഴുതി. യേശുക്രിസ്തുവിന്റെ ഐഹിക ജീവചരിത്രം ഒറ്റപ്പെട്ട ഒരു സംഭവമായിട്ടല്ല, മറിച്ച്, പുരാതന കാലം മുതൽ പ്രവചിയ്ക്കപ്പെട്ട പ്രാവചനികവും ചരിത്ര സംബന്ധവുമായ സംഭവശൃംഖലകളുടെ ക്രമീകൃതമായ പൂർത്തീകരണവും നിവൃത്തിയുമായിട്ടാണ് സസൂക്ഷ്മം ഇതിൽ ചിത്രീകരിച്ചിരിയ്ക്കുന്നത്. അതു അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള പുസ്തകമാണ്. മത്തായി വീണ്ടും വീണ്ടും പഴയനിയമപ്രവചനങ്ങൾ ക്രിസ്തുവിൽ എങ്ങനെ പൂർത്തീകരിക്കപ്പെട്ടു എന്നു കാണിയ്ക്കുന്നു. സകല നീതിയും നിവർത്തിച്ചതു ക്രിസ്തു മാത്രമാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ മോശെയുടെയും പ്രവാചകന്മാരുടെയും എഴുത്തുകളിൽ കാണുന്ന ദൈവവചനവെളിപ്പാടുകൾ ക്രിസ്തുവിൽ നിവൃത്തിയായി. അബ്രഹാമിനും അവന്റെ സന്തതിയ്ക്കുമുള്ള ദൈവീക വാഗ്ദത്തം ക്രിസ്തുവിൽ നിറവേറ്റപ്പെട്ടതായി പഴയനിയമത്തിൽ നിന്നും 75 വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് മത്തായി സമർത്ഥിക്കുന്നു. വരുവാനുള്ള മശിഹ, യെരുശലേം ആസ്ഥാനമാക്കിയുള്ള രാഷ്ട്രീയ രാജ്യം സ്ഥാപിയ്ക്കുമെന്നുള്ള യഹൂദന്മാരുടെ വീക്ഷണത്തെ തിരുത്തികൊണ്ട് സ്വർഗ്ഗരാജ്യം സ്ഥാപിക്കുന്നതിന്റെ അടിസ്ഥാനമിടുവാനാണ് മശിഹാ വന്നതെന്ന് മത്തായി വ്യക്തമാക്കുന്നു.

# മർക്കൊാസ് എഴുതിയ സുവിശേഷം

**"ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (മർക്കൊാസ് 1:1)**

മർക്കൊാസ് പന്ത്രണ്ട് പേരിൽ ഒരാളായിരുന്നില്ല. നാലു സുവിശേഷരേഖകളിലും അവന്റെ പേർ കാണുന്നില്ല. തന്റെ എബ്രായ പേര് 'യോഹന്നാൻ' എന്നും യവന പേര് 'മർക്കൊാസ്' എന്നുമായിരുന്നു. മർക്കൊാസ് എന്നതു റോമൻഭാഷയിലെ പേരുമാകാം. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം കുറെ വർഷങ്ങൾ കഴിഞ്ഞാണ് തന്റെ പേർ കാണപ്പെടുന്നത്. മറിയ എന്ന ഒരു സ്ത്രീയുടെ മകനായിരുന്നു മർക്കൊാസ്–ഈ മറിയയും ക്രിസ്തുവിൽ വിശ്വസിച്ചിരുന്നു. (അപ്പൊ. പ്രവൃത്തികൾ 12:12). ബർന്നബാസിന്റെ സഹോദരി ആയിരുന്നു അവൾ. കുപ്രോസ്കാരനും ലേവിഗോത്രത്തിൽ പിറന്നവനും സുപ്രസിദ്ധ പ്രസംഗകനുമായിരുന്നു ബർന്നബാസ്. അപ്പൊസ്തലനായ പത്രൊസ് മർക്കൊാസിനെ "എന്റെ മകൻ" എന്നു സംബോധന ചെയ്തിട്ടുണ്ട് (1 പത്രൊസ് 5:13). പത്രൊസ് മുഖാന്തിരം വിശ്വാസി ആയിതീർന്നു എന്ന് ഇതു ചൂണ്ടിക്കാണിയ്ക്കുന്നു. ആദിമ സഭാപിതാക്കന്മാരുടെ എഴുത്തുകൾ എല്ലാം തന്നെ മർക്കൊാസ് പത്രൊസിന്റെ ശിഷ്യനായിരുന്നുവെന്നും ഈ സുവിശേഷം താൻ പത്രൊസിന്റെ മേൽനോട്ടത്തിൽ എഴുതിയതാണെന്നും കാണിയ്ക്കുന്നു. അതുകൊണ്ടാണ് പത്രൊസ് തന്റെ പേർവെച്ച് സുവിശേഷം എഴുതാതിരുന്നത്.

മർക്കൊാസ് സുവിശേഷത്തിന്റെ പ്രാരംഭത്തിൽ നാം ഇപ്രകാരം വായിക്കുന്നു.**"ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം"** എന്ന്. അതു നമുക്ക് കാണിച്ചു തരുന്നത് ക്രിസ്തുവിന്റെ ചരിത്രമാണ് സുവിശേഷം എന്നാണ്. ആ മൂന്ന് വിധ സദ് വർത്തമാനം

മുഖവുരയിലുള്ള ത്രിത്വനാമധേയങ്ങളിൽ കാണുന്നു. ദൈവ പുത്രനായ യേശുക്രിസ്തു- ഒന്നിൽ മൂന്നായി കാണുന്ന ഈ നാമം താഴെ പറയുന്ന പ്രകാരം വിശദീകരിച്ചിരിക്കുന്നു.

**യേശു:** ക്രിസ്തുവിന് ഈ പേര് ഗബ്രിയേൽ ദൂതനാൽ നല്കപ്പെട്ടു. അതിന്റെ അർത്ഥം 'രക്ഷകൻ' എന്നാണ്. അവന്റെ ജനനത്തിനു തൊട്ടുമുമ്പേ ദൂതൻ ആ പേര് സ്ഥിരീകരിക്കുകയും അതിന്റെ അർത്ഥം വെളിപ്പെടുത്തു കയും ചെയ്തു. "അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാ നിരിക്കകൊണ്ട് നീ അവന് യേശു എന്ന പേർ ഇടേണം എന്നു പറഞ്ഞു(മത്തായി 1:21). അവന്റെ രക്ഷ നിത്യമാ യിട്ടുള്ള ഒന്നാണ്; അഥവാ ശാശ്വതമായിട്ടുള്ളതാണ്.

**ക്രിസ്തു:** യേശു ആണു ക്രിസ്തു. കാരണം അവനാണ് ആദ്യം മുതൽ വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള ദാവീദിന്റെ സന്തതി ദൈവം അവനെ പ്രവാചകനും പുരോഹിതനും രാജാവുമായി അഭിഷേകം ചെയ്തു. കാലാകാലങ്ങളിലായി പ്രവാചകന്മാർക്കും ഗോത്രപിതാക്കന്മാർക്കുമായി നല്ക പ്പെട്ട വിലയേറിയ വാഗ്ദാനത്തിന്റെ പൂർത്തീകരണം(നി വൃത്തീകരണം) ആയി അവൻ ലോകത്തിലേയ്ക്ക് അയ ക്കപ്പെട്ടു.

**ദൈവപുത്രൻ:** അവൻ യഥാർത്ഥത്തിൽ ദൈവപുത്രനാ ണ്. എന്തെന്നാൽ അവന്റെ രാജപദവി അവന് മനുഷ്യ നിൽ നിന്നും ലഭിച്ചതല്ല, പ്രത്യുത, ഒരു ദൈവദൂതൻ മുഖാ ന്തരം ഉണ്ടായ ദൈവീക വെളിപ്പാടിനാലാണ്. ദൈവദൂ തൻ കന്യാമറിയയോടു പ്രഖ്യാപിച്ചതും "അവൾ അത്യു ന്നതനായ ദൈവത്തിന്റെ പുത്രനു ജന്മം നല്കും. കർത്താ വായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാ സനം അവനു കൊടുക്കും." (ലൂക്കൊസ് 1:32) സാധാര

ണഗതിയിൽ അസംഭവ്യമായ ഈ സംഗതിയുടെ നിജ സ്ഥിതി മറിയ ചോദിച്ചപ്പോഴാണ് ഗബ്രിയേൽ തന്റെ പ്രഖ്യാപനം ആവർത്തിച്ചു ഉറപ്പുകൊടുത്തത്. ക്രിസ്തുവിന്റെ വരവിനെക്കുറിച്ചല്ലാതെ 'സുവിശേഷം' എന്ന തലക്കെട്ടു കൊടുക്കുവാൻ അർഹമായ ഒരു വാർത്തയും ഇന്നേവരെ ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. അവനാണ് യഥാർത്ഥ സുവിശേഷം. ക്രസ്തുവിന് 700 വർഷങ്ങൾക്കുമുമ്പ് യെശയ്യാ പ്രവാചകൻ അവനെപ്പറ്റി ഇപ്രകാരം പറഞ്ഞതിൽ അതിശയമില്ലാ.

**"എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിയ്ക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിയ്ക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലുംബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും ദുഖിതന്മാരെ ഒക്കെയും ആശ്വസിപ്പിപ്പാനും........എന്നെ അയച്ചിരിക്കുന്നു"**

**(യെശയ്യാവ് 61;1,2)**

ബേത്‌ലഹെമിനടുത്തുള്ള ആട്ടിടയരോടു അവന്റെ ജനനത്തെ പ്രഖ്യാപിക്കുമ്പോൾ ദൈവദൂതൻ ഇപ്രകാരം പറഞ്ഞതിൽ അത്ഭുതമില്ല.

**"ഭയപ്പെടേണ്ടാ സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു (ലൂക്കൊസ് 2:10).** യേശുക്രിസ്തുവിനെക്കുറിച്ച് അറിയേണ്ട കാര്യങ്ങളുടെ രത്നചുരുക്കം മർക്കൊസ് എഴുതിയ സുവിശേഷത്തിന്റെ ഈ ലഘുമുഖവുരയിൽനിന്ന് നമുക്കു ലഭിക്കുന്നു.

# ലൂക്കൊാസ് എഴുതിയ സുവിശേഷം

***"ശ്രീമാനായ തെയോഫിലോസേ, ആദിമുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷക്കാരുമായവർ നമ്മെ ഭരമേല്പിച്ചതുപോലെ, നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചു വരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമെപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ട് നിനക്ക് ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന് അതു ക്രമമായി എഴുതുന്നതു നന്നെന്ന് ആദിമുതൽ സകലവും സൂഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിയ്ക്കുന്നു."***

***(ലൂക്കൊാസ് 1:1–4)***

മർക്കൊാസിനെപ്പോലെ സുവിശേഷകനായ ലൂക്കോസിന്റെ പേരും നാലു സുവിശേഷ ലിഖിതങ്ങളും കാണുന്നില്ല. എന്നാൽ അവനെക്കുറിച്ചുള്ള ചില പരാമർശങ്ങൾ തന്റെ രണ്ടാമത്തെ ലേഖനമായ അപ്പൊസ്തലപ്രവർത്തനങ്ങളിൽ താൻ പൗലോസിനെ തന്റെ ചില മിഷനറി യാത്രകളിൽ അനുഗമിച്ചിരുന്നു എന്നതിൽനിന്നും ഗ്രഹിക്കാവുന്നതാണ്. സഭകൾക്കെഴുതിയ ഒരെഴുത്തിൽനിന്നും അവൻ ഒരു വാത്സല്യവൈദ്യൻ-വൈദ്യനായ പ്രിയ ലൂക്കൊാസ്-എന്നു അറിയുന്നു (കൊലൊസ്യർ 4:14). അവന്റെ ഗ്രീക്ക് ഭാഷാശൈലി ശുദ്ധമായതുകൊണ്ട് അവൻ ഉന്നതവിദ്യാഭ്യാസമുള്ളവനാണെന്ന് തെളിയുന്നു. ക്രിസ്തുവിൽ വിശ്വാസിയും സ്നേഹിതനുമായ തെയോഫിലോസിനുള്ള ഒരു ചെറിയ ദൂതാണ് ഇതിന്റെ മുഖവുര. തെയോഫിലോസിന്റെ പുതുവിശ്വാസത്തെ ഉറപ്പിക്കുന്നതിനാണ് ഈ സുവിശേഷം ലൂക്കൊാസ് എഴുതുന്നതെന്ന് വ്യക്തമാണ്.

അവൻ വലിയ ശ്രദ്ധയോടുകൂടി ശരിയ്ക്കും എല്ലാമാരാഞ്ഞതിനുശേഷമാണ് ക്രിസ്തുവിനെക്കുറിച്ചുള്ള ഈ ലേഖനം എഴുതിയതെന്ന് ഉറപ്പുകൊടുക്കുന്നു. "നിനക്കു ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതതിനു(ലൂക്കൊസ് 1:3) എന്ന് അവൻ പറഞ്ഞു.

## യോഹന്നാൻ എഴുതിയ സുവിശേഷം

**"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടി ആയിരുന്നു: വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു." (യോഹന്നാൻ 1:1-4)**

നാലാമത്തെ സുവിശേഷകനായ അപ്പൊസ്തലനായ യോഹന്നാൻ, മുമ്പ് അവൻ യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്നു. യേശുക്രിസ്തുവിനെ അനുഗമിച്ച ആദ്യത്തെ രണ്ടുപേരിൽ ഒരുവൻ. "യേശു സ്നേഹിച്ച ശിഷ്യൻ" എന്ന പദവി ലഭിച്ചവനാണ് അവൻ. (യോഹന്നാൻ 13,23) അവൻ ഒരു മുക്കുവൻ ആയിരുന്നെങ്കിലും ദരിദ്രനല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അവന്റെ പിതാവായ സെബദിക്ക് സ്വന്തമായി ബോട്ടുകളും വേലക്കാരും ഉണ്ടായിരുന്നു. അവന്റെ അമ്മയായ ശലോമി യേശുവിനോടും തന്റെ അനുയായികളോടും കൂടെ സഞ്ചരിക്കുകയും തന്റെ പണം കൊടുത്ത് അവരെ സഹായിക്കുകയും ചെയ്തിരുന്നു. പല വിധത്തിലും ക്രിസ്തു അവനെ പ്രത്യേകമായികണ്ടു. അന്ത്യ അത്താഴ സമയത്തു യേശുവിന്റെ

മാറോടു ചാരി അവൻ ഇരുന്നു(യോഹന്നാൻ 13:23). തന്റെ മരണത്തിനു മുമ്പേ യേശു അമ്മയായ മറിയയെ യോഹന്നാന്റെ സംരക്ഷണത്തിലാണ് വിട്ടത് (യോഹന്നാൻ 19:27). അവന്റെ സുവിശേഷ ലിഖിതത്തിൽ ദയ, സ്നേഹം എന്നിവയുടെ കവിഞ്ഞൊഴുക്ക് കാണാവുന്നതാണ്.

മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവർ എഴുതിയതിന് ഇരുപതോ, മുപ്പതോ വർഷങ്ങൾക്ക് ശേഷമാണ് യോഹന്നാൻ സുവിശഷം എഴുതുന്നത്. യേശു ക്രിസ്തുവിന്റെ മാനുഷ്യത്വം വിശ്വാസികളുടെ മനസിൽ ശരിക്കും സ്ഥാപിതമായിരുന്ന ഒരു യാഥാർത്ഥ്യമത്രേ. അതിന് ഒരിക്കലും ഇളക്കം തട്ടുമെന്ന് ഭീതിയും ഉണ്ടായിരുന്നില്ല. എന്നാൽ ഭ്രാന്ത് ഒരു ബലഹീനതയാണല്ലോ-പ്രത്യകിച്ച് മതവിഷയത്തിൽ. പലരും ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിച്ച് അവൻ ഒരു മനുഷ്യൻ മാത്രമാണെന്ന് പ്രഖ്യാപിക്കുവാൻ തുടങ്ങിയിരുന്നു. അതുകൊണ്ട് യോഹന്നാൻ തന്റെ സുവിശേഷത്തിൽ ക്രിസ്തുവിന്റെ പൂർണ്ണ ദൈവീകത്വത്തെ കാണിക്കേണ്ടതിന്റെ ആവശ്യം ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് കണ്ടു. സഭയിൽ മുഴഞ്ഞുകൂടുന്ന തെറ്റിനേയും ദുരുപദേശത്തേയും തിരുത്തുവാൻ ആശിച്ചു.

യോഹന്നാന്റെ സുവിശേഷ പ്രസ്താവന ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും മഹത്വപൂർണ്ണവുമായ സുവിശേഷ ലിഖിതമായി പരിഗണിക്കുന്നു. ഏതു മതസ്നേഹിയേയും വളരെ സ്പർശിക്കുന്നതിനുള്ള ശക്തി ഇതിനുണ്ട്. ഉൽപത്തി 1:1 പറയുന്നു, “ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു”. ഇതിനെ കവച്ചുവച്ച് അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു, “ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോ

ടുകൂടിയായിരുന്നു വചനം ദൈവമായിരുന്നു, അവൻ ദൈവ ത്തോടുകൂടി ആയിരുന്നു, സകലവും അവൻ മുഖാന്തരം ഉളവായി, ഉളവായതൊന്നും അവനെകൂടാതെ ഉളവായ തല്ല" (യോഹന്നാൻ 1:1-3).

**"നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു;**
**നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു;**
**ആധിപത്യം അവന്റെ തോളിൽ ഇരിക്കും;**
**അവൻ അത്ഭുത മന്ത്രി**
**വീരനാം ദൈവം,**
**നിത്യപിതാവു,**
**സമാധാനപ്രഭു**
**എന്നു പേർ വിളിക്കപ്പെടും".**

**(യെശയ്യാവ് 9:5)**

(ക്രിസ്തുവിനെപ്പറ്റി പുരോഹിതനായ യെശയ്യാവിന്റെ പ്രവചനങ്ങൾ യേശു ജനിക്കുന്നതിന് 700 വർഷം മുമ്പു ള്ളതാണ്.)

# IV

## യേശുക്രിസ്തുവിന്റെ വംശാവലി

ക്രിസ്തുവിന്റെ വംശാവലിയെപ്പറ്റി മത്തായിയും ലൂക്കൊസും എഴുതിയ സുവിശേഷങ്ങളിലുള്ള വ്യത്യാസം ശ്രദ്ധാപൂർവ്വം വായിക്കുന്നവന് ബോധ്യമാകും. യോഹ ന്നാൻ എഴുതിയ സുവിശേഷത്തിൽ ക്രിസ്തുവിന്റെ വംശാവലി വിട്ടിട്ട് അവന്റെ നിത്യ ആസ്തിത്വത്തെ കാണി ക്കുന്നു. മത്തായിയും ലൂക്കൊസും രേഖപ്പെടുത്തിയ വംശാവലികളിൽ വിയോജിപ്പ് ഇല്ലെന്ന് നമുക്ക് കാണാൻ സാധിക്കും.

## യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ വംശാവലി

യോഹന്നാൻ ക്രിസ്തുവിന് ഒരു പുതിയ നാമം നല്കി. അവൻ ക്രിസ്തുവിനെ ''വചനം'' എന്നു വിളിക്കുന്നു. ഇതു വളരെ യോജിച്ച ഒരു നാമമാണ്, എന്തെന്നാൽ വാക്കുകൾ ഒരു വ്യക്തിയുടെ ചിന്തയെ വെളിപ്പെടുത്തുന്നു. ഈ വിധത്തിൽ ജഡശരീരത്തിൽ പ്രത്യക്ഷപ്പെട്ട യേശു എല്ലാം കാണുന്നവനും മനുഷ്യർക്കാർക്കും കാണാൻ കഴിയാത്തവനുമായ ദൈവത്തെ വെളിപ്പെടുത്തി. യേശുക്രിസ്തു സ്വഭാവത്തിലും, വാക്കുകളിലും ദൈവീക സ്വഭാവമായ ശക്തി, ജ്ഞാനം, നന്മ, പരിശുദ്ധി എന്നിവയിലും ദൈവത്തെ വെളിപ്പെടുത്തി. അതിനാൽ അവന്റെ പേരുകളിൽ ഒന്ന് 'വചനം' ആയതിൽ അതിശയമില്ല.

അറബി ഭാഷയിൽ "കലിമ" എന്ന പദം (ഗ്രീക്ക്-ലോഗോസ്) വ്യാകരണസംബന്ധമായി സ്ത്രീലിംഗമാണ്. എന്നിട്ടും യോഹന്നാൻ ഒരു പുരുഷനായ യേശുവിന് ഈ പേര് നല്കി. ('കലിമ' എന്ന പദത്തോടുകൂടി പുല്ലിംഗ സർവ്വനാമങ്ങളോ ക്രിയകളോ ഉപയോഗിച്ചാൽ യേശുക്രിസ്തു എന്ന ഒരു യഥാർത്ഥ വ്യക്തിയെ കാണിക്കുന്ന ഒരു വാക്കായി അതു മാറുന്നു.). യോഹന്നാൻ തന്റെ പ്രസ്താവന അവസാനിപ്പിക്കുന്നത് ദൈവം അദൃശ്യനാണെന്നും എന്നാൽ തന്റെ ഏകപുത്രൻ അവനെ വെളിപ്പെടുത്തി എന്നും സ്ഥിരീകരിച്ചുകൊണ്ടാണ്. ഈ ഏകപുത്രൻ-വചനം- ഈ വെളിപ്പെടുത്തലിന് ഏറ്റവും യോജിച്ചവനാണ്. എന്തെന്നാൽ അവൻ ദൈവത്തിന്റെ മടിതലത്തിൽ അവനോടൊപ്പം ഇരുന്ന് അവനെ പൂർണ്ണമായി അറിയുന്നവനാണ്. ദൈവമായ തന്നെ വെളിപ്പെടുത്തുവാൻ അവൻ മനുഷ്യനായി നമ്മുടെ ഇടയിൽ വസിച്ചു,.**"വചനം ജഡമായിത്തീർന്നു; കൃപയും**

**സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സു പിതാവിൽനിന്നു ഏകജാത നായവന്റെ തേജസ്സായി കണ്ടു.''**

**(യോഹന്നാൻ 1:14)**

## മത്തായി എഴുതിയ സുവിശേഷത്തിൽ യേശുവിന്റെ വംശാവലി

*"അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി:*
*അബ്രഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു;*
*യിസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു;*
*യാക്കോബ് യഹൂദയേയും അവന്റെ സഹോദരന്മാരെയും ജനിപ്പിച്ചു;*
*യഹൂദാ താമാരിൽ പാരസിനേയും സാരഹിനേയും ജനിപ്പിച്ചു;*
*പാരസ് ഹെസ്രോനെ ജനിപ്പിച്ചു;*
*ഹെസ്രോൻ ആരാമിനെ ജനിപ്പിച്ചു;*
*ആരാം അമ്മീനാദാബിനെ ജനിപ്പിച്ചു;*
*അമ്മീനാദാബ് നഹശോനെ ജനിപ്പിച്ചു;*
*നഹശോൻ ശല്മോനെ ജനിപ്പിച്ചു;*
*ശല്മോൻ രാഹാബിൽ ബോവസിനെ ജനിപ്പിച്ചു;*
*ബോവസ് രൂത്തിൽ ഓബേദിനെ ജനിപ്പിച്ചു;*
*ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു;*
*യിശ്ശായി ദാവീദ് രാജാവിനെ ജനിപ്പിച്ചു;*
*ദാവീദ് രാജാവ് ഊരിയാവിന്റെ ഭാര്യയായിരുന്നവളിൽ ശലോമോനെ ജനിപ്പിച്ചു;*
*ശലോമോൻ രഹബ്യാവെ ജനിപ്പിച്ചു;*
*രെഹബ്യാം അബിയാവെ ജനിപ്പിച്ചു;*

അബിയാവ് ആസയെ ജനിപ്പിച്ചു;
ആസാ യോശാഫാത്തിനെ ജനിപ്പിച്ചു;
യോശാഫാത്തു യോരാമിനെ ജനിപ്പിച്ചു;
യോരാം ഉസ്സീയാവെ ജനിപ്പിച്ചു;
ഉസ്സിയാവ് യോഥാമിനെ ജനിപ്പിച്ചു;
യോഥാം ആഹാസിനെ ജനിപ്പിച്ചു;
ആഹാസ് ഹിസ്കിയാവെ ജനിപ്പിച്ചു;
ഹിസ്കിയാവ് മനശ്ശയെ ജനിപ്പിച്ചു;
മനശ്ശെ ആമോസിനെ ജനിപ്പിച്ചു;
ആമോസ് യോശിയാവെ ജനിപ്പിച്ചു;
യോശിയാവ് യെഖൊന്യാവെയും അവന്റെ
സഹോദരൻമാരേയും
ബാബേൽ പ്രവാസകാലത്തു ജനിപ്പിച്ചു.
ബാബേൽ പ്രവാസം കഴിഞ്ഞിട്ട്,
യോഖൊന്യാവ് ശെയ്ല്തീയേലിനെ ജനിപ്പിച്ചു;
ശെയല്തീയേൽ സെരുബ്ബാബേലിനെ ജനിപ്പിച്ചു;
സെരുബ്ബാബേൽ അബീഹൂദിനെ ജനിപ്പിച്ചു;
അബീഹൂദ് എല്യാക്കീമിനെ ജനിപ്പിച്ചു;
എല്യാക്കിം ആസോരിനെ ജനിപ്പിച്ചു;
ആസോർ സാദോക്കിനെ ജനിപ്പിച്ചു;
സാദോക്ക് ആഖീമിനെ ജനിപ്പിച്ചു;
ആഖിം എലിഹൂദിനെ ജനിപ്പിച്ചു;
എലീഹൂദ് എലീയാസരെ ജനിപ്പിച്ചു;
എലീയാസർ മത്ഥാനെ ജനിപ്പിച്ചു;
മത്ഥാൻ യാക്കോബിനെ ജനിപ്പിച്ചു;
യാക്കോബ് മറിയയുടെ ഭർത്താവായ യോസേഫിനെ
ജനിപ്പിച്ചു.
അവളിൽനിന്നു ക്രിസ്തു എന്നു പേരുള്ള യേശു
ജനിച്ചു.

ഇങ്ങനെ തലമുറകൾ ആകെ അബ്രഹാം മുതൽ ദാവീദ് വരെ പതിന്നാലും ദാവീദ് മുതൽ ബാബേൽ പ്രവാസത്തോളം പതിന്നാലും ബാബേൽപ്രവാസം മുതൽ ക്രിസ്തുവിനോളം പതിന്നാലും ആകുന്നു" (മത്തായി 1:1–17)

ക്രിസ്തുവിന്റെ വംശാവലി എഴുതിയ മത്തായി ആദ്യകാലത്ത് ഒരു യഹൂദനും ചുങ്കം പിരിക്കുന്നവനും ആയിരുന്നു. അവന്റെ എബ്രായ പേര് 'ലേവി' എന്നും ഗ്രീക്ക്നാമധേയം മത്തായി എന്നുമായിരുന്നു. അവന്റെ പിതാവ് അൽഫായി ആയിരുന്നു. അവൻ റോമാഗവൺമെന്റിനെ സേവിച്ചിരുന്നതുകൊണ്ട് സാമ്പത്തികവും വാണിജ്യപരവുമായ കാര്യങ്ങൾ നല്ലവണ്ണം ഗ്രഹിച്ചിരുന്നു. കൂടാതെ അവൻ വലിയ ധനികനുമായിരുന്നു.

"അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി" എന്ന മുഖവുരയോടുകൂടി ആണ് മത്തായി തുടങ്ങുന്നത്. "അബ്രഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു, യിസ്ഹാക്ക് യാക്കോബിനെ ജനിപ്പിച്ചു, യാക്കോബ് യൂദയേയും അവന്റെ സഹോദരന്മാരേയും ജനിപ്പിച്ചു..." പിന്നീട് അവൻ 40 പുരുഷന്മാരുടെയും സ്ത്രീകളുടെയും പേരുകൾ പറയുന്നു. അവസാനമായി മറിയയുടെ ഭർത്താവായ യോസേഫിനെപ്പറ്റിയും അവളിൽ നിന്നു ജനിച്ച ക്രിസ്തു എന്നുപേരുള്ള യേശുവിനെ കുറിച്ചും പറഞ്ഞിരിയ്ക്കുന്നു. വെറുതെ വായിയ്ക്കുന്ന ഒരാൾക്കു ഇതു മുഷിപ്പായി തോന്നാമെങ്കിലും ശ്രദ്ധാപൂർവ്വം വായിയ്ക്കുന്ന ബുദ്ധിശാലിയ്ക്കു ഇതിന്റെ പ്രാധാന്യം വ്യക്തമാവുന്നതാണ്. ജഡശരീരമെടുത്തു നമ്മുടെ ഇടയിൽ പാർത്ത ഈ അത്ഭുതപുരുഷന്റെ മനുഷ്യാരംഭത്തിലേയ്ക്കുള്ള പ്രധാനപ്പെട്ട ഉൾക്കാഴ്ചകൾ കാണാവുന്നതാണ്. ആദ്യമനുഷ്യനായ ആദാം വരെ വംശാവലി രേഖപ്പെടുത്തിയിരിക്കുന്ന ഏകവ്യക്തിയാണ് അവൻ.

തന്റെ ദൈവീകസത്തയ്ക്കു പുറമേ, ദാവീദിന്റെ പുത്രനായി കാത്തിരുന്ന വാഗ്ദത്ത മശിഹ ആകുവാനുള്ള യോഗ്യത പൂർവ്വീകന്മാരുടെ വംശാവലി അനുസരിച്ച് തനിക്കു മാത്ര മാണുള്ളത്.

## ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ യേശുവിന്റെ വംശാവലി

**"യേശുവിന്നു താൻ പ്രവൃത്തി ആരംഭിക്കുമ്പോൾ ഏകദേശം 30 വയസ്സായിരുന്നു. (അവൻ യോസേഫിന്റെ മകൻ എന്നു ജനം വിചാരിച്ചു). യോസേഫ്, ഹേലിയുടെ മകൻ; ഹേലി മത്ഥാത്തിന്റെ മകൻ; മത്ഥാത്ത് ലേവി യുടെ മകൻ;, ലേവി മെല്ക്കിയുടെ മകൻ; മെല്ക്കി യന്നായിയുടെ മകൻ; യന്നായി യോസേഫിന്റെ മകൻ; യോസേഫ് മതഥ്യൊസിന്റെ മകൻ; മതഥ്യൊസ് ആമോ സിന്റെ മകൻ, ആമോസ് നാഹൂമിന്റെ മകൻ; നാഹൂം എസ്ലിയുടെ മകൻ, എസ്ലി നഗ്ഗായിയുടെ മകൻ; നഗ്ഗായി മയാത്തിന്റെ മകൻ; മയാത്ത് മത്തഥ്യൊസിന്റെ മകൻ; മത്തഥ്യൊസ് ശെമയിയുടെ മകൻ; ശെമയി യോസേ ഫിന്റെ മകൻ; യോസേഫ് യോദയുടെ മകൻ; യോദ യോഹന്നാന്റെ മകൻ; യോഹന്നാൻ രേസയുടെ മകൻ; രേസ സൊരൊബ്ബാബേലിന്റെ മകൻ; സൊരൊ ബാബേൽ ശലഥിയേലിന്റെ മകൻ; ശലഥിയേൽ നേരി യുടെ മകൻ; നേരി മെല്കിയുടെ മകൻ; മെല്കി അദ്ദി യുടെ മകൻ; അദ്ദി കോസാമിന്റെ മകൻ; കോസാം എല്മാദാവിന്റെ മകൻ; എല്മാദാം ഏരിന്റെ മകൻ; ഏർ യോശുവിന്റെ മകൻ; യോശു ഏലിയേസറിന്റെ മകൻ; ഏലിയേസർ യോരീമിന്റെ മകൻ; യോരീം മത്ഥാത്തിന്റെ മകൻ; മത്ഥാത്ത ലേവിയുടെ മകൻ; ലേവി ശിമ്യോന്റെ മകൻ; ശിമ്യോൻ യഹൂദയുടെ മകൻ; യഹൂദാ യോസേഫിന്റെ മകൻ; യോസേഫ് യോനാവിന്റെ മകൻ;**

**യോനാം എല്യാക്കീമിന്റെ മകൻ; എല്യാക്കിം മെല്യാവിന്റെ മകൻ; മെല്യാവ് മെന്നയുടെ മകൻ;മെന്നാ മത്തഥയുടെ മകൻ; മത്തഥാ നാഥാന്റെ മകൻ; നാഥാൻ ദാവീദിന്റെ മകൻ; ദാവീദ് യിശ്ശായിയുടെ മകൻ; യിശ്ശായി ഒബേദിന്റെ മകൻ; ഒബേദ് ബോവാസിന്റെ മകൻ; ബോവാസ് സല്മോന്റെ മകൻ; സല്മോൻ നഹശോന്റെ മകൻ; നഹശോൻ അമ്മീനാദാബിന്റെ മകൻ; അമ്മീനാദാബ് ആരാമിന്റെ മകൻ; ആരാം എസ്രോന്റെ മകൻ; എസ്രോൻ പാരസിന്റെ മകൻ; പാരസ് യെഹൂദയുടെ മകൻ; യെഹൂദ യാക്കോബിന്റെ മകൻ; യാക്കോബ് യിസ്ഹാക്കിന്റെ മകൻ; യിസ്ഹാക്ക് അബ്രഹാമിന്റെ മകൻ; അബ്രഹാം നാഹോരിന്റെ മകൻ; രെഗു ഫാലെഗിന്റെ മകൻ; ഫാലെഗ് എബരിന്റെ മകൻ; എബർ ശലാമിന്റെ മകൻ; ശലാം കയിനാന്റെ മകൻ; കയിനാൻ അർഫക്സാദിന്റെ മകൻ; അർഫക്സാദ് ശേമിന്റെ മകൻ; ശേം നോഹയുടെ മകൻ; നോഹ ലാമേക്കിന്റെ മകൻ; ലാമേക്ക് മെഥൂശലയുടെ മകൻ; മെഥൂശലഹാനോക്കിന്റെ മകൻ; ഹാനോക്ക് യാരെദിന്റെ മകൻ; യാരെദ് മലല്യോലിന്റെ മകൻ; മലല്യേൽ കയിനാന്റെ മകൻ; കയിനാൻ ഏനോശിന്റെ മകൻ; എനോശ് ശേത്തിന്റെ മകൻ; ശേത്ത് ആദാമിന്റെ മകൻ; ആദാം ദൈവത്തിന്റെ മകൻ".**

**(ലൂക്കൊസ് 3:23–38)**

ലൂക്കൊസ് എഴുതിയ വംശാവലി മത്തായിയുടേതിൽ നിന്ന് കുറെ വിഭിന്നമായി തോന്നാം. രണ്ടുപേരും അവസാനത്തെ കണ്ണിയായി യേശുവിന്റെ അമ്മ മറിയയുടെ ഭർത്താവായ യോസേഫിനെ കാണിച്ചിരിക്കുന്നു. രണ്ടുപേരും അബ്രഹാം മുതൽ ദാവീദ് വരെയുള്ള വംശാവലിയുടെ ചങ്ങലയിലും ബാബിലോണിയ പ്രവാസത്തിലെ ശലഥിയേലിന്റേയും സൊരൊബാബേലിന്റെയും പേരുക

ളിലും യോജിക്കുന്നു. എന്നിരുന്നാലും വിമർശകരെ ശുണ്ഠി പിടിപ്പിയ്ക്കത്തക്കവണ്ണം ഒരു വിധത്തിൽ അവ വ്യത്യസ്തമാണെന്നു കാണാം. ഉദാഹരണമായി മത്തായി യേശുവിന്റെ വംശാവലി അബ്രഹാമിൽ നിന്നും ലൂക്കൊസ് അതു പുറകോട്ട് ആദാമിൽ വരെയും കാണിച്ചിരിയ്ക്കു ന്നു. ദാവീദിന്റെ മകനായ ശലോമോന്റെ വംശപരമ്പരയിൽ നിന്ന് മത്തായി എടുത്തിരിയ്ക്കുന്നു. എന്നാൽ ലൂക്കൊസ് തുടങ്ങിയിരിയ്ക്കുന്നതു ദാവീദിന്റെ വേറൊരു മകനായ നാഥാനിൽ നിന്നുമാണ്. മറിയയുടെ ഭർത്താവായ യോസേഫ് യാക്കോബിന്റെ ഒരു മകനാണെന്നു മത്തായി പറയുമ്പോൾ മറിയയുടെ പിതാവായ ഹേലിയുടെ മക നായാണ് ലൂക്കൊസ് കാണിയ്ക്കുന്നത്. യെഹൂദന്മാർ വംശാവലി ഒരുവന്റെ ഭാര്യയുടെ പിതാവിൽ നിന്നും എടു ക്കുന്നതായി കാണാം. ഉദാഹരണമായി നെഹമ്യാവ് 7:63 പ്രകാരവും എസ്രായ 2:61 പ്രകാരവും ബർസല്ലായിയുടെ കാര്യം. മത്തായി സുവിശേഷത്തിൽ ദാവീദ് മുതൽ യോസേഫ് വരെയുള്ള വംശാവലി ലൂക്കൊസിൽ ഉള്ള തിനെക്കാൾ വളരെ ചെറുതാണ്. അതിനാൽ ആ വംശാ വലിപ്പട്ടികയിൽ ചിലരുടെ പേരുകളെല്ലാം വിട്ടുകളഞ്ഞ തായി കാണാം. യേശു അബ്രഹാമിന്റെ പുത്രനായ ദാവീ ദിന്റെ പുത്രനാണെന്നു പറഞ്ഞിരിയ്ക്കുന്നതിനാൽ 'ഇന്ന വരുടെ മകൻ', 'ഇന്നവരുടെ പിതാവ്' എന്നു വിശദമായി രേഖപ്പെടുത്തിയതിനാലുമാണ് ഈ വ്യത്യാസം ദൃശ്യമാ കുന്നത്. മത്തായിയിൽ ന്യായാധിപന്മാരുടെ കാലമായ 450 വർഷങ്ങളിലെ വംശാവലി വെറും നാലു ശ്രൃംഖല കൾകൊണ്ട് - റാഹാബ് മുതൽ ദാവീദ് വരെ - കാലഘ ട്ടത്തെ ബന്ധിച്ചിരിക്കുന്നു. കൂടാതെ ലൂക്കൊസ് മറിയയ്ക്കു പ്രാധാന്യം കൊടുക്കുകയും മത്തായി യോസേഫിന് പ്രാധാന്യം കൊടുക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ രണ്ടും ആവശ്യമാണ്.

ഈ രണ്ടു സുവിശേഷ ലിഖിതങ്ങളിലുമുള്ള വംശാവലികൾ ക്രിസ്തുവിന്റെ ദൈവത്വത്തെ വ്യക്തമാക്കുന്നു. യോസേഫ് യേശുവിനെ ജനിപ്പിച്ചു എന്നുപറയാതെ മത്തായി മറിയയുടെ ഭർത്താവായ യോസേഫ് എന്നുപറഞ്ഞിട്ട് അവളിൽ നിന്നും ക്രിസ്തു എന്നുപേരുള്ള യേശു ജനിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കൊസാകട്ടെ ക്രിസ്തുവിന്റെ വംശാവലി തുടങ്ങുമ്പോൾ, "അവൻ യോസേഫിന്റെ മകൻ എന്ന് ജനം വിചാരിച്ചു" എന്നു വ്യക്തമാക്കിയിരിക്കുന്നു.

അതു മാത്രമല്ല, ഈ രണ്ടു വംശാവലി പട്ടികകളിൽ വ്യത്യാസമുണ്ടായിരുന്നെങ്കിൽ യെഹൂദന്മാർ പ്രാരംഭത്തിൽ തന്നെ അതിനെ ഖണ്ഡിക്കുകയോ, എതിർക്കുകയോ ചെയ്യുമായിരുന്നു. കാരണം, യേശുക്രിസ്തുവിന്റെ വംശാവലി ദാവീദിൽ നിന്നും കാണിച്ചിരിക്കുന്നു. മശിഹാ ദാവീദിൽ നിന്നാണല്ലോ വരുന്നത്. യെഹൂദന്മാരുടെ മൗനം ഈ വംശാവലിയുടെ സത്യാവസ്ഥയേയും ആശ്രയയോഗ്യതയേയും കാണിക്കുന്നു.

## വംശാവലിയിൽ നിന്നുള്ള പാഠങ്ങൾ

മശിഹായുടെ രാജകീയവംശാവലിയിൽ യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്ത അന്യജാതിക്കാരിയായ രൂത്തിന്റെ പേര് പറഞ്ഞിരിക്കുന്നതിനാൽ യിസ്രായേലിൽ ദരിദ്രർക്കും പരദേശികൾക്കും ഒരു പങ്കുണ്ടെന്ന് കാണിയ്ക്കുന്നു. ഒരു വേശ്യയായിരുന്ന രാഹാബ്, താമാർ, ബേത്ത് ഷേബാ എന്നിവരുടെ പൂർവ്വകാലജീവിതം എങ്ങനെ ആയിരുന്നെങ്കിൽത്തന്നെയും അവരുടെ പേരുകൾ പറഞ്ഞിരിയ്ക്കുന്നതിൽ നിന്നും മാനസാന്തരപ്പെട്ട പാപികൾക്കു ഈ മാന്യ ലിസ്റ്റിൽ ഇടമുണ്ടെന്നു സൂചിപ്പിക്കുന്നു. ക്രിസ്തു ബലഹീനരെ കരുതുകയും അതിക്രമ

ക്കാർക്കു പാപക്ഷമ നൽകുകയും ചെയ്യുന്നു. "ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെകൊണ്ട് ആവശ്യമില്ല" (മത്തായി 9:12). "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" (ലൂക്കൊസ് 19:10).

അപ്പൊസ്തലനായ യോഹന്നാന്റെ ദൈവനിശ്വാസ്യമായ താഴെപ്പറയുന്ന വാക്കുകളാണ് സുവിശേഷം പൂർണ്ണമായും കേന്ദ്രീകരിച്ചിരിക്കുന്നത്: "വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു". ക്രിസ്തുവിന്റെ ജീവചരിത്രത്തിന്റെ ഏകഉറവ സുവിശേഷമാകയാലും നാലു സുവിശേഷകന്മാരും ക്രിസ്തുവിന്റെ ദൈവീകത്വത്തിൽ യോജിക്കുന്നതിനാലും അവന്റെ ജീവിതത്തിലെ സംഭവങ്ങളെ തന്റെ ദൈവീക സ്വഭാവത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്നതു തികച്ചും യുക്തമാണ്.

---

## V

## ഗബ്രിയേൽ ദൂതൻ സെഖര്യാവിനോട് വിളംബരം ചെയ്യുന്ന സദ്വർത്തമാനം

***"യെഹൂദ്യരാജാവായ ഹെരോദാവിന്റെ കാലത്തു അബീയാക്കൂറിൽ സെഖര്യാവു എന്നുപേരുള്ള പുരോഹിതൻ ഉണ്ടായിരുന്നു. അവന്റെ ഭാര്യ അഹരോന്റെ പുത്രിമാരിൽ ഒരുത്തി ആയിരുന്നു. അവൾക്കു എലീശബെത്ത് എന്നുപേർ. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പിനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. എലീശബെത്തു മച്ചിയാകകൊണ്ട് അവർക്ക് സന്തതി ഇല്ലാഞ്ഞു. ഇരുവരും വയസ്സ് ചെന്നവരും ആയിരുന്നു. അവൻ കൂറിന്റെ ക്രമപ്രകാരം ദൈവ***

*സന്നിധിയിൽ പുരോഹിതനായി ശുശ്രൂഷ ചെയ്തുവരുമ്പോൾ പൗരോഹിത്യ മര്യാദപ്രകാരം കർത്താവിന്റെ മന്ദിരത്തിൽ ചെന്നു ധൂപം കാട്ടുവാൻ അവന്നു നറുക്ക് വന്നു. ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കെയും പുറത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതായിട്ട് അവന്നു പ്രത്യക്ഷനായി. സെഖര്യാവ് അവനെ കണ്ടു ഭ്രമിച്ച് ഭയപരവശനായി. ദൂതൻ അവനോടു പറഞ്ഞതു: സെഖര്യാവേ, ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്കു ഉത്തരമായി. നിന്റെ ഭാര്യ എലീശബെത്ത് നിനക്കു ഒരു മകനെ പ്രസവിയ്ക്കും; അവന്നു യോഹന്നാൻ എന്നു പേർ ഇടേണം. നിനക്കു സന്തോഷവും ഉല്ലാസവും ഉണ്ടാകും; അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിയ്ക്കും. അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും; വീഞ്ഞും മദ്യവും കഴിക്കയില്ല; അമ്മയുടെ ഗർഭത്തിൽ വെച്ചു തന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയും. അവൻ യിസ്രായേൽ മക്കളിൽ പലരേയും അവരുടെ ദൈവമായ കർത്താവിങ്കലേക്കു തിരിച്ചു വരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേയ്ക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേയ്ക്കും തിരിച്ചുകൊണ്ട് ഒരുക്കമുള്ളോരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവന്നു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും. സെഖര്യാവ് ദൂതനോടു: ഇതു ഞാൻ എന്തൊന്നിനാൽ അറിയും? ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സുചെന്നവളുമല്ലോ എന്നുപറഞ്ഞു. ദൂതൻ അവനോടു: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു; നിന്നോടു സംസാരിപ്പാനും ഈ സദ്വർത്തമാനം നിന്നോടു അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു. തക്കസമയത്തു നിവൃത്തി വരുവാനുള്ള എന്റെ ഈ വാക്ക് വിശ്വസി*

*ക്കായ്കകൊണ്ട് അതു സംഭവിക്കും വരെ നീ സംസാരിപ്പാൻ കഴിയാതെ മൗനമായിരിക്കും എന്നു ഉത്തരം പറഞ്ഞു. ജനം സെഖര്യാവിനായി കാത്തിരുന്നു. അവൻ മന്ദിരത്തിൽ താമസിച്ചതിനാൽ ആശ്ചര്യപ്പെട്ടു. അവൻ പുറത്തുവന്നാറെ അവരോടു സംസാരിപ്പാൻ കഴിഞ്ഞില്ല; അതിനാൽ അവൻ മന്ദിരത്തിൽ ഒരു ദർശനം കണ്ടു എന്നു അവർ അറിഞ്ഞു; അവൻ അവർക്ക് ആംഗ്യം കാട്ടി ഊമനായി പാർത്തു. അവന്റെ ശുശ്രൂഷാകാലം തികഞ്ഞശേഷം അവൻ വീട്ടിലേക്കുപോയി. ആ നാളുകൾ കഴിഞ്ഞിട്ട് അവന്റെ ഭാര്യ എലീശബെത്ത് ഗർഭം ധരിച്ചു. മനുഷ്യരുടെ ഇടയിൽ എനിയ്ക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് എന്നെ കടാക്ഷിച്ച നാളിൽ ഇങ്ങനെ എനിക്കു ചെയ്തു തന്നിരിക്കുന്നു എന്നു പറഞ്ഞു അഞ്ചുമാസം ഒളിച്ചു പാർത്തു" (ലൂക്കൊസ് 1:5-25).*
പ്രഭാതമായി എന്നു വിളിച്ചറിയിക്കുവാൻ സൂര്യൻ ഉദിയ്ക്കുന്നതുപോലെ അല്ല, പെട്ടെന്നാണ് നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെടുന്നത്. അതുപോലെ വലിയ പ്രവാചകന്മാരെല്ലാം ഒരു മുന്നറിയിപ്പും അടയാളവും കൂടാതെ നക്ഷത്രങ്ങളെപ്പോലെ പെട്ടെന്നാണ് രംഗപ്രവേശനം ചെയ്തത്. യോഹന്നാൻ സ്നാപകൻ ഒഴിച്ച് അബ്രഹാം, മോശെ, ദാവീദ്, ഏലിയാവ് തുടങ്ങിയവർ മുന്നറിയിപ്പൊന്നും കൂടാതെ ആയിരുന്നു വന്നത്. 'നീതി സൂര്യൻ' ഉൾപ്പെടെ അനേകം നാമങ്ങളുള്ള ക്രിസ്തു വന്നതു ഒരു അതിശയമായിരുന്നില്ല. അവന്റെ വരവിനെക്കുറിച്ച് മുമ്പു തന്നെ വിസ്മയകരമായ സുപ്രഭാതം പോലെ - ഉദയം പോലെ - അനേകം പ്രവചനങ്ങൾ ഉണ്ടായിരുന്നു. അതേ സമയം ഈ പ്രകാശ വലയത്തിനു വെളിയിൽ അവന്റെ വരവിന് തൊട്ടു മുമ്പ് ധാർമ്മീകവും ആത്മീകവമായി ഏറ്റവും അന്ധകാരം നിറഞ്ഞിരുന്നു. നീതിമാന്മാർ ഏറ്റവും ആഗ്രഹിയ്ക്കുകയും ലോകത്തിന് ഏറ്റവും കൂടുതൽ ആവശ്യം നേരിടുകയും ചെയ്തപ്പോഴാണ് ഈ സ്വർഗ്ഗീയ വെളിച്ചം ഉദയംചെയ്തത്.

ആമുഖ പ്രവചനങ്ങൾ ശ്രദ്ധയോടുകൂടി പഠനം ചെയ്യുന്നതു അത്യാവശ്യമാണ്. എന്നിരുന്നാലും ഈ പുസ്തകത്തിന്റെ സ്ഥലപരിമിതി അതിന് അനുവദിക്കുന്നില്ല. അതുകൊണ്ട് അവന്റെ വരവ് അടുത്തിരുന്നതായി കാണിക്കുന്ന പ്രവചന ഭാഗങ്ങൾ മാത്രം നമുക്കു പരിശോധിക്കാം. ഏകദേശം 500 വർഷങ്ങളായി ദൈവദൂതന്മാരുടെ സന്ദർശനമോ ഒരു ദൈവീക വെളിപ്പാടോ ഉണ്ടായിരുന്നില്ല. സൃഷ്ടിപ്പിന്റെ ചരിത്രത്തിൽ യേശുവിന്റെ അവതാരം അടുത്തടുത്തു വന്നപ്പോഴാണ് ദൈവദൂതന്മാരുടെ സന്ദർശനങ്ങൾ കൂടുകയും അത്യധികം മഹത്വമുള്ളതായി തീരുകയും ചെയ്തത്. മനുഷ്യവേഷധാരിയായി രാജാധിരാജാവും കർത്താധികർത്താവുമായവന്റെ ഭൂതലത്തേയ്ക്കുള്ള എഴുന്നള്ളത്ത് വിളംബരം ചെയ്യുന്നതിനുവേണ്ടി ആയിരുന്നു ഇത്. ഈ സംഭവത്തെപ്പറ്റി ബൈബിൾ ഇപ്രകാരം പറയുന്നു, "ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം എന്നു താൻ അരുളിച്ചെയ്യുന്നു" (എബ്രായർ 1:6). ദാനിയേൽ പ്രവാചകൻ താഴെപ്പറയുന്ന പ്രകാരം പ്രവചിച്ചത് ഇവനെപ്പറ്റിയാണ്:

> ***"സകലവംശങ്ങളും ജാതികളും ഭാഷക്കാരും***
> ***അവനെ സേവിക്കേണ്ടതിനു***
> ***അവന്നു ആധിപത്യവും മഹത്വവും***
> ***രാജത്വവും ലഭിച്ചു.***
> ***അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത***
> ***നിത്യാധിപത്യവും***
> ***അവന്റെ രാജത്വം***
> ***നശിച്ചു പോകാത്തതുമാകുന്നു"***
>
> ***(ദാനിയേൽ 7:14)***

തന്റെ സ്വർഗ്ഗ സിംഹാസനത്തിൽ നിന്നുള്ള ദൂതന്മാർ തന്നെ ഈ രാജാവിന് മുൻഗമിക്കേണ്ടതു യുക്തമായിരു

ന്നു. ഈ ദൂതു ആദാമ്യ സന്തതികളുടെ കാതുകളിൽ മുഴ ങ്ങുന്നതിനും ഭൂമിയിൽ ഇത് കേൾക്കുന്നതിനും മുമ്പു തന്നെ ആകാശം നിറയുകയും സ്വർഗ്ഗീയ സൈന്യത്തെ വിറപ്പിക്കുകയും ചെയ്തു.

യെരുശലേം ദേവാലയത്തിലെ സ്വർണ്ണബലിപീഠ ത്തിൽ ധൂപം കാട്ടുവാൻ സെഖര്യാവിന്റെ ഊഴം വന്നു. ആ ശുശ്രൂഷ ചെയ്യുന്നതിനിടയിൽ സെഖര്യാവ് തിരശ്ശീ ലക്കു പിന്നിൽ പ്രവേശിച്ചു. സുഗന്ധ ധൂപങ്ങൾ മുകളി ലേക്കു പൊങ്ങി കൊണ്ടിരുന്നപ്പോൾ സെഖര്യാവ് ബലി പീഠത്തിനുമുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുകയായി രുന്നു. പെട്ടെന്നു ബലിപീഠത്തിന്റെ വലത്തുഭാഗത്തായി പ്രധാനദൂതനായ ഗബ്രിയേൽ നിൽക്കുന്നത് അവൻ കണ്ടു. താൻ എത്രമാത്രം നീതിമാനും ഭയഭക്തിയുള്ളവനായി രുന്നു എങ്കിലും പാപസ്വഭാവത്തെക്കുറിച്ച് പൂർണ്ണബോ ധവാനായിരുന്നതിനാൽ അവൻ ഭയവിഹ്വലനായി ത്തീർന്നു. സുബോധ മനസ്സാക്ഷിയുള്ളവന് പരിശുദ്ധി യുടെ (പരിശുദ്ധന്റെ) മുമ്പിൽ നിൽക്കുവാൻ അശക്തനാ ണെന്നു ബോധ്യമുണ്ടാകും. പരിപൂർണ്ണതയിൽ എന്തു മാത്രം കുറവുള്ളവനാണെന്നും ഒരു ചെറിയ തെറ്റുപോലും അവനെ കുറ്റക്കാരനാക്കുന്നു എന്നു ബോധ്യപ്പെടുത്തുന്നു. ഈ ദൈവദൂതന്റെ സാന്നിദ്ധ്യത്തിൽ സെഖര്യാവ് വിറ യ്ക്കുകയും ചുരുങ്ങുകയും ചെയ്തു; കാരണം തന്റെ പാപ ങ്ങൾക്കായി ശിക്ഷിക്കുവാനും തന്നോടു ദൈവത്തിന്റെ നീതിയെ ചോദിയ്ക്കുവാനുമാണ് ദൂതൻ വന്നതെന്ന് സെഖര്യാവ് വിചാരിച്ചു.

ഇതിനുമുമ്പ് അവസാനമായി ദൈവദൂതൻ ദാനിയേ ലിനു പ്രത്യപ്പെട്ടതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്ന ത്. ഗബ്രീയേൽ ഏകദേശം 500 വർഷങ്ങൾക്കുമുമ്പാണ് അവന് പ്രത്യക്ഷമായത്. ദാനിയേൽ അവനെപ്പറ്റി ഇപ്ര കാരം പറയുന്നു, “അവന്റെ ദേഹം ഗോമേദകംപോലെയും

മുഖം മിന്നൽപ്രകാശം പോലെയും കണ്ണുതീപ്പന്തം പോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്ര ത്തിന്റെ വർണ്ണം പോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവം പോലെയും ആയി രുന്നു" (ദാനിയേൽ 10:6).

ഇപ്പോൾ ദൈവം സെഖര്യാവിനോടു സംസാരിക്കു വാൻ ഗബ്രിയേലിനെ അയച്ചു. ക്രിസ്തു ലോകത്തിലേക്കു വരുന്നതിനുള്ള സ്വർഗ്ഗീയ താൽപര്യത്തെ ഇത് വ്യക്തമാ ക്കുന്നു. അവനെ കണ്ടിട്ട് സെഖര്യാവ് ഭയപ്പെട്ടു. എന്നാൽ ദൂതൻ അവനെ സാന്ത്വനപ്പെടുത്തിയിട്ടു പറഞ്ഞു. "ഭയ പ്പെടേണ്ട", വീണ്ടും ദൂതൻ അവനോടു തന്റെ ഭാര്യയു ടേയും അവന്റേയും പ്രാർത്ഥന ദൈവസന്നിധിയിൽ എത്തിയെന്നും ദൈവം ഉത്തരം നൽകാൻ പോകുന്നു വെന്നും പറഞ്ഞു. പ്രായാധിക്യത്താൽ മാനുഷികമായി സാധ്യമല്ലെങ്കിലും അവർക്കു ഒരു മകനെ നൽകുമെന്ന് ദൂതൻ അവനോട് അറിയിച്ചു.

ജനിയ്ക്കാനിരിക്കുന്ന കുട്ടിക്കു ഒരു പേരും ഗബ്രീ യേൽ നിർദ്ദേശിച്ചു. അവന്റെ മകന്റെ ഭാവിയെപ്പറ്റിയും അവൻ സെഖര്യാവിനോടു അറിയിച്ചു. അവൻ അവർക്കും മറ്റനേകർക്കും ആനന്ദം പ്രദാനം ചെയ്യുമെന്നും ദൈവ ത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ വലിയവനാകു മെന്നും ദൂതൻ പ്രസ്താവിച്ചു. എന്തുകൊണ്ടെന്നാൽ അവൻ ഉരുവായത് മുതൽ തന്നെ അമ്മയുടെ ഗർഭത്തിൽ വെച്ചു തന്നെ പരിശുദ്ധാത്മാവിനാൽ നിറയും, അവൻ ദൈവത്തിനായി സമർപ്പിക്കപ്പെട്ടവനാകും, ജീവിതകാലം മുഴുവൻ വിശുദ്ധിയുള്ളവനായിരിയ്ക്കും, സ്വർഗ്ഗീയ താല്പ ര്യത്തിന് കേന്ദ്രമായ അവരുടെ ദൈവവും കർത്താവുമാ യവങ്കലേയ്ക്കു മനുഷ്യനെ നടത്തുന്ന പ്രവൃത്തിയിൽ വ്യാപൃതനായിരിയ്ക്കും.

അവൻ സെഖര്യാവിന് അതിനെക്കാൾ വലിയ ഒരു കാര്യവും വാഗ്ദാനം ചെയ്തു. ആ ബാലൻ വാഗ്ദത്ത്

ക്രിസ്തുവിനു മുന്നോടിയായിത്തീരുമെന്നു – അവന്റെ വഴി ഒരുക്കുന്നതിനായും അവനുവേണ്ടി ജനത്തെ ഒരുക്കുന്ന തിനായും തന്നെ. കർത്താവിന് മുമ്പ് ഏലീയാവ് വരുമെന്ന് എല്ലാ യെഹൂദന്മാരും വിശ്വസിച്ചിരുന്നല്ലോ – ആ പ്രവചന നിവൃത്തിയ്ക്കായി ആദികാലങ്ങളിൽ ദൈവദൂതൻ ഒരു ശിശുവിന്റെ ജനനത്തെപ്പറ്റി ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അവനെക്കാൾ വലിയവനായ ഒരുവന്റെ വരവിന് മുന്നോടിയായി വരുന്ന ശിശുവിനെപ്പറ്റിയുള്ള ആദ്യത്തെ പ്രഖ്യാപനം ഇതായിരുന്നു. ഇതു എല്ലാ മനുഷ്യരെക്കാളും ക്രിസ്തുവിനുള്ള ഔന്നത്യത്തെ വെളിപ്പെടുത്തുന്നു.

സെഖര്യാവ് അബ്രഹാമിന്റേയും സാറായുടേയും കാര്യത്തിൽ നടന്ന അത്ഭുതത്തെ വിശ്വസിച്ചിരുന്നുവെങ്കിലും ഈ ദൂതനെ അവൻ വിശ്വസിച്ചില്ല. താൻ വളരെ വയസ്സു ചെന്നവനാകയാൽ മച്ചിയായ തന്റെ ഭാര്യ തന്നിലൂടെ ഗർഭം ധരിയ്ക്കുമെന്നു അവൻ വിശ്വസിച്ചില്ല. അവൻ സ്വന്ത കണ്ണുകൊണ്ടും സ്വന്ത ചെവികൊണ്ടും ദൂതൻ പറഞ്ഞതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കും വരെ ദൈവം 9 മാസത്തോളം അവനെ ഊമനാക്കി.

ഗബ്രീയേലിന്റെ അപ്രതീക്ഷിതമായ സന്ദർശനത്താൽ സെഖ്യാവ് ആരാധക സമൂഹത്തിലേയ്ക്കു മടങ്ങിച്ചെല്ലാൻ താമസിച്ചു. പിരിഞ്ഞുപോകുന്നതിനുമുമ്പായി അവൻ അനുഗ്രഹിക്കുന്നതിനുവേണ്ടി അവർ കാത്തിരിക്കുകയായിരുന്നു. ദൈവാലയത്തിലെ തിരശ്ശീലയ്ക്കു പുറകിലുള്ള അവന്റെ ഈ കാലവിളംബം അവരെ അത്ഭുതപ്പെടുത്തി. അവൻ സംസാരിക്കാനാവാതെ ആരാധകരുടെ അടുക്കലേക്കു മടങ്ങി വന്നപ്പോൾ അവരുടെ അത്ഭുതം വർദ്ധിച്ചു. അവൻ അവരെ അനുഗ്രഹിക്കാതെ തന്നാലാവോളം ആംഗ്യഭാഷകാട്ടി. അവൻ ഒരു ദർശനം കണ്ടു എന്നു അവർ നിരൂപിച്ചു.

സെഖര്യാവ് തന്റെ ശുശ്രൂഷയിൽ ആത്മാർത്ഥതയു ള്ളവനായിരുന്നു. അവന് ഇതു സംഭവിച്ചതുകൊണ്ട് അവ രോടു മാപ്പു ചോദിക്കുകയോ ശുശ്രൂഷകൾ നിർത്തുകയോ ചെയ്തില്ല. ഈ സദ്വാർത്ത അവന്റെ ഭാര്യയുമായി പങ്കി ടുവാൻ ആഗ്രഹിച്ചു. അവന്റെ ശുശ്രൂഷ കഴിയുന്നതുവരെ കാത്തിരുന്നു. പിന്നെ അവൻ തന്റെ ഗ്രാമത്തിലേക്കു പോയി.

ഒരു ഊമനായ ഭർത്താവായി തിരിച്ചുവന്നതിനാൽ എലീസബെത്ത് എന്തുമാത്രം പ്രയാസപ്പെട്ടിരിക്കും. ഗബ്രി യേൽ ദൂതനുമായുള്ള തന്റെ അനുഭവങ്ങൾ അവൾക്കു എഴുതികൊടുത്തപ്പോൾ അവൾ കൂടുതൽ അതിശയിച്ചു കാണും. അവൻ ശിക്ഷിക്കപ്പെട്ടതുപോലെ അവളും തന്റെ അവിശ്വാസത്തിന് ശിക്ഷിക്കപ്പെടുമെന്ന് അവൻ മുന്നറി യിപ്പു നൽകിയിരിക്കണം.

കർത്താവിന്റെ പാത ഒരുക്കുവാനുള്ള പുരുഷനാണ് തങ്ങളുടെ പുത്രൻ എന്നുള്ള ഗബ്രീയേൽ ദൂതന്റെ വിളം ബരം സെഖര്യാവിന്റേയും ഭാര്യയുടേയും ചിന്തയെ മഥി ച്ചിരുന്നു. എപ്പോഴാണ് അവൻ പ്രത്യക്ഷനാകുന്നത്? എപ്പോൾ? എങ്ങനെ? എന്ന് അവർ തീർച്ചയായും ചോദിച്ചു കാണും. ഗബ്രീയേലിൽ നിന്നുമല്ല, എലിസബെ ത്തിന്റെ ചാർച്ചക്കാരിയും സ്ത്രീകളിൽ വെച്ചേറ്റവും ആന ന്ദിക്കുന്നവളും പ്രസിദ്ധയും ആകുവാൻ പോകുന്ന ഒരു സ്ത്രീരത്നത്തിൽ നിന്നും അവർ ഉടനെതന്നെ അറിയും.

നിത്യപുത്രനായ ക്രിസ്തുവിന്റെ അവതാരമഹാ ത്ഭുതം മറ്റ് അത്ഭുതങ്ങളുടെ അകമ്പടിയോടും സ്ഥിരീക രണത്തോടും കൂടിയല്ലാതെ ഒരുവന് യുക്ത്യനുസാരമായി അംഗീകരിയ്ക്കുവാൻ സാധ്യമല്ല. ഇങ്ങനെ സെഖര്യാവി നോടുള്ള വിളംബരം, അവനെ ശിക്ഷിയ്ക്കുന്നതു, എലീ സബെത്തിന്റെ അത്ഭുത ഗർഭധാരണം മുതലായവയെല്ലാം

മറിയയുടെ പുത്രനായ ക്രിസ്തുവിന്റെ ജനനത്തിന് മുന്നോടിയായിരുന്നു. ഈ അത്ഭുതങ്ങൾ അടുത്തു നടക്കാൻ പോകുന്ന മഹാത്ഭുതമാകുന്നു കന്യക മറിയമിലൂടെയുള്ള യേശുവിന്റെ ജനനം മനുഷ്യർ വിശ്വസിയ്ക്കുവാൻ അവരെ സഹായിച്ചു. ഈ ദിവ്യജനനത്തിലൂടെ പുരാതന പ്രവചനങ്ങളെല്ലാം നിവൃത്തിക്കപ്പെടുകയും നിഴലുകളായിരുന്നവയെല്ലാം പൊരുളായിത്തീരുകയും ചെയ്തു. മനുഷ്യചരിത്രത്തിൽ മറ്റൊരു വ്യക്തിയിലും ഈ പ്രവചനങ്ങളുടെ നിവൃത്തിയും നിഴലുകളുടെ പൊരുളും കാണുവാൻ സാധ്യമല്ല! കൂടാതെ ബൈബിളിലെ പ്രവാചകന്മാർ വരുമെന്ന് പ്രവചിച്ചിരുന്ന, ഈ നസ്രായനായ യേശു ആണ് ആ ദിവ്യ രക്ഷകനെന്നു വാസ്തവമായും ദൃഢമായും സ്ഥാപിയ്ക്കുവാൻ നമുക്കു കഴിയും. യെഹൂദന്മാരുടെ 'തോറാ' സശ്രദ്ധം പഠിച്ചാൽ ദൈവനിശ്വാസ്യമായ ഈ ഗ്രന്ഥം ഏതൊരു മശിഹയെപ്പറ്റി പരാമർശിയ്ക്കുന്നുവോ ആ വ്യക്തി ഒരു സാധാരണക്കാരനോ, സാധാരണ പ്രവാചകന്മാരിൽ ഒരുവനോ അല്ലെന്നും ഒരു ദിവ്യപുരുഷനാണെന്നും കാണാവുന്നതാണ്.

## VI

## ഗബ്രിയേൽ ദൂതൻ മറിയയോട് വിളംബരം ചെയ്യുന്ന സദ്വാർത്ത

***"ആറാം മാസത്തിൽ ദൈവം ഗബ്രീയേൽ ദൂതനെ നസറെത്ത് എന്നുപേരായ ഗലീല പട്ടണത്തിൽ ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷനു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു. ആ കന്യകയുടെ പേർ മറിയ എന്നായിരുന്നു. ദൂതൻ അവ***

*ളുടെ അടുക്കൽ അകത്തു ചെന്ന്: കൃപ ലഭിച്ചവളേ നിനക്കു വന്ദനം: കർത്താവു നിന്നോടുകൂടെ ഉണ്ട്. സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ എന്നുപറഞ്ഞു. അവൾ അവനെ കണ്ടപ്പോൾ ആ വാക്കു കേട്ടു ഭ്രമിച്ചു. ഇതു എന്തൊരു വന്ദനം എന്നുവിചാരിച്ചു. ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ട; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു; നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്നുപേർ വിളിയ്ക്കേണം. അവൻ വലിയവനാകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിയ്ക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും, അവൻ യാക്കോബ് ഗൃഹത്തിനു എന്നേയ്ക്കും രാജാവായിരിയ്ക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല എന്നുപറഞ്ഞു. മറിയ ദൂതനോടു: ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിയ്ക്കും എന്നുപറഞ്ഞു. അതിന്നു ദൂതൻ: പരിശുദ്ധാത്മാവു നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിയ്ക്കും; ആകയാൽ ഉത്ഭവിയ്ക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നുവിളിക്കപ്പെടും. നിന്റെ ചാർച്ചക്കാരത്തി എലീസബേത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിയ്ക്കുന്നു; മച്ചി എന്നുപറഞ്ഞു വന്നവൾക്കു ഇതു ആറാം മാസം. ദൈവത്തിനു ഒരു കാര്യവും അസാധ്യമല്ലല്ലോ എന്നു ഉത്തരം പറഞ്ഞു. അതിന്നു മറിയ: ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിയ്ക്കു ഭവിക്കട്ടെ എന്നുപറഞ്ഞു; ദൂതൻ അവളെ വിട്ടുപോയി (ലൂക്കൊസ് 1:26 –38).*

പ്രധാന ദൂതനായ ഗബ്രീയേൽ ഗലീലയിലെ പുരോഹിതനായ സെഖര്യാവിനെ സന്ദർശിച്ച് അവന്റെ വന്ധ്യയായ ഭാര്യ എലിസബെത്ത് ഒരു മകനെ പ്രസവിയ്ക്കുമെന്നു പ്രഖ്യാപിച്ചു. അവൻ നീതിമാനും എല്ലാവരാലും ബഹുമാന്യനുമായ

ഒരു നേതാവ് ആയിരുന്നു. ഈ വൃദ്ധനായ പുരോഹിതനുശേഷം അവനെക്കാൾ വലിയവനായ ആരെയാണ് ഗബ്രീയേൽ അടുത്തതായി സന്ദർശിക്കേണ്ടതു? ഒരു രാജാവിനേയോ? വലിയ ഒരു ധനികനേയോ? ഒരു ശക്തിമാനെയോ? അല്ല, അവൻ ദരിദ്രയും വിനീതയുമായ ഒരു കന്യകയെത്തന്നെ സന്ദർശിക്കും, ആ കാലത്തെ സമകാലീനരായ കന്യകമാരെപ്പോലെ ആരും അറിയാത്തതും, ആരാലും മാനിക്കപ്പെടാത്തതും അപ്രധാനിയുമായ ഒരുവളെ തന്നെ. ഈ ലോകത്തിലേയ്ക്കു വരുവാനുള്ള ഏകരക്ഷകനെ പ്രസവിയ്ക്കുവാൻ ഭാഗ്യം ലഭിച്ചവളുടെ അടുത്തേയ്ക്കു ഗബ്രീയേൽ ദൂതൻ അയയ്ക്കപ്പെട്ടു.

കന്യകയായ മറിയക്കു സകല ബഹുമതികളെക്കാളും ശ്രേഷ്ഠമായ ബഹുമതി ദൈവം നൽകി. അതുകൊണ്ടാണ് ഗബ്രീയേൽ ഇപ്രകാരം അവളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞത്, “കൃപ ലഭിച്ചവളേ നിനക്കു വന്ദനം; സന്തോഷിക്കുക, സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ” (ലൂക്കൊസ് 1:28). യഥാർത്ഥ മഹത്വം സ്ഥാനമാനങ്ങളിൽ നിന്നോ, കുടുംബ പശ്ചാത്തലത്തിൽ നിന്നോ, ആകാരസൗഷ്ഠവത്തിൽ നിന്നോ, അന്യാദൃശമായ ബുദ്ധി വൈഭവത്തിൽ നിന്നോ അല്ല, പ്രത്യുത ശുദ്ധമായ ഒരു ആത്മാവിൽ നിന്നുമാണു ഉണ്ടാകുന്നത് എന്നു ദൈവം മാനവരാശിയ്ക്കു കാണിച്ചു തന്നു.

ആ പെൺകുട്ടി ഏക ആയിരുന്നതുകൊണ്ട് മിക്കവാറും ദൂതനെ കണ്ട് ഭയപ്പെട്ടു. അവളെപേർ വിളിച്ചു സംബോധന ചെയ്തതുകൊണ്ട് അവൾ പരിഭ്രാന്തയായി. അവൻ തന്റെ സംബോധന ആവർത്തിക്കുകയും അവൾ പ്രതീക്ഷിക്കുകയോ സ്വപ്നേപി ചിന്തിക്കുകയോ ചെയ്യാത്ത ഒരു ചെറിയ വാർത്ത കൂട്ടിച്ചേർക്കുകയും ചെയ്തു. അവളുടെ ചാർച്ചക്കാരിയായ എലിസബേത്തിനെ

അപേക്ഷിച്ച് വളരെ അതിശയകരമായി അവൾ ഗർഭം ധരിക്കും. അവൾ ഒരു കന്യകയായിരിക്കെ തന്നെ പരിശുദ്ധാത്മാവിനാൽ ഗർഭവതി ആകും. അവളുടെ മകൻ വലിയവനാകും. മാത്രമല്ല, ദൈവപുത്രനെന്നു വിളിക്കപ്പെടും. ദാവീദിന്റെ സന്തതി പരമ്പരയിൽപ്പെട്ടവനായി ദാവീദിന്റെ പിൻഗാമിയായി അവൻ എന്നേക്കും രാജാവായിരിക്കും. അവളുടെ കാലത്തുള്ള മറ്റു പല പെൺകുട്ടികളേയും പോലെ നീതിമാനും ദാവീദിന്റെ സന്തതി പരമ്പരയിൽപ്പെട്ടവനുമായ ഒരുവൻ കല്യാണനിശ്ചയം ചെയ്തിരിക്കെ മശിഹായെ പ്രസവിച്ചതായി അവൾ സ്വപ്നം കണ്ടിരിക്കാം. അങ്ങനെ ഈ അസൂയാവഹമായ പദവിയും പ്രാഗത്ഭ്യവും അവൾക്കു യോസേഫുമായുള്ള വിവാഹനിശ്ചയത്തിൽ നിന്ന്  ലഭിച്ചിരിക്കാം.

യോസേഫുമായുള്ള വിവാഹം നടക്കുന്നതിനുമുമ്പായി തന്നെ അവൾ പെട്ടെന്നു ഗർഭവതി ആകുമെന്നുള്ള ദൂതന്റെ പ്രഖ്യാപനം സ്വതവേ അവലെ പരിഭ്രമചിത്തയാക്കിയിരുന്നു. അവളുടെ ചാരിത്ര്യം കാത്തുസൂക്ഷിക്കുന്നതിനും അവളുടെ അന്തസ്സു സംരക്ഷിക്കുന്നതിനും ഉള്ള ആവശ്യം അവൾക്കു ബോധ്യപ്പെട്ടു. ദൂതൻ അവളോടു പറഞ്ഞ വാക്കുകൾ എങ്ങനെ വിശ്വസിയ്ക്കാനാവുമെന്നു അവൾ ചോദിച്ചു. അവളുടെ ചാരിത്ര്യവും താഴ്മയും ശാലീനതയും അവളുടെ ഏറ്റവും വിലപ്പെട്ട കിരീടങ്ങളായിരുന്നു. ഈ വലിയ മാനദണ്ഡം അവളിൽ ഉറപ്പാക്കിയതിനുശേഷമാണ് ദൈവം യെഹൂദജാതിയുടെ എല്ലാ കന്യകമാരിൽ നിന്നും അവളെ തെരഞ്ഞെടുത്തു. യേശുക്രിസ്തുവിന്റെ മാനുഷികതയുടെ മാതാവായിരിയ്ക്കുവാനുള്ള ദൈവകൃപ അവൾക്കു ലഭിച്ചു. താൻ തെരഞ്ഞെടുക്കുന്നവർക്കു ആവശ്യമായ യോഗ്യത കൊടുത്തുകൊണ്ടാണ് ദൈവം ആർക്കും അവരുടെ പദവിയും വേലയും കൊടുക്കുന്നത്. മറിയയുടെ പുതിയ ധർമ്മങ്ങൾ അനു

ഷ്ഠിയ്ക്കുവാനായി അവളെ യോഗ്യതയുള്ളവളാക്കാൻ ദൈവം തന്റെ കൃപകൾ തുടർമാനമായി അവളുടെ മേൽ വർഷിപ്പിച്ചിരുന്നു. അതിനാൽ ഗബ്രീയേൽ ദൂതൻ ഇപ്രകാരം മറുപടി പറഞ്ഞു, "പരിശുദ്ധാത്മാവു നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിയ്ക്കുന്ന വിശുദ്ധപ്രജ ദൈവപുത്രനെന്നു വിളിയ്ക്കപ്പെടും" (ലൂക്കൊാസ് 1:35).

ദൂതന്റെ അസാധാരണമായ മറുപടി അവന്റെ പ്രഖ്യാപനത്തിന്റെ പ്രത്യേകതയെ വ്യക്തമാക്കുന്നതോ മനുഷ്യബുദ്ധിക്കു മനസ്സിലാക്കാവുന്നതോ ആയിരുന്നില്ല. ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വിധത്തിൽ തികച്ചും അമാനുഷികമായി ആ ശിശു അവളുടെ ഉദരത്തിൽ ഉരുവാകുമെന്ന് ഗബ്രീയേൽ അവൾക്കു ഉറപ്പുകൊടുത്തു. ആ പുത്രൻ പരിശുദ്ധനായിരിയ്ക്കുമെന്ന് കൂട്ടിച്ചേർത്തു. ഈ വിശേഷണം ഒരു മനുഷ്യനും കൊടുക്കാവുന്നതല്ല (വെളിപ്പാട് 15:4).

സെഖർയ്യാവിനെ അപേക്ഷിച്ച് മറിയയുടെ പ്രതികരണം വ്യത്യസ്തമായിരുന്നു. അവൾ അതിന് ഒരു വിശദീകരണം മാത്രമേ ആവശ്യപ്പെട്ടുള്ളൂ. അവളുടെ ചാർച്ചക്കാരി എലിസബത്തിന്റെ ഗർഭധാരണത്തെപ്പറ്റി പറഞ്ഞു അവൻ വാക്കുകൾ സത്യമാണെന്ന് അവളെ ഉറപ്പിച്ചു. ദൈവത്തിന് ഒന്നും അസാധ്യമല്ലെന്ന് അവൻ തറപ്പിച്ചു പറഞ്ഞു. ഒന്നുമില്ലായ്മയിൽ നിന്ന് ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചവന് മാനുഷിക പിതാവ് കൂടാതെ ഒരു കന്യകക്ക് ഒരു കുഞ്ഞിനെ കൊടുക്കുവാൻ കഴിയുകയില്ലയോ? ഗബ്രിയേലിന്റെ വാക്കുകൾ സ്വീകരിയ്ക്കുവാൻ പ്രയാസമായിരുന്നെങ്കിലും അവൾ സ്വയം വിനയപ്പെടുത്തി അതു വിശ്വസിച്ചിട്ടു പറഞ്ഞു, "ഞാൻ കർത്താവിന്റെ ദാസി". അന്ധമായി മനുഷ്യനു കീഴ്പ്പെടുന്നതു

അജ്ഞതയും പരിഹാസ്യവുമാണ്. എന്നാൽ ദൈവത്തിനു പൂർണ്ണമായി കീഴടങ്ങുന്നതാണ് യതാർത്ഥത്തിൽ ഏറ്റവും വലിയ ജ്ഞാനം.

ഈ തെരഞ്ഞെടുക്കപ്പെട്ട കന്യകയുടെ സന്തോഷ മെത്രമാത്രമായിരിക്കണം! അവളുടെയും തന്റെ ജനത്തി ന്റെയും പ്രത്യാശ സമീപമായിരിക്കുന്നു. ദൈവം തന്റെ ജനങ്ങൾക്കായി മശിഹായെ കൊണ്ടുവരുന്നതിന് തെര ഞ്ഞെടുത്ത പാത്രം അവളായിരുന്നു. അവളുടെ സന്തോ ഷത്തിന് അതിരില്ലായിരുന്നിരിയ്ക്കണം.

ഈ ലോകത്തു പൂർണ്ണസന്തോഷം യാതൊരുവിധ ത്തിലും കാണുക സാധ്യമല്ല. അവളുടെ ശുദ്ധഹൃദയത്തിൽ അല്പം ഭയം കലർന്ന സന്തോഷമാണ് ഉണ്ടായത്. അവ ളുടെ രഹസ്യം കണ്ടുപിടിയ്ക്കപ്പെട്ടാൽ തന്റെ ഭർത്താവാ കാൻ പോകുന്നവൻ തന്നെ ഉപേക്ഷിയ്ക്കുമെന്ന് അവൾ ഭയപ്പെട്ടു. അവളുടെ കാര്യം തെളിയിയ്ക്കുന്നതിന് യാതൊരു വഴിയുമില്ല, എന്തുകൊണ്ടെന്നാൽ ആരും അവളെ വിശ്വസിയ്ക്കുകയില്ല. കൂടാതെ അവളുടെ സത്യ സന്ധതയും മഹനീയ സ്വഭാവവും അവളിൽ ന്യായമായ മറ്റൊരു ഭയം ഉളവാക്കി. അസാധാരണമായ ഈ പദ വിയ്ക്കും സൗഭാഗ്യത്തിനും താൻ അയോഗ്യയാണെന്നു അവൾ കരുതി. മാതാവെന്ന നിലയിൽ തന്റെ ചുമതല കൾ നിർവ്വഹിയ്ക്കുവാൻ തനിയ്ക്കു കഴിയുമോ എന്നും അവൾ ഭയപ്പെട്ടു. തനിയ്ക്കോ മറ്റൊരാൾക്കോ തനിയെ ചെയ്യാൻ കഴിയാത്തതിനാൽ ദൈവീക കരുണയിൽ പൂർണ്ണമായി ആശ്രയിയ്ക്കുവാൻ തീരുമാനിച്ചതിൽ അത്ഭു തപ്പെടാനില്ല.

## യോസേഫിന്റെ പരിഭ്രാന്തി

***"എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈവണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു***

*വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടി വരുമ്മുമ്പേ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ അവന്നു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങനെ നിനച്ചിരിയ്ക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തു കൊൾവാൻ ശങ്കിക്കേണ്ട. അവളിൽ ഉൽപ്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിയ്ക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിയ്ക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിയ്ക്കും. അവന്നു ദൈവം നമ്മോടുകൂടെ എന്നു അർത്ഥമുള്ള ഇമ്മാനുവേൽ എന്നുപേർ വിളിക്കും" എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തി ആകുവാൻ ഇതൊക്കെയും സംഭവിച്ചു. യോസേഫ് ഉറക്കം ഉണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു. ഭാര്യയെ ചേർത്തു കൊണ്ടു. ആദ്യമകനെ പ്രസവിയ്ക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല. മകന്നു അവൻ യേശു എന്നു പേർ വിളിച്ചു". (മത്തായി 1:18–25)*

തന്റെ ഭാര്യ ആകാൻ പോകുന്നവൾ ഗർഭവതി ആണെന്നു മനസ്സിലായപ്പോൾ യോസേഫിനു എന്തു തോന്നിയിരിയ്ക്കണം. യോസേഫ് ഇതു എങ്ങനെ മനസ്സിലാക്കിയെന്നു നമുക്കു അറിഞ്ഞുകൂടാ. എങ്കിലും തികച്ചും അസാധരണമായ ഈ സംഭവം അവൻ വിശ്വസിച്ചു. അതേ സമയം മറിയയുടെ ചാരിത്ര്യശുദ്ധിയിൽ അവന്നു യാതൊരു സംശയവുമില്ലായിരുന്നു.

അവളുടെ ഭാവിവരൻ എന്ന നിലയിൽ അവന്ന് അവളെ നിന്ദയിൽ നിന്നും പരിഹാസത്തിൽ നിന്നും രക്ഷിയ്ക്കേണ്ടതുണ്ടായിരുന്നു. അവളെ പരസ്യമായി ഉപേക്ഷിച്ചാൽ അവൻ അവളോടു ചെയ്യുന്ന തെറ്റായിരിയ്ക്കും അത്. കൂടാതെ രക്ഷകൻ അവന്റെ വീട്ടിൽ ജനിക്കുന്നത് തനിക്കു ലഭിക്കുന്ന ഏറ്റവും വലിയ ബഹുമതിയുമായിരിക്കും. നേരെമറിച്ച്, നീതിമാനും, സൽപ്പേരിനെയും ബഹുമതിയെയും സംബന്ധിച്ച വിശുദ്ധ കൽപ്പനകളെയും ദൈവീക പ്രമാണങ്ങളെയും ശ്രദ്ധാപൂർവ്വം പാലിച്ചിരുന്നവനും അതുകൊണ്ട് അതിന്നനുസരിച്ച് അവളെ ശിക്ഷിക്കേണ്ടതായിരുന്നു. അവന്റെ അസ്വസ്ഥതയും മനസ്സിലെ പിരിമുറുക്കവും എത്ര വലിയതായിരുന്നു! ഏതായാലും അതിനെപ്പറ്റി ചിന്തിച്ചതിനുശേഷം അവന്റെ സ്നേഹവും മര്യാദയും കാരണം ഒരു ചെറിയ ശിക്ഷണനടപടി എന്ന പേരിൽ ഗൂഢമായി അവളെ ഉപേക്ഷിപ്പാൻ അവൻ ഭാവിച്ചു.

ഈ സമയത്തു ദൈവം ഇടപ്പെട്ടു. ഒരു ദൈവദൂതൻ (അതു ഗബ്രീയേൽ ആയിരിയ്ക്കാം) സ്വപ്നത്തിൽ അവനെ സന്ദർശിച്ച് എല്ലാ വസ്തുതകളും അവനെ അറിയിച്ചു. തന്നിമിത്തം മറിയയെ ഉപേക്ഷിക്കുന്നതിനെക്കാൾ അവളെ വിവാഹം കഴിയ്ക്കുന്നതാണ് നല്ലതെന്നു യോസേഫിനു ബോധ്യമായി. മാനഹാനി വരുത്തുമെന്നു അവൻ ചിന്തിച്ചതു വാസ്തവത്തിൽ രണ്ടുപേർക്കും ഏറ്റവും വലിയ ബഹുമതിക്കു കാരണമായിത്തീർന്നു. തങ്ങളുടെ ചുറ്റുപാടുകളുടെ സമ്മർദ്ദം നിമിത്തം ദൈവമനുഷ്യർക്കു മിക്കപ്പോഴും ഇപ്രകാരം കഷ്ടം അനുഭവിയ്ക്കേണ്ടി വന്നിട്ടുണ്ട്.

ദൂതൻ മറിയയോടു പറഞ്ഞത് തന്നെ അവനോടും ആവർത്തിച്ചുപറഞ്ഞു, “ശിശുവിനു യേശു എന്ന പേരിടേണം” കുട്ടിയ്ക്കു പേരിടുവാനുള്ള അവകാശം സാധാ

രണ പിതാവിനാണ്. എന്നാൽ ഈ പേരിനെ സംബന്ധിച്ച ദൈവഹിതം യോസേഫിനും മനസ്സിലാകേണ്ടിയിരുന്നു.

യേശു എന്ന നാമം അവന്റെ പ്രത്യേക ദൗത്യത്തിന് (ശുശ്രൂഷയ്ക്കു) ഉതകുന്നതും സാധൂകരിയ്ക്കുന്നതും ആയിരിയ്ക്കണം. 'രക്ഷകൻ' എന്ന് അർത്ഥം വരുന്ന 'യേശു' എന്ന പദവും 'യോശുവ' എന്ന പഴയ എബ്രായ പദവും ഒരുപോലെയാണ്. മനുഷ്യവർഗ്ഗത്തിനു ലഭിച്ച ഏറ്റവും ശ്രേഷ്ഠമായ പേരുകളിൽ ഒന്നാണു ഇത്. എന്തു കൊണ്ടെന്നാൽ മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്ന ഏറ്റവും ഉന്നതമായ പ്രവൃത്തിയെ അതു കാണിയ്ക്കുന്നു. യേശു ആണ് ഏറ്റവും വലിയ വൈദ്യൻ. എല്ലാ മനുഷ്യരേയും പിടിപ്പെട്ട മരണകരമായ പാപരോ ഗത്തിൽ നിന്നും അവൻ സകലരേയും സൗഖ്യമാക്കുന്നു.

ദാരിദ്ര്യം, രോഗം, കഠിനാദ്ധ്വാനം, അവമാനം തുട ങ്ങിയ ലോകവിപത്തിൽ നിന്നും തങ്ങളുടെ ശത്രുക്കളിൽ നിന്നും വിടുവിയ്ക്കുന്ന, വരുവാനുള്ള മശീഹ, ദാവീദിന്റെ കുലത്തിൽ നിന്നും യൂദാ ഗോത്രത്തിൽ നിന്നും വരുമെന്ന് യെഹൂദന്മാർ തങ്ങളുടെ മക്കളോടു പറയുക പതിവാ യിരുന്നു. ദിവാസ്വപ്നങ്ങളാലും വയ്യക്തിക താല്പര്യ ങ്ങളാലും അബദ്ധ വിശ്വാസത്താലും അത്യാഗ്രഹ ത്താലും പ്രേരിതരായ വ്യാജമശിഹാകളാൽ നയിയ്ക്ക പ്പെട്ട രക്തരൂക്ഷിതവിപ്ലവങ്ങൾക്കു കാരണം ഈ പ്രതീക്ഷ ആയിരുന്നു. അതിന്റെ ഫലം രാജ്യത്തിന്ന് എപ്പോഴും നാശമായിരുന്നു. അവർ ഒരിയ്ക്കലും പ്രതീ ക്ഷിച്ചിട്ടില്ലാത്ത വിധത്തിൽ ഏറ്റവും മഹനീയമായി വാഗ്ദത്ത മശിഹായുടെ ദൗത്യത്തേയും പ്രവർത്തന ത്തേയും വെളിവാക്കികൊണ്ട് ദൂതൻ അവരുടെ ഹീന മായ പ്രതീക്ഷകളെ തുടച്ചുമാറ്റി. മശീഹ, കന്യകയിൽ ജാതനാകുമെന്നുള്ള യെശയ്യാവിന്റെ പ്രവചനത്തെ നിറ

വേറ്റുകയും അവന്റെ അമാനുഷികമായ സ്വഭാവവൈശിഷ്ഠ്യം കൊണ്ട് അവന്ന് “ദൈവം നമ്മോടുകൂടെ” എന്നർത്ഥമുള്ള ‘ഇമ്മാനുവേൽ’ എന്നുപേർ വിളിയ്ക്കും (യെശയ്യാവ് 7:14). യോസേഫ് കർത്താവിന്റെ ദൂതന്റെ വാക്കുകൾ അനുസരിച്ച് തന്റെ ഭാര്യയായ മറിയയെ ചേർത്തുകൊണ്ടു. അവൾ തന്റെ ആദ്യമകനെ പ്രസവിക്കുംവരെ അവന്ന് അവളുമായി ലൈംഗികബന്ധമുണ്ടായിരുന്നില്ല. അങ്ങനെയെല്ലാവരും യേശുവിനെ മറിയയുടെയും യോസേഫിന്റേയും മകനായിക്കരുതി. അവൻ നസറെത്തിൽ താമസിച്ച സമയം യോസേഫ് തന്റേയും, ഭാര്യയുടേയും, ശിശുവിന്റേയും അഭിമാനം കാത്തുസൂക്ഷിച്ചു. അവൾക്ക് ഭൗതീകമായ സ്വത്തൊന്നുമുണ്ടായിരുന്നില്ലെങ്കിലും സ്വഭാവത്തിൽ ഇത്ര ധന്യയായ ഒരു ഭാര്യയെ സ്വീകരിച്ചതിൽ യോസേഫ് എത്ര ഭാഗ്യവാനാണ്. വ്യക്തമായ തെളിവുകൾ ഒന്നും കൂടാതെ അവൻ സ്വർഗ്ഗീയ നിർദ്ദേശം അനുസരിച്ച്, അവന്റെ പൂർവ്വികനായ അബ്രഹാം ചെയ്തതുപോലെ ദൈവത്തെ വിശ്വസിച്ചു. അത് അവന്ന് നീതിയായി കണക്കിട്ടു.

## മറിയ എലിസബെത്തിനെ സന്ദർശിക്കുന്നു

**“ആ നാളുകളിൽ മറിയ എഴുന്നേറ്റു മലനാട്ടിൽ ഒരു യെഹൂദ്യപട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു, സെഖര്യാവിന്റെ വീട്ടിൽ എത്തി എലിസബെത്തിനെ വന്ദിച്ചു. മറിയയുടെ വന്ദനം എലിസബെത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി; എലിശബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി ഉച്ചത്തിൽ വിളിച്ചുപറഞ്ഞതു: സ്ത്രീകളിൽ നീ അനുഗ്രഹിയ്ക്കപ്പെട്ടവൾ; നിന്റെ ഗർഭഫലവും അനുഗ്രഹിയ്ക്കപ്പെട്ടതു! എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിയ്ക്കു എവിടെനിന്നും ഉണ്ടായി. നിന്റെ വന്ദനസ്വരം എന്റെ ചെവിയിൽ വീണപ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആന**

**ന്ദംകൊണ്ടുതുള്ളി. കർത്താവ് തന്നോടു അരുളിച്ചെയ്ത തിന്നു നിവൃത്തി ഉണ്ടാകുമെന്നു വിശ്വസിച്ചവൾ ഭാഗ്യ വതി" (ലൂക്കൊസ് 1:39-45).**

വാർദ്ധക്യത്തിൽ താൻ ഗർഭവതിയാകുമെന്ന് ദൈവ ദൂതൻ എലിസബെത്തിനോടു ചെയ്ത വാഗ്ദാനത്തിന്റെ പൂർത്തീകരണം കാണുന്നതിനും തന്നോടു ചെയ്തിട്ടുള്ള വാഗ്ദാനം ഉറപ്പിയ്ക്കുന്നതിനുമാണ് മറിയ എലിസബെ ത്തിനെ സന്ദർശിച്ചത്. ഏതായാലും അവൾ തന്റെ അനു ഭവം തന്റെ ചാർച്ചക്കാരിയുമായി പങ്കിടുന്നതിനും അവളെ അഭിനന്ദിക്കുന്നതിനുമാണ് പോയത്.

നസറെത്തിൽ നിന്നും യെഹൂദാപട്ടണത്തിലേയ്ക്കു അഞ്ചുദിവസത്തെ യാത്രവേണ്ടി വന്നു. മറിയ എലിസ ബെത്തിനെ ആറുമാസം ഗർഭമുള്ളവളായി കണ്ടു. ഇപ്പോൾ മച്ചിയായിരുന്നതിനാലുള്ള മനുഷ്യരുടെ നിന്ദ അവളിൽ നിന്നും മാറി. സമൂഹത്തിൽ അവളെപ്പറ്റി നല്ല മതിപ്പുണ്ടാ യി. മറിയ അവളെ വന്ദനം ചെയ്തു. ഉടനെ തന്നെ ശിശു അവളുടെ ഗർഭാശയത്തിൽ ചലിക്കുവാൻ തുടങ്ങി. അനേ കനാളുകളായി കാത്തിരുന്ന മശിഹായുടെ മാതാവാണ് തന്നെ വന്ദനം ചെയ്തത് എന്ന് അവൾക്ക് അടയാളമായി ഭവിച്ചു. പരിശുദ്ധാത്മാവ് അവളുടെ മേൽ ഇറങ്ങി വന്നു, അവളുടെ ഹൃദയത്തെ പ്രകാശിപ്പിച്ചു. അവളുടെ നാവിന്റെ കെട്ടഴിച്ചു. ദൈവദൂതൻ മറിയയെ വന്ദനം ചെയ്തതുപോ ലെയുള്ള ഒരു വന്ദനം അപ്പോൾ എലിസബെത്ത് അവൾക്കു നൽകി. "നിന്റെ ഗർഭഫലവും അനുഗ്രഹിയ്ക്ക പ്പെട്ടത്". ദൈവദൂതന്റെ സന്ദേശം അംഗീകരിച്ചതിന് എലി സബെത്ത് മറിയയെ അഭിനന്ദിച്ചു. എലിസബെത്ത് മറി യയെ അഭിനന്ദിച്ചു എന്ന വസ്തുത അവളുടെ വിനയത്തെ കാണിയ്ക്കുന്നു. അവളുടെ വാക്കുകൾ ദൈവനിശ്വാസ്യ മായിരുന്നു, എന്തുകൊണ്ടെന്നാൽ അവൾ പറഞ്ഞു.

''എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുന്ന മാനം എനിയക്കു എങ്ങനെ കിട്ടി?'' എലിസബെത്ത് മറിയയെ പുകഴ്ത്തുകയായിരുന്നില്ല, പിന്നെയോ, അവളുടെ ശിശുവിന്റെ ദൈവീകസ്വഭാവങ്ങൾ അവൾ മനസ്സിലാക്കി; എലിസബെത്ത് തന്റെ വന്ദനം അറിയിച്ചു കഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് മറിയേയും നിറച്ചു. അവൾ പറഞ്ഞത്:

**"എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു; എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിയ്ക്കുന്നു; അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിയ്ക്കുന്നുവല്ലോ;**
**ഇന്നുമുതൽ എല്ലാ തലമുറകളും**
**എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.**
**ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു;**
**അവന്റെ നാമം പരിശുദ്ധം തന്നെ;**
**അവനെ ഭയപ്പെടുന്നവർക്കു അവന്റെ കരുണ തലമുറ തലമുറയോളം ഇരിക്കുന്നു**
**തന്റെ ഭുജംകൊണ്ടു അവൻ ബലം പ്രവർത്തിച്ചു,**
**ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു.**
**പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്നു ഇറക്കി;**
**താണവരെ ഉയർത്തിയിരിക്കുന്നു.**
**വിശന്നിരിയ്ക്കുന്നവരെ നന്മകളാൽ നിറച്ചു;**
**സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.**
**നമ്മുടെ പിതാക്കന്മാരോടു അരുളിച്ചെയ്തതുപോലെ അബ്രഹാമിനും അവന്റെ സന്തതിക്കും എന്നേക്കും കരുണ ഓർക്കേണ്ടതിന്നു തന്റെ ദാസനായ യിസ്രായേലിനെ തുണച്ചിരിയ്ക്കുന്നു" (ലൂക്കൊസ് 1:46-55)**

തിരുവെഴുത്തികളിലെ ഏറ്റവും മനോഹരവും ശ്രേഷ്ഠവുമായ ആത്മീകഗാനങ്ങളിൽ ഒന്നു മറിയ പാടി.

ദൈവം അവൾക്കു കൊടുത്ത ബുദ്ധിപ്രഭാവത്തേയും ആത്മീകബോധത്തേയും അതു കാണിയ്ക്കുന്നു. യിസ്രായേല്യർ ചെങ്കടൽ കടന്നു വന്നശേഷം മോശെയുടെ സഹോദരിയായ മിരിയാം ഉല്ലസിച്ചുപാടിയ പാട്ടിനെ അവൾ നമ്മെ ഓർമ്മിപ്പിയ്ക്കുന്നു. കന്യകയായ മറിയ ആത്മപ്രശംസയുടേതല്ല, താഴ്മ നിറഞ്ഞ വാക്കുകളാണ് ഉപയോഗിച്ചത്. അവളുടെ ഒന്നുമില്ലായ്മയും വിലയില്ലായ്മയും അവൾ മനസ്സിലാക്കി. അവളുടെ അവസ്ഥയിൽ ദൈവത്തിനു പുകഴ്ച ലഭിയ്ക്കുമെന്നവൾക്കു പൂർണ്ണബോധ്യമായി. മറ്റുള്ളവരെപ്പോലെ അവൾക്കും ഒരു രക്ഷകനെ ആവശ്യമുണ്ടെന്നും അവളുടെ വ്യക്തിപരമായ രക്ഷയ്ക്കു ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടണമെന്നും അവൾ സമ്മതിയ്ക്കുന്നു. ചിലർ വിശ്വസിയ്ക്കുന്നതുപോലെ അവൾക്കു ആരെയും രക്ഷിയ്ക്കാൻ കഴിയുകയില്ല. മറിയ പറഞ്ഞു, “എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു”. ഇവിടെ ദൈവീക ദാനം ലഭിയ്ക്കാൻ തനിയ്ക്കു യാതൊരു യോഗ്യതയുമില്ലെന്നു അവൾ സമ്മതിയ്ക്കുന്നു. എന്നിട്ടും ഒരു മനുഷ്യന് ലഭിയ്ക്കാവുന്ന ഏറ്റവും വലിയ പദവിയിലേയ്ക്കു ദൈവം അവളെ തെരഞ്ഞെടുക്കുകയും ഉയർത്തുകയും ചെയ്തു. ഈ അനുഗൃഹീത പ്രവർത്തനത്തെ ആദ്യമായി ആംഗീകരിച്ചതും അവൾ തന്നെ. അവൾ ഇപ്രകാരം പറഞ്ഞു, “അവൻ തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നുവല്ലോ”. ഈ വാക്കുകൾ മറിയയുടെ മാഹാത്മ്യം വെളിവാക്കുന്നു. അവൾ ഒരിക്കലും ഒരത്ഭുതം പ്രവർത്തിച്ചില്ല. അവളുടെ നാമം കൂടെക്കൂടെ പറയപ്പെട്ടിട്ടുമില്ല. ഈ സംഭവത്തിനുശേഷം അവൾ ഏതെങ്കിലും പ്രധാന പ്രസ്താവന ഇറക്കിയിട്ടില്ല; അവൾക്കു യാതൊരു പ്രത്യേക ബഹുമതിയും നൽകിയതായിട്ടും കാണുന്നില്ല. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനു ശേഷവും അവളുടെ പേരു തിരുവെഴുത്തുക

ളിൽ വളരെ അപൂർവ്വമാണ്. മാളികമുറിയിൽ പ്രാർത്ഥന യ്ക്കായി കൂടി വന്ന 120 പേരിൽ ഒരുവളായിരുന്നു അവൾ എന്നുമാത്രം പറയുന്നു.

അവളുടെ ഔന്നത്യത്തിന്റെ ശ്രേഷ്ഠമായ ശ്രേണി യിൽ നിന്നുകൊണ്ടുള്ള അവളുടെ സ്വയപരിത്യാഗത്തിൽ നിന്നും നമുക്കു വളരെ പഠിയ്ക്കുവാനുണ്ട്. അവൾ പറ ഞ്ഞു, "അവന്റെ നാമം മാത്രം പരിശുദ്ധം". ദൈവം ചെയ്ത തിൽ അവൾ സന്തോഷിയ്ക്കുകയും ദൈവത്തെക്കുറിച്ചു മാത്രം അവൾ ചിന്തിയ്ക്കുകയും ചെയ്തു. ദൈവത്തിനു മുഖപക്ഷമില്ല എന്നവൾ വിളംബരം ചെയ്യുന്നു. മനുഷ്യന്റെ വിചാരങ്ങൾ പോലെയല്ല, ദൈവം തന്റെ സ്വന്ത ഇഷ്ടപ്ര കാരം ചിന്തിയ്ക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അവൻ താണവരെ ഉയർത്തുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യുന്നു. തങ്ങൾ ദൈവത്തിന്റെ പ്രത്യേക പരിഗണന അർഹിയ്ക്കുന്നു എന്നു വിശ്വസിയ് ക്കുന്നവരെ അവൻ നിഷേധിയ്ക്കുകയും അനർഹരാ ണെന്നു വിചാരിയ്ക്കുന്നവരെ കടാക്ഷിക്കുകയും ചെയ്യു ന്നു. ക്രിസ്തീയ സഭ മറിയയുടെ ഈ ഗീതത്തിൽ ശരി യായും അഭിമാനം കൊള്ളുകയും ഏറ്റവും വിലയുള്ള ഒരു സുവിശേഷ ഗീതമായി അതിനെ കണക്കാക്കുകയും ചെയ്യുന്നു.

**"എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു;**
**എന്റെ ആത്മാവ് എന്റെ രക്ഷിതാവായ**
**ദൈവത്തിൽ സന്തോഷിക്കുന്നു"**

**(ലൂക്കൊസ് 1:46, 47)**

# VII

# ക്രിസ്തുവിന്റെ ജനനം

**"ആ കാലത്തു ലോകമൊക്കെയും പേർവഴി ചാർത്തേണം എന്നു ഔഗുസ്തൊസ് കൈസറുടെ ഒരു ആജ്ഞ പുറപ്പെട്ടു. കുറേന്യൊസ് സുറിയനാടു വാഴുമ്പോൾ ഈ ഒന്നാമത്തെ ചാർത്തൽ ഉണ്ടായി. എല്ലാവരും ചാർത്തപ്പെടേണ്ടതിന്നു താന്താന്റെ പട്ടണത്തിലേയ്ക്കു യാത്രയായി. അങ്ങനെ യോസേഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ട് തനിക്കു വിവാഹം നിശ്ചയിച്ചിരുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടും കൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസറെത്ത് പട്ടണം വിട്ട് യെഹൂദ്യയിൽ ബേത്‌ലഹെം എന്ന ദാവീദിന്റെ പട്ടണത്തിലേയ്ക്കു പോയി. അവർ അവിടെ ഇരിയ്ക്കുമ്പോൾ അവൾക്കു പ്രസവത്തിനുള്ള കാലം തികഞ്ഞു. അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു. ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്ക് സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി. (ലൂക്കൊസ് 2:1–7).**

മറിയ തന്റെ ഗർഭകാലം മുഴുവനും യോസേഫിന്റെ കുടുംബത്തോടുകൂടെ വസിച്ചു. പ്രസവസമയം അടുത്തപ്പോഴും അവൾ തന്റെ പിതൃനഗരത്തിൽ തന്നെയായിരുന്നു. നസറെത്തിൽ നിന്നും അകലെയുള്ള ബേത്‌ലഹെമിൽ മശിഹാ ജനിക്കുമെന്നു ഏകദേശം 700 വർഷങ്ങൽക്കു മുമ്പ് മീഖാ പ്രവചിച്ചിരുന്നു (മീഖാ 5:2). പ്രവാചകനായ യെശയ്യാവ് പറഞ്ഞു, "യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചുനോക്കുവിൻ. അവയിൽ ഒന്നും കാണാതിരിക്കയില്ല, ഒന്നിനും ഇണയില്ലാതിരിക്കയുമില്ല. അവന്റെ വായല്ലോ കല്പിച്ചതു. അവന്റെ ആത്മാവത്രേ

അവയെ കൂട്ടി വരുത്തിയതു (യെശയ്യാവ് 34:16). പില്ക്കാലത്തു ക്രിസ്തു പറഞ്ഞു, "ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും, എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്തായി 24:35). ശീതക്കാലാരംഭത്തിൽ പ്രസവസമയം ഏറ്റവും അടുത്തിരിക്കുന്ന മറിയേയും കൂട്ടിക്കൊണ്ട് നസറെത്തിൽ നിന്ന് നാലഞ്ചു ദിവസത്തെ യാത്രയുള്ള ബേത്ലഹേമിലേക്കു പോകുവാൻ യോസേഫിനേയും മറിയേയും പ്രേരിപ്പിച്ച ചേതോവികാരം എന്തായിരുന്നു?

ദൈവം തന്റെ ഇഷ്ടം നിറവേറ്റുന്നതിനായി ദൈവദൂതന്മാരെ മാത്രമല്ല, രാജാക്കന്മാരേയും ഉപയോഗിക്കുന്നു. 'ശലോമോൻ' എഴുതുന്നു, "രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടു കണക്കെ ഇരിക്കുന്നു" (സദൃശ്യവാക്യങ്ങൽ 21:1). പ്രബലനായ റോമൻ ചക്രവർത്തിയെ ഒരു പൊതു സെൻസസ്സ് എടുക്കുവാൻ ദൈവം ഉപയോഗിച്ചു. പാലസ്തീനിലെ യെഹൂദന്മാരുടെ രീതി അനുസരിച്ച് - അവർ എവിടെ താമസിക്കുന്നു എന്ന പരിഗണനയില്ലാതെ - എല്ലാവരും തങ്ങളുടെ പിതൃനഗരത്തിൽ വന്നു പേരു രജിസ്റ്റർ ചെയ്യുവാൻ അവരെ അവൻ അനുവദിച്ചു. യോസേഫും മറിയയും ദാവീദിന്റെ വംശാവലിയിൽ പെട്ടവരായിരുന്നതുകൊണ്ട് ദാവീദിന്റെ പട്ടണമായ ബേത്ലഹെമിൽ പേരു രജിസ്റ്റർ ചെയ്യേണ്ടി വന്നു.

## ബേത്ലഹേമിലെ ജനനം

ദാവീദ് മുതൽ ക്രിസ്തുവരെയുള്ള ആയിരം വർഷം യെഹൂദന്മാർ ലോകം മുഴുവനും ചിതറപ്പെട്ടിരുന്നു. സെൻസസ്സ് സമയത്ത് ബേത്ലഹേമിൽ നിന്നും പിറന്നവരും ഇപ്പോൾ സിറിയ നാട്ടിൽ താമിക്കുന്നവരുമായ (സിറിയ റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു) ആളുകളുടെ അവരുടെ മാതൃപട്ടണത്തിലേയ്ക്കു

മടങ്ങിപ്പോയി. ആ കൂട്ടത്തിൽ യോസേഫും മറിയയും ഉണ്ടായിരുന്നു. ആ പ്രദേശം അവർക്കു താമസിയ്ക്കുവാൻ ഇടം കിട്ടാത്തവണ്ണം ജനനിബിഡമായിരുന്നു. അവർ ദരിദ്രരായിരുന്നതിനാൽ ആരും അവരെ തങ്ങളുടെ ഭവനത്തിലേയ്ക്കു ക്ഷണിച്ചതുമില്ല. കൂടാതെ ഈ യുവദമ്പതികൾ ഗലീലക്കാരായിരുന്നതിനാൽ യെഹൂദ്യനിവാസികൾ അവരെ വെറുത്തിരുന്നു. അതിനാൽ ആ രാത്രി മൃഗങ്ങളോടുകൂടെ ഒരു വഴിയമ്പലത്തിനടുത്തു അവർക്കു കഴിയേണ്ടിവന്നു.

മറിയ തന്റെ ആദ്യജാതനെ ആ രാത്രി പ്രസവിച്ചു. അവൾ അവനെ ഒരു പശുത്തൊട്ടിയിൽ കിടത്തി. ഇതിനെക്കാൾ വലിയ ദാരിദ്ര്യാവസ്ഥ എന്താണ്? എന്നാൽ പാപികളെ രക്ഷിയ്ക്കുവാൻ വേണ്ടി ദൈവം മനുഷ്യനായിത്തീർന്ന അത്ഭുതകരമായ ദൈവസ്നേഹത്തിന്റെ അവതാരത്തിനുള്ള ദൈവീക പദ്ധതിയിൽപ്പെട്ടതായിരുന്നു ഇക്കാര്യം.

ആ സമയത്തു ബേത്‌ലഹേമിലേയ്ക്കു അനേകരെ എത്തിച്ച സെൻസസ്സിനെപ്പറ്റി എല്ലാവരും അറിഞ്ഞിരുന്നു. എങ്കിലും ആ ശിശുവിന്റെ ജനനത്തെപ്പറ്റി വളരെ കുറച്ച് ആളുകൾ മാത്രമേ അറിഞ്ഞുള്ളൂ. ഇന്നു ആ സ്ഥിതി മാറ്റപ്പെട്ടിരിയ്ക്കുന്നു. കൈസറുടെ ഈ സെൻസസ്സ് എല്ലാവരും മറന്നുകാണും. എന്നാൽ ആ സെൻസസ്സിനെ ക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിൽ മാത്രം അറിയുന്നു. ധാരാളം ആളുകൾ യേശുവിന്റെ ജന്മസ്ഥലമായ ബേത്‌ലഹേം സന്ദർശിയ്ക്കുവാൻ ബദ്ധപ്പെടുന്നു.

ഈ പുൽത്തൊട്ടിയെപ്പറ്റി ചിന്തിച്ചാൽ, “ലോകത്തിലെ പ്രസിദ്ധരായ വിദ്യാസമ്പന്നന്മാരും രാജാക്കന്മാരും, ധനികരും ആരാധിയ്ക്കുകയും അവരുടെ ആരാധനയുടെ ഏകകേന്ദ്രവിഷയവുമായതു രണ്ടായിരം വർഷ

ങ്ങൾക്കുമുമ്പ് പിറന്നു വീണ ഈ ദരിദ്രശിശുവായിരുന്നോ" എന്നു നമുക്കു ചോദിക്കാൻ തോന്നുന്നു. അവർ അവന്റെ കുരിശിന്റെ മുമ്പിൽ മുട്ടുക്കുത്തുകയും, അവന്റെ കല്പന കളെ ശിരസ്സാവഹിക്കാൻ തയ്യാറാവുകയും അവനോടു ചേർന്നു നിൽക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ആദ്യത്തെ ആദാമിന്റെ വീഴ്ചയാൽ ഉണ്ടായ പാപത്തിൽ നിന്നും പാപത്തിന്റെ ശിക്ഷയായ മരണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി മാനുഷിക പിതാവില്ലാതെ, പാപ സ്വഭാവമില്ലാതെ, പാപമില്ലാതെ, ലോകത്തിലേയ്ക്കു വന്ന 'രണ്ടാം ആദാ'മാണ് യേശു എന്നതു ഒരു സത്യപ്രസ്താ വനയാണ് (1 കൊരിന്ത്യർ 15:45-49). അധഃപതിച്ചതും നശി ച്ചതുമായ ഈ ലോകത്തിനു പകരം പറുദീസയും ആത്മീ കതലമുറക്കു പുതുജീവൻ (നിത്യജീവൻ) നൽകുവാനു മാണ് അവൻ വന്നത്.

## ദൈവദൂതന്മാർ ഈ വാർത്ത ആട്ടിടയരോട് അറിയിക്കുന്നു

***"അന്നു ആ പ്രദേശത്തു ഇടയന്മാർ രാത്രിയിൽ ആട്ടിൻ കൂട്ടത്തെ കാവൽ കാത്തു വെളിയിൽ പാർത്തി രുന്നു. അപ്പോൾ കർത്താവിന്റെ ഒരു ദൂതൻ അവരുടെ അരികെ നിന്നു, കർത്താവിന്റെ തേജസ്സ് അവരെ ചുറ്റി മിന്നി, അവർ ഭയപരവശരായിത്തീർന്നു. ദൂതൻ അവ രോടു: "ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാ നുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവി ശേഷിയ്ക്കുന്നു: കർത്താവായ ക്രിസ്തു എന്ന രക്ഷി താവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിയ്ക്കുന്നു. നിങ്ങൾക്കു അടയാളമോ: ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു. പെട്ടെന്ന് സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്നു ദൈവത്തെ പുകഴ്ത്തിപ്പറഞ്ഞത്:***

*"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം".*

*ദൂതന്മാർ അവരെ വിട്ടു സ്വർഗ്ഗത്തിൽ പോയ ശേഷം ഇടയന്മാർ: നാം ബേത്‌ലഹെമോളം ചെന്നു കർത്താവ് നമ്മോടു അറിയിച്ച ഈ സംഭവം കാണേണം എന്നു തമ്മിൽ പറഞ്ഞു. അവർ ബദ്ധപ്പെട്ടു ചെന്ന്, മറിയയേയും യോസേഫിനേയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനേയും കണ്ടു. കണ്ടശേഷം ഈ പൈതലിനെക്കുറിച്ചു തങ്ങളോടു പറഞ്ഞവാക്ക് അറിയിച്ചു. കേട്ടവർ എല്ലാവരും ഇടയന്മാർ പറഞ്ഞതിനെക്കുറിച്ച് ആശ്ചര്യപ്പെട്ടു. മറിയ ഈ വാർത്ത ഒക്കെയും ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു. തങ്ങളോടു അറിയിച്ചതുപോലെ ഇടയന്മാർ കേട്ടതും കണ്ടതുമായ എല്ലാറ്റിനെയും കുറിച്ച് ദൈവത്തെ മഹത്വപ്പെടുത്തിയും പുകഴ്ത്തിയും കൊണ്ടു മടങ്ങിപ്പോയി". (ലൂക്കൊസ് 2:8-20).*

ക്രിസ്തുവിന്റെ ജനനത്തോടൊപ്പം സ്വർഗ്ഗീയമായ പല സംഭവങ്ങളും നടന്നു. വലിയ സ്വർഗ്ഗീയ പ്രവർത്തനങ്ങൾ നടന്നതായി നിരീക്ഷിക്കാം. ദൃശ്യമായ വിധത്തിൽ സ്വർഗ്ഗീയ സൈന്യത്തെ ദൈവം ഭൂമിയിലേക്കു അയച്ചതും സ്വർഗ്ഗത്തിൽ (ആകാശത്തിൽ) പാടിയ പാട്ടു കേട്ടതുമായി രേഖപ്പെടുത്തിയിരിയ്ക്കുന്നതു ക്രിസ്തുവിന്റെ ജനനത്തോടനുബന്ധിച്ച് മാത്രമാണ്.

പാട്ട് കേൾക്കുന്നതിനും ദൈവദൂതന്മാരെ കാണുന്നതിനുമുള്ള വിശേഷാവകാശം ലഭിച്ച മനുഷ്യർ ആരായിരുന്നു? അവർ ധനികരായിരുന്നില്ല, വിദ്യാസമ്പന്നരായിരുന്നില്ല. ഹെരോദാ രാജാവിനും മഹാപുരോഹിതനും ഈ ഭാഗ്യം ലഭിച്ചില്ല. പിന്നെയോ, ഇപ്പോൾ ജനിച്ച കുഞ്ഞിനെപ്പോലെ ദരിദ്രരായവരെയാണ് ദൈവം തെരഞ്ഞെടുത്തത്.

ഇത് മനുഷ്യരാശിയെ രക്ഷിക്കുന്നതിനായി ദൈവം എത്രമാത്രം താഴ്മ ധരിച്ചു എന്ന് കാണിക്കുന്നു. "ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ...... പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രന്മാരെല്ലാം സന്തോഷിക്കുകയും ചെയ്തു" (ഇയ്യോബ് 38:6). എന്നാൽ അത് കേൾക്കുന്നതിന് ഒരു മനുഷ്യകാതും ഇല്ലായിരുന്നു. വീണ്ടെടുപ്പിന്റെ അടിസ്ഥാനവും മൂലക്കല്ലും ഇട്ടപ്പോൾ (നിത്യനായ ദൈവപുത്രൻ അവതരിച്ചപ്പോൾ) ബേത്‌ലഹെമിന്റെ പ്രദേശങ്ങളിൽ ഒരു ഗാനാലാപം കേട്ടു. രാത്രിയിൽ തങ്ങളുടെ ആടുകളെ കാത്തുകൊണ്ടിരുന്ന ഒരുകൂട്ടം ആട്ടിടയന്മാരുടെ കാതുകളിലാണ് ദൈവദൂതന്മാരുടെ ഭക്തിഗാനങ്ങൾ മുഴങ്ങികേട്ടത്.

ദൈവത്തിന്റെ തേജസ്സ് അവരെ ചുറ്റിമിന്നിയപ്പോൾ അവർ ഭയപരവശരായിത്തീർന്നു. എന്നാൽ ദൂതന്മാർ അവരോട് പറഞ്ഞത്, "ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളോടു ഘോഷിക്കുന്നു" എന്നാണ്. ഇതു സെഖര്യാവു മറിയയും കേട്ടതിനേക്കാൾ ശ്രേഷ്ഠമായ വാർത്തയായിരുന്നു. അത് യഥാർത്ഥത്തിൽ സംഭവിക്കുകയും എല്ലാ ദൈവമക്കളും അതിനാൽ അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

ദൂതൻ ആ ശിശുവിനെ 'രക്ഷിതാവ്' എന്ന് വിളിച്ചപ്പോൾ യോസേഫിനോടും മറിയയോടും പറഞ്ഞതുത്തന്നെയാണ് ആട്ടിടയരോടും പറഞ്ഞത്. അവൻ ഇപ്പോൾ ആ ആട്ടിടയരോട്, "കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു". ഈ രക്ഷിതാവ് ദാവീദിന്റെ പട്ടണത്തിൽ നിന്നുള്ളവനാകയാൽ ദാവീദിന്റെ വംശാവലിയിൽ ഉള്ളവനാണെന്ന് അവൻ അവർക്ക് വിവരിച്ചുകൊടുത്തു. കേവലം ഒരു മനുഷ്യനല്ല, എല്ലാവരും ദീർഘനാളായി

കാത്തിരുന്ന മശിഹായും കർത്താവുമാണ് അവൻ. അവനെ കാണുമ്പോൾ തിരിച്ചറിയുന്നതിന്ന് അവർക്ക് ഒരു അടയാളവും നൽകി. ദൈവദൂതൻ ഈ വാക്കുകൾ പറഞ്ഞു അവാസനിപ്പി ച്ചപ്പോൾ സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ഈ വിളം ബരം സ്ഥിരീകരിക്കാനായി പ്രത്യക്ഷപ്പെട്ടു. അവർ ദൈവത്തെ മഹത്വപ്പെടുത്തുകയായിരുന്നു. ഒരു പുതിയ ദൂത് കൊടുക്കുകയല്ല ദൂതന്മാർ ചെയ്തത്, പിന്നെയോ, പഴയ ദൂതിനെ ആവർത്തിച്ചുപറഞ്ഞു സ്ഥിരീകരിക്കുക യായിരുന്നു. “അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം”. വിസ്മ യാവഹമായ ഈ പ്രസ്താവന ആശയത്തിൽ അപ്പൊസ്ത ലനായ പൗലോസിന്റെ വാക്കുകളുമായി പരിപൂർണ്ണമായും യോജിക്കുന്നു. “ദൈവരാജ്യം ഭക്ഷണവും പാനീയവുമ ല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോ ഷവുമത്രേ” (റോമർ 14:17).

മനുഷ്യർ എന്തുമാത്രം സ്വർഗ്ഗീയ ജീവികളുടെ സാന്നിദ്ധ്യം ആഗ്രഹിച്ചാലും അവർ മനുഷ്യരോടൊത്തു വസിക്കാത്തതുകൊണ്ട് ഈ ദൂതന്മാർ സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചുപോയി. അവരുടെ സന്ദർശനഫലമായി ആട്ടിടയ ന്മാർ അവർക്കു ലഭിച്ച മാർഗ്ഗ നിർദ്ദേശപ്രകാരം പട്ടണ ത്തിലേയ്ക്കു ബദ്ധപ്പെട്ടു ചെന്ന് ശിശുവായ യേശുവിൻന്റെ മഹത്വവും താഴ്ചയും അവരുടെ കണ്ണുകൾക്കു ബോധ്യ മായി. അങ്ങനെ അവർ ദൈവദൂതന്മാരുടെ സന്ദർശന ത്തിനും ബാഹ്യപരിതസ്ഥിതികളിൽ നിന്നു മനസ്സിലാക്കാ നാവാത്ത ഈ ശിശുവിന്റെ ഉൽപത്തി സംബന്ധിച്ച നിജ സ്ഥിതിക്കും അവർ ദൃക്സാക്ഷികളായി. ക്രിസ്തുവിന്റെ ജന്മസ്ഥലം സന്ദർശിയ്ക്കുന്നതിൽ നിന്നും ഈ എളിയ ജനത്തെ ആർക്കു വിലക്കുവാൻ സാധിയ്ക്കും? ഈ ലോക ത്തിലെപോലെ അവിടെ പാറാവുകാർ ഉണ്ടായിരുന്നില്ല.

യേശു ഒരു രാജകൊട്ടാരത്തിൽ പിറന്നിരുന്നെങ്കിൽ ദരിദ്രരായ ആട്ടിടയർക്ക് ഈ മഹാഭാഗ്യം ലഭിയ്ക്കുമായിരുന്നില്ല. അവർ ബദ്ധപ്പെട്ടു ചെന്ന് ദൂതൻ പറഞ്ഞതുപോലെതന്നെ കണ്ടു. മറിയയോടും യോസേഫിനോടും മറ്റുള്ളവരോടും അവരുടെ ദർശനം വിശദീകരിച്ചപ്പോൾ അവർ ആശ്ചര്യഭരിതരായിത്തീർന്നു. സന്തോഷഭരിതയായ മറിയയ്ക്കോ ഈ വാർത്ത വളരെ പ്രധാനപ്പെട്ടതായിരുന്നു. തന്റെ അത്ഭുതശിശുവിനെക്കുറിച്ച് ദൈവദൂതൻ തന്നോട് പറഞ്ഞിട്ടുള്ളവയുടെ സ്ഥിരീകരണമായിരുന്നു ആട്ടിടയന്മാരുടെ സന്ദേശം എന്നതിനാൽ അമ്മയായ മറിയക്കും വളരെ സന്തോഷമുണ്ടായി.

ദൈവദൂതന്മാർ മുമ്പ് ചെയ്തതുപോലെ ഈ ആട്ടിടയന്മാർ ദൈവത്തെ പുകഴ്ത്തിക്കൊണ്ട് അവരുടെ ആട്ടിൻക്കൂട്ടത്തിലേയ്ക്കു മടങ്ങിപ്പോയി. ആത്മാക്കളുടെ ഇടയനും സഭയുടെ തലയുമായ ഈ രക്ഷിതാവിന്റെ ജനനവാർത്ത ആദ്യം അറിയിച്ചതു ഇവരായിരുന്നു. സാധുക്കളായ ഭക്തന്മാരിൽപ്പെട്ടവരായിരുന്നു ആ ഇടയന്മാർ എന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിയ്ക്കും. അവർ മതത്തിന്റെ പല ആർഭാടാചാരങ്ങളേയും തൃണവൽക്കരിച്ചു. ഇവയിൽ ചിലതു വളരെ പ്രയാസമേറിയവയും ആയിരുന്നു. യെരുശലേം ദേവാലയത്തിലെ ആരാധനക്കുള്ള വിശുദ്ധ യാഗങ്ങൾക്കു വേണ്ടി അർപ്പിക്കുന്ന ആട്ടിൻകുട്ടികളെ സംരക്ഷിക്കുന്നതും ഇവരായിരിക്കും. യോഹന്നാൻ സ്നാപകൻ പറഞ്ഞ, “ദൈവത്തിന്റെ കുഞ്ഞാടും” (യോഹന്നാൻ 1:29) അപ്പൊസ്തലനായ യോഹന്നാൻ പ്രതിപാദിച്ച “അറുക്കപ്പെട്ടതു പോലെ നിൽക്കുന്ന കുഞ്ഞാടും” (വെളിപാട് 5:6) ആയ ഈ നവജാത ശിശു ഇവിടെ ദേവാലയത്തിൽ യാഗമായി അർപ്പിക്കപ്പെടുന്ന ഊനമില്ലാത്ത ആടിനോടു സദൃശ്യനായി നമുക്കു കാണാവുന്നതാണ്.

## പരിച്ഛേദന

***"പരിച്ഛേദന കഴിപ്പാനുള്ള എട്ടു ദിവസം തികഞ്ഞപ്പോൾ അവൻ ഗർഭത്തിൽ ഉൽപ്പാദിക്കും മുമ്പേ ദൂതൻ പറഞ്ഞതുപോലെ അവന് 'യേശു' എന്നു പേർ വിളിച്ചു. മോശെയുടെ ന്യായപ്രമാണപ്രകാരം അവളുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ, "കടിഞ്ഞൂലായ ആണൊക്കെയും കർത്താവിന് വിശുദ്ധം ആയിരിക്കേണം" എന്നു കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ അവനെ കർത്താവിന്ന് അർപ്പിക്കാനും, ഒരു ഇണകുറുപ്രാവിനെയോ, രണ്ടു പ്രാക്കുഞ്ഞിനെയോ കർത്താവിന്റെ ന്യായപ്രമാണത്തിൽ കൽപ്പിച്ചതുപോലെ യാഗം കഴിപ്പാനും അവർ അവനെ യെരുശലേമിലേക്കു കൊണ്ടുപോയി" (ലൂക്കൊസ് 2:21-24).***

ദൈവത്തിന്റെ പ്രത്യേക ജനത്തിന്റെ ഉടമ്പടിയുടെ അടയാളമായി അബ്രഹാമിനോടു ദൈവം കല്പിച്ച പ്രകാരം എട്ടാം ദിവസം ശിശുവായ യേശുവും പരിച്ഛേദന ചെയ്യപ്പെട്ടു. പഴയതും പുതിയതുമായി തന്നിൽ ബന്ധിപ്പിയ്ക്കുന്നതിന് പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ താൻ പഴയ നിയമത്തിന്റെ ആചാരങ്ങൾക്കു കീഴ്പ്പെട്ടതിന്റെ ഒരു സന്ദർഭമായിരുന്നു ഇത്. ഇപ്രകാരം സൃഷ്ടാവ്, സൃഷ്ടി എന്നീ രണ്ടു സ്വഭാവങ്ങൾ അവൻ തന്നിൽ സംയോജിപ്പിച്ചു.

## ദൈവത്തിന്റെ രക്ഷയെ ശിമ്യോൻ കാണുന്നു

***"യെരുശലേമിൽ ശിമ്യോൻ എന്നു പേരുള്ളോരു മനുഷ്യൻ ഉണ്ടായിരുന്നു; ഈ മനുഷ്യൻ നീതിമാനും യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരിയ്ക്കു***

*ന്നവനുമായിരുന്നു; പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ ക്രിസ്തുവിനെ കാണും മുമ്പേ മരണം കാൺകയില്ലെന്ന് പരിശുദ്ധാത്മാവിനാൽ അവന്ന് അരുളപ്പാടുണ്ടായിരുന്നു. അവൻ ആത്മനിയോഗത്താൽ ദൈവാലയത്തിൽ വന്നു. യേശു എന്ന പൈതലിനു വേണ്ടി ന്യായപ്രമാണത്തിന്റെ ചട്ടപ്രകാരം ചെയ്‌വാൻ അമ്മയപ്പന്മാർ അവനെ അകത്ത് കൊണ്ട് ചെന്നപ്പോൾ അവൻ അവനെ കയ്യിൽ ഏന്തി ദൈവത്തെ പുകഴ്ത്തി:*

> *ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിയ്ക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ.*

*ഇങ്ങനെ അവനെക്കുറിച്ച് പറഞ്ഞതിൽ അവന്റെ അപ്പനും അമ്മയും ആശ്ചര്യപ്പെട്ടു. പിന്നെ ശിമ്യോൻ അവരെ അനുഗ്രഹിച്ചു, അവന്റെ അമ്മയായ മറിയയോടു: അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിന് ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചക്കും എഴുന്നേൽപ്പിന്നും മറുത്തുപറയുന്ന അടയാളത്തിനുമായി വെച്ചിരിക്കുന്നു. നിന്റെ സ്വന്തപ്രാണനിൽക്കൂടിയും ഒരു വാൾ കടക്കും" എന്നുപറഞ്ഞു (ലൂക്കൊസ് 2:25-35).*

യോസേഫും മറിയയും ന്യായപ്രമാണപ്രകാരം ക്രിസ്തുവിനെ ദൈവാലയത്തിലേയ്ക്കു കൊണ്ടുവന്നു.

ദൈവാലയത്തിന്റെ കർത്താവ്, കർത്താവിന്റെ ആലയത്തിലെ സന്ദർശനം മുമ്പേ അത്ഭുതങ്ങളാലും അടയാളങ്ങളാലും സ്ഥിരീകരിക്കപ്പെടാതിരുന്നില്ല. ദൈവഭക്തനും വൃദ്ധനും പരിശുദ്ധാത്മാവ് നിറഞ്ഞവനുമായ ശിമ്യോന്, ലോകരക്ഷിതാവായ മശിഹായെ കാണുന്നതിനു മുമ്പ് മരിയ്ക്കുകയില്ല എന്നുള്ള വെളിപ്പാട് ലഭിച്ചിരുന്നു. അങ്ങനെ ആ ദിവസം ദൈവാലയത്തിലേക്കു പരിശുദ്ധാത്മാവ് അവനെ നടത്തി. അവൻ അവിടെപ്പോയി യോസേഫിനേയും മരിയയേയും ശിശുവിനെയും കണ്ടു. ആ അനുഗ്രഹിയ്ക്കപ്പെട്ടവൻ ഈ ശിശുവാണെന്നു അവന്നു ബോധ്യമായി. ദൈവത്തിനു സമർപ്പിയ്ക്കുന്നതുപോലെ അവൻ അവനെ കയ്യിലേന്തി ഇപ്രകാരം പറഞ്ഞു ദൈവത്തെ പുകഴ്ത്തി, ''ഇപ്പോൾ നാഥാ! തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിയ്ക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണുകണ്ടുവല്ലോ".

ഈ ശിശുവിന്റെ യഥാർത്ഥ അവസ്ഥ പ്രകടമാക്കുന്ന ശിമ്യോന്റെ മൊഴികളാൽ ആശ്ചര്യഭരിതരായ മറിയയേയും യോസേഫിനേയും മുതിർന്നവൻ ഇളയവനെ അനുഗ്രഹിക്കുന്നതുപോലെ ശിമ്യോൻ അവരെ അനുഗ്രഹിച്ചു. രക്ഷിതാവ് എന്ന നിലയ്ക്ക് അനേകരുടെ വീഴ്ചയ്ക്കും എഴുന്നേൽപ്പിന്നും കാരണക്കാരനായിത്തീരുമെന്നുമുള്ള ക്രിസ്തുവിന്റെ വ്യക്തിത്വത്തേയും പ്രവർത്തനത്തേയും കുറിച്ച് അഗാധവും അതിപ്രധാനവുമായ രഹസ്യം അവൻ മറിയക്കു വെളിപ്പെടുത്തികൊടുത്തു. അവൻ വലിയ എതിർപ്പിനും പീഡനത്തിനും പാത്രമാവുകയും അനേകരുടെ ഹൃദയവിചാരങ്ങളെ വെളിച്ചത്തുകൊണ്ടുവരികയും ചെയ്യും.

അവസാനം അവൾ തന്റെ മാതാവെന്ന നിലയ്ക്കു അവളുടെ സ്വന്തം പ്രാണനിൽക്കൂടിയും ഒരു വാൾ കടക്കും".

## ഒരു പ്രവാചകിയുടെ സാക്ഷ്യം

***"ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്ന എന്നൊരു പ്രവാചകി ഉണ്ടായിരുന്നു. അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവിനോടുകൂടി ഏഴു സംവത്സരം കഴിച്ച് എൺപത്തിനാലു സംവത്സരം വിധവയും വളരെ വയസ്സുചെന്നവളുമായി ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തുപോന്നു. ആ നാഴികയിൽ അവളും അടുത്തു നിന്ന് ദൈവത്തെ സ്തുതിച്ചു. യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു". (ലൂക്കൊസ് 2:36-38).***

ശിമ്യോൻ സംസാരിച്ചതിനുശേഷം ഹന്ന എന്ന വൃദ്ധയായ പ്രവാചകി മുന്നോട്ടുവന്ന് ദൈവത്തെ പുകഴ്ത്തി. ക്രിസ്തുവിന്റെ ജനനത്തിനുശേഷം ആദ്യമായി ക്രിസ്തുവിൽ വിശ്വസിച്ച സ്ത്രീരത്നമായും കാലാകാലങ്ങളായി ക്രിസ്തുവിനെ ശുശ്രൂഷിച്ച സ്ത്രീകളിൽ പ്രഥമവനിതയായും അവൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ഈ ദേവാലയസന്ദർശനത്തിനു ശേഷം അവരുടെ പിതാക്കന്മാരുടെ പട്ടണത്തിലേയ്ക്ക് മൂന്നു പേരടങ്ങുന്ന ആ കുടുംബം മടങ്ങിപ്പോയി. ഇതിനകം പേർവഴി ചാർത്തുന്നതിന് എത്തിയിരുന്ന ജനക്കൂട്ടം ഒഴിഞ്ഞുപോയിരുന്നു.

അതിനാൽ മൃഗങ്ങളുമായി താമസിയ്ക്കാതെ കുറെക്കൂടെ സൗകര്യപ്രദമായ സ്ഥലം അവർക്കു കണ്ടെത്തുവാൻ കഴിഞ്ഞു.

---

## VIII

# ശിശുവായ യേശുവിനെ വിദ്വാന്മാർ സന്ദർശിക്കുന്നു

***ഹെരോദാരാജാവിന്റെ കാലത്തു യേശു യെഹൂദ്യയിലെ ബേത്‌ലഹെമിൽ ജനിച്ചശേഷം കിഴക്കുനിന്ന് വിദ്വാന്മാർ യെരുശലേമിൽ എത്തി. യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. ഹെരോദാ രാജാവ് അതു കേട്ടിട്ട് അവനും യെരുശലേം ഒക്കെയും ഭ്രമിച്ചു. ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും എല്ലാം കൂട്ടി വരുത്തി ക്രിസ്തു എവിടെയാകുന്നു ജനിക്കുന്നതു എന്നു അവരോടു ചോദിച്ചു. അവർ അവനോട് യെഹൂദയിലെ ബേത്‌ലഹെമിൽ തന്നെ:***

> ***"യെഹൂദാ ദേശത്തിലെ ബേത്ത്‌ലഹെമെ, നീ യെഹൂദാ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എന്റെ ജനമായ യിസ്രായേലിനെ മേയ്പാനുള്ള തലവൻ നിന്നിൽ നിന്നു പുറപ്പെട്ടു വരും".***

*എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം എഴുതിയിരിക്കുന്നു എന്നുപറഞ്ഞു. എന്നാറെ ഹെരോദാവ് വിദ്വാന്മാരെ രഹസ്യമായി വിളിച്ചു നക്ഷത്രം വെളിവായ സമയം അവരോടു സൂക്ഷ്മമായി ചോദിച്ചറിഞ്ഞു. അവരെ ബേത്‌ലഹെമിലേക്കു അയച്ചു.*

*നിങ്ങൾ ചെന്ന് ശിശുവിനെക്കുറിച്ച് സൂക്ഷ്മമായി അന്വേഷിപ്പിൻ, കണ്ടെത്തിയാൽ ഞാനും ചെന്ന് അവനെ നമസ്കരിക്കേണ്ടതിന്നു വന്നു എന്നെ വിവരം അറിയിപ്പിൻ എന്നു പറഞ്ഞു. രാജാവ് പറഞ്ഞതുകേട്ട് അവർ പുറപ്പെട്ടു. അവർ കിഴക്കു കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിനു മീതെ വന്നു നിൽക്കുവോളം അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. നക്ഷത്രം കണ്ടതു കൊണ്ട് അവർ അത്യന്തം സന്തോഷിച്ചു. ആ വീട്ടിൽ ചെന്ന് ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു വീണു അവനെ നമസ്കരിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്ന് അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു. ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുത് എന്നു സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ട് വേറെ വഴിയായി സ്വദേശത്തേയ്ക്കു മടങ്ങിപ്പോയി" (മത്തായി : 12-12).*

മനുഷ്യചരിത്രത്തിന്റെ ആരംഭത്തിൽ നമ്മുടെ ആദ്യമാതാപിതാക്കൾ ഏദൻ തോട്ടത്തിൽ വിശുദ്ധരായും സന്തോഷമുള്ളവരായും കഴിയുന്നത് സാത്താന് അസഹ്യമായി തോന്നി. അതിനാൽ അവരേയും അവരുടെ സന്താന പരമ്പരയേയും ചതിച്ച് പാപത്തിന്റെ അടിമത്തത്തിലേയ്ക്ക് വലിച്ചിഴച്ചു. ആദ്യത്തെ ആദാമിനേക്കാൾ അതിശ്രേഷ്ഠനായ രണ്ടാം ആദാമിന്റെ ജനനത്തിങ്കൽ അവന്ന് വെറുതെയിരിയ്ക്കുവാൻ സാധി

ക്കുമോ? അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞ പ്രകാരം, "പിശാചിന്റെ പ്രവൃത്തികളെ അഴിയ്ക്കുവാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി" (യോഹന്നാൻ 3:8). ഇവൻ അവന്റെ ഏറ്റവും വലിയ ശത്രു അല്ലയോ? അപ്പോൾ ഒരു വിധത്തിലും പിശാചിനു വെറുതെയിരിയ്ക്കുവാൻ സാധിച്ചില്ല.

നരകത്തിൽ തീർച്ചയായും ഒരു വലിയ ചലനവും ആരവാരവും ഉണ്ടായിക്കാണും.

സാത്താന്, പിശാചുക്കളുടെയും ദുർഭൂതങ്ങളുടെയും ലോകത്തിൽ നിന്ന് ഒരു ദൂതനെ ഈ അതുല്യ ശിശുവിനെ നശിപ്പിയ്ക്കുന്നതിന് അയക്കേണ്ട ആവശ്യമില്ലായിരുന്നു. എന്തെന്നാൽ ലോക നേതാക്കന്മാരെല്ലാവരും തന്റെ കൈക്കീഴിലായിരുന്നു. അവനിഷ്ടമുള്ളതുപോലെ അവരെ ഉപയോഗിയ്ക്കാമായിരുന്നു. അവന്റെ നശീകരണ പ്രവൃത്തികൾക്കും രക്തദാഹിയും മർദ്ദകനുമായ ഹെരോദാവ് ഒരു വലിയ ദുഷ്ടനായിരുന്നു. പിശാചിന്റെ കയ്യിൽ ഒരു ഇണങ്ങിയ ആയുധമായിരിയ്ക്കാൻ അവന് പൂർണ്ണ സമ്മതമായിരുന്നു.

ഒരു ദിവസം ശീതകാലത്തിന്റെ ഒടുവിലായി കിഴക്കു നിന്നും ചില അപരിചിതർ യെരുശലേമും രാജകൊട്ടാരവും സന്ദർശിച്ചത് ഒരു വലിയ കോളിളക്കത്തിന് കാരണമായിത്തീർന്നു. അവരാണ് വിദ്വാന്മാർ. മിക്കവാറും അവർ ഉന്നതരും വിദ്യാസമ്പന്നരുമായിരുന്നിരിക്കണം. അവർ എവിടെ നിന്നു വന്നു എന്നു നാം കാണുന്നില്ല. എന്നാൽ മിക്കവാറും പേർഷ്യ, ഇൻഡ്യ, അറേബ്യ എന്നിവിടങ്ങളിൽ നിന്നൊ വന്നതായിരിയ്ക്കാം. അവർ എത്ര പേരായിരുന്നു എന്നും പറഞ്ഞിട്ടില്ല. ശിശുവിന് മൂന്നു സാധന

ങ്ങൾ കാഴ്ചവെച്ചതിനാൽ മൂന്നു പേരായിരുന്നു എന്നാണ് സാധാരണയായി കണക്കാക്കുന്നത്. നോഹയുടെ പുത്ര ന്മാരായ ശേം, ഹാം, യാഫെത്ത് എന്നിവരിൽ നിന്നും ഉത്ഭവിച്ച മനുഷ്യരാശിയുടെ മൂന്നു വംശങ്ങലെ അവർ പ്രതിനിധാനം ചെയ്തുവെന്നു ചിലർ കരുതുന്നു. യുവ ത്വം, പക്വത, വാർദ്ധക്യം എന്ന് മൂന്നു അവസ്ഥകൾ പ്രതി നിധീകരിക്കുന്നു എന്ന് മറ്റു ചിലർ ചിന്തിക്കുന്നു.

ഭൂലോകം മുഴുവൻ ചിന്നി ചിതറിയിരുന്ന യെഹൂദ ന്മാരിൽ നിന്നും മശിഹായുടെ വരവിനെപ്പറ്റി കേട്ട വാന ശാസ്ത്ര വിദ്യാർത്ഥികളാകാനാണ് ഏറ്റവും കൂടുതൽ സാധ്യത. യെഹൂദ്യനാട്ടിൽ ഒരു മഹൽ വ്യക്തി പ്രത്യക്ഷ പ്പെടുമെന്ന് അന്യമതസ്ഥരുടെ പ്രതീക്ഷയോടെ പ്രതീക മായിരുന്നു ഇവർ.

ഭൂലോകം മുഴുവനും ചിതറിയ്ക്കപ്പെട്ട യെഹൂദന്മാർ യെരൂശലേം സന്ദർശിച്ചു വന്നിരുന്നതിനാൽ യെരുശലേം പട്ടണനിവാസികൾ ധാരാളം അപരിചിതരെ കാണുക പതിവായിരുന്നു. അവരുടെ രാജ്യം വിനോദയാത്രക്കും വാണിജ്യത്തിനും യെഹൂദന്മാർക്കും ജാതികൾക്കും ഒരു പോലെ അനുയോജ്യമായിരുന്നു. ഏതായാലും ഈ വിദ്വാ ന്മാരുടെ വരവ് ഒരു പൊതുകലാപത്തിനു കാരണമായി ത്തീർന്നു. എന്തെന്നാൽ അവരുടെ അന്വേഷണവും ഉദ്ദേ ശ്യവും അതിനു വഴിതെളിച്ചു. അവർ ചോദിച്ചു, "യെഹൂ ദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കുകണ്ടു, അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു".

ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ഈ ചോദ്യം വലിയ ഭയമുളവാക്കി. തന്റെ സ്ഥാനം പുതിയ ഒരു രാജാവ് ഏറ്റെ ടുക്കുന്നതിനെക്കുറിച്ചു ദുഷ്ടനായ ഹെരോദാ രാജാവി നുള്ള പ്രതികരണത്തെ അവർ ഭയപ്പെട്ടു. ഈ രാജാവ്

കുപിതനായാൽ ആരെല്ലാം ഉപദ്രവിക്കപ്പെടുമെന്ന് ആരും അറിഞ്ഞിരുന്നില്ല. അവന്റെ ചാരന്മാർ എല്ലായിടത്തും ഉണ്ടായിരുന്നു. അവന്റെ താല്പര്യങ്ങൾക്കു വിരുദ്ധമായി ട്ടുള്ളതെന്തും ഇവർ അവനെ അറിയിക്കുമായിരുന്നു. അതി നാൽ ഈ വിദ്വാന്മാരുടെ സന്ദർശനവാർത്ത അവന്റെ ചെവിയിൽ എത്തിയപ്പോൾ തന്റെ ജീവനും സിംഹാസ നവും താറുമാറാക്കപ്പെടുമെന്ന് അവൻ ഭയപ്പെട്ടു. 'മശിഹാ' എവിടെ ജനിക്കുമെന്ന് മഹാപുരോഹിതന്മാരോടും യെഹൂ ദാശാസ്ത്രിമാരോടും അവൻ ചോദിച്ചപ്പോൾ അവർ മീഖാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചു:

***"നീയോ ബേത്ത്ലെഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്ന് അധിപതിയായിരിയ്ക്കേണ്ടു ന്നവൻ എനിക്കു നിന്നിൽനിന്ന് ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവും പണ്ടേ ഉള്ളതും പുരാതന മായതും തന്നെ". (മീഖാ 5:2)***

ഹെരോദാവ് വിദ്വാന്മാരെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു അവരെ ആദരിച്ചതിൽ അതിശയിക്കാനില്ല. തനിക്കു ഈർഷ്യയും മനക്കലക്കവും ഉണ്ടായെങ്കിലും നക്ഷത്രം കണ്ട സൂക്ഷ്മമായ സമയം അറിയാനായിരുന്നു അങ്ങനെ ചെയ്തത്. നവജാത ശിശുവിനെ നശിപ്പിയ്ക്കു ന്നതിനായി അവരുടെ സഹായം സൂത്രത്തിൽ തേടുക യായിരുന്നു അവൻ. അല്ലെങ്കിൽ തീർച്ചയായും അവൻ അവരെ പുച്ഛിക്കുകയും ഉപദ്രവിയ്ക്കുകയും കൊല്ലുകയും ചെയ്യുമായിരുന്നു. തന്റെ കോപം മറച്ചുവെച്ചുകൊണ്ട് ഈ ശിശുവിനെപ്പറ്റി ശരിയ്ക്കും അന്വേഷിക്കുന്നതിനായി ബേത്ലഹേമിലേക്കു പോകുവാൻ അവൻ അവരോടു പറ ഞ്ഞു. അതിനുശേഷം തിരിച്ചുചെന്ന് വിവരം തന്നെ അറി

യിക്കണമെന്ന് അവൻ ആവശ്യപ്പെട്ടു. "ഞാനും വന്നു അവനെ നമസ്കരിക്കാം" എന്നു കൂടി അവൻ തന്ത്രപരമായി കൂട്ടിച്ചേർത്തു. ഒന്നോ രണ്ടോ ദിവസത്തിനകം തനിക്കു ആവശ്യമായ എല്ലാ വിവരവും ലഭിക്കുമെന്നും അതിനുശേഷം ബേത്ലഹേമിൽ ചെന്ന് ആ കുട്ടിയേയും, വേണ്ടിവന്നാൽ കുഴപ്പക്കാരായ ആ വിദ്വാന്മാരെയും വധിച്ചുകളവാൻ അവൻ പരിപാടിയിട്ടു.

കൊട്ടാരനിവാസികൾ മുതൽ തെരുവ് തെണ്ടികൾ വരെയുള്ള ആർക്കും ഈ ശ്രേഷ്ഠരാജാവിന്റെ ജനനത്തെ കുറിച്ച് യാതൊരു അറിവും ലഭിച്ചിട്ടില്ലെന്നു യെഹൂദതലസ്ഥാനമായ യെരുശലേമിൽ എത്തിയ വിദ്വാന്മാർ മനസ്സിലാക്കിയപ്പോൾ അവർക്ക് എന്തുതോന്നിക്കാണും? എന്തുകൊണ്ട് അവർ പിന്തിരിഞ്ഞു സ്വദേശത്തേയ്ക്കു മടങ്ങിപ്പോയില്ല? അവരുടെ നക്ഷത്രം അവരെ വഴി പിഴപ്പിച്ചതാണെന്ന് അവർ വിശ്വസിക്കാതിരിക്കാൻ കാരണം എന്താണ്? ചിലപ്പോൾ നവജാതശിശുവിനെ നമസ്കരിക്കാമെന്നുള്ള ഹെരോദാവിന്റെ വാക്കുകൾ അവർക്ക് ഉത്തേജനം നൽകിയിരിക്കാം. അതിനാൽ ഹെരോദാവിന്റെ ആതിഥ്യങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് അവന്റെ ആഗ്രഹത്തെ പ്രതി അവർ പോയി.

ബേത്ത്ലെഹേമിലെയ്ക്കുള്ള അവരുടെ യാത്രയിൽ അവർ വീണ്ടും ആ നക്ഷത്രത്തെ കണ്ടു. ശിശു ഇരിയ്ക്കുന്ന സ്ഥലത്തിനുമീതെ വന്നു നിൽക്കുവോളം അവർക്കു മുമ്പായി അതുപൊയ്ക്കൊണ്ടിരുന്നു. അവർക്ക് അതീവസന്തോഷമുണ്ടായി. ആ നക്ഷത്രം ആദ്യം അവരെ യെരൂശലേമിലേയ്ക്കു വഴികാട്ടി. എങ്കിലും അത് അവരെ അവിടേയ്ക്കു നടത്തിയില്ല. ഇപ്പോൾ അതു വീണ്ടും പ്രത്യക്ഷപ്പെട്ട് അവരെ തങ്ങളുടെ ലക്ഷ്യസ്ഥാനത്തേക്കു നയിച്ചതിനാൽ അവർ വളരെ സന്തോഷിച്ചു.

കുടുംബത്തിന്റെയും ശിശുവിന്റെയും ബാഹ്യലക്ഷണം തന്റെ അത്ഭുതകരവും സ്വർഗ്ഗീയവുമായ ഉത്ഭവത്തെ വെളിപ്പെടുത്തുന്ന വിധമായിരുന്നില്ല. തന്നിമിത്തം മാതാപിതാക്കൾ ബെത്ത്ലഹെമിലെ ജനതയോടു ഈ രഹസ്യം പറഞ്ഞിരിക്കാൻ സാധ്യതയില്ല. അതിനാൽ ആ നക്ഷത്രം വഴി നടത്തിയില്ലായിരുന്നെങ്കിൽ വിദ്വാന്മാർക്കു ഈ കുഞ്ഞിന്റെ അടുക്കലേയ്ക്കു വരുവാൻ കഴിയുമായിരുന്നില്ല. അവർ ആ വീട്ടിൽ പ്രവേശിച്ചപ്പോൾ ആ ശിശുവിനെ അവർ സമസ്ക്കരിച്ചു, നിക്ഷേപങ്ങൾ കാഴ്ചവെച്ചു. മൂര് അവന്റെ പ്രവാചകത്വത്തേയും കുന്തിരിക്കം അവന്റെ പൗരോഹിത്യത്തേയും പൊന്നു അവന്റെ രാജത്വത്തേയും വെളിപ്പെടുത്തുന്നു.

ഈ നക്ഷത്രത്തിന്റെ പ്രതിഭാസത്തെക്കുറിച്ചു വാനശാസ്ത്രജ്ഞന്മാർ നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ട്. ഈ നക്ഷത്രത്തെ സൂക്ഷ്മമായി മനസ്സിലാക്കുവാൻ അവർ അപൂർവ്വ നക്ഷത്രങ്ങളുടെ പ്രത്യക്ഷതയുടെ കൃത്യമായ സമയത്തെക്കുറിച്ച് കൂലങ്കഷമായി ഗവേഷണം നടത്തി. യേശുവിന്റെ ജനനസമയത്തു ചില ഗ്രഹങ്ങൾ പരസ്പരം സംയോജിച്ചു എന്നതുകണ്ടു പിടിയ്ക്കപ്പെട്ടിട്ടുണ്ട്.

ഇതു ശതവർഷങ്ങൾക്കിടയിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന പ്രതിഭാസമാണ്. അതിനാൽ ഈ പ്രതിഭാസമാണ് വിദ്വാന്മാരെ ബേത്ലഹേമിലേയ്ക്കു നയിച്ചതെന്ന് ചില പണ്ഡിതന്മാർ കരുതുന്നു. അസുലഭപ്രകാശത്തോടുകൂടിയ ഒരു നക്ഷത്രം ആ സമയത്തു പ്രത്യക്ഷപ്പെട്ടു എന്നതും കേൾവി കേട്ടതാണ്. അതു കുറച്ചുനേരത്തിനുശേഷം അപ്രത്യക്ഷമാകുകയും ചെയ്തു. ഇതാണ് ബേത്ലഹേമിലെയ്ക്കു വഴികാട്ടിയത് എന്നാണ് ചിലരുടെ നിഗമനം. ചെറിയ ഭ്രമണ പഥങ്ങളിൽ സഞ്ചരിയ്ക്കുന്നതും ക്ലിപ്ത കാലാവധിയ്ക്കുശേഷം വീണ്ടും പ്രത്യക്ഷപ്പെടുന്നതുമായ

മറ്റു വാൽനക്ഷത്രങ്ങളെപോലെയല്ല. ഒരിയ്ക്കൽമാത്രം പ്രത്യക്ഷപ്പെട്ട വാൽനക്ഷത്രമാണ് അതെന്നു മറ്റു ചിലർ ചിന്തിയ്ക്കുന്നു. എന്നാൽ ഈ നക്ഷത്രത്തിന്റെ സ്വഭാവ ത്തെപ്പറ്റി ആർക്കും നിശ്ചയമില്ല.

ആദ്യം കിഴക്കു ആരുടെ നക്ഷത്രം ഈ വിദ്വാന്മാർ കണ്ടുവോ, ആ ശിശുവിനെ അവർ കണ്ടപ്പോൾ പൗരസ്ത്യ മതങ്ങളിലെ ജ്യോതിർ ഗോളങ്ങളെ വെല്ലുന്ന പ്രഭ അവർ ഈ ശിശുവിൽ ദർശിച്ചു. കൂടാതെ സ്വപ്നത്തിൽ ഹെരോ ദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുതെന്ന് അരുളപ്പാടുണ്ടാ യിട്ടു വേറെ വഴിയായി സ്വദേശത്തേയ്ക്കു അവർ മടങ്ങി പ്പോയി.

## ഈജിപ്തി (മിസ്രയിമി)ലേയ്ക്കുള്ള പ്രയാണം

***"അവർ പോയ ശേഷം കർത്താവിന്റെ ദൂതൻ യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി: നീ എഴു ന്നേറ്റു ശിശുവിനേയും അമ്മയെയും കൂട്ടികൊണ്ട് മിസ്ര യീമിലേയ്ക്കു ഓടിപ്പോയി, ഞാൻ നിന്നോടു പറയും വരെ അവിടെ പാർക്കുക. ഹെരോദാവ് ശിശുവിനെ നശി പ്പിയ്ക്കേണ്ടതിന് അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു എന്നുപറഞ്ഞു. അവൻ എഴുന്നേറ്റു ശിശുവിനേയും അമ്മയേയും രാത്രിയിൽ തന്നെ കൂട്ടികൊണ്ട് പുറപ്പെട്ടു മിസ്രയീമിലേക്കു പോയി, ഹെരോദാവിന്റെ മരണ ത്തോളം അവൻ അവിടെ പാർത്തു. "മിസ്രയിമിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചുവരുത്തി" എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളി ചെയ്തതു നിവൃത്തി യാകുവാൻ സംഗതി വന്നു" (മത്തായി 2:13-15).***

വിദ്വാന്മാർ പോയ ഉടനെ കർത്താവിന്റെ ദൂതൻ യോസേഫിന് രണ്ടാമതു സ്വപ്നത്തിൽ പ്രത്യക്ഷനായി അവനോട്: ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട് ഈജിപ്തിലേയ്ക്കുപോയി രക്ഷപ്പെടുന്നതിന് തന്നോടു പറയും വരെ അവിടെ പാർക്കുന്നതിനും ദൈവദൂതൻ ആജ്ഞാപിച്ചു. ശിശുവിന്റെ അപകടാവസ്ഥ മനസ്സിലാക്കിയ യോസേഫ് ഉടൻ തന്നെ ആ ആജ്ഞ അനുസരിച്ച് ഈജിപ്തിലേക്കു പോയി.

ഈ ശിശു യിസ്രായേലിന്റെ പുതിയ രാജാവാണെന്ന് വിദ്വാന്മാരുടെ വീക്ഷണം നിമിത്തം ബേത്ത്ലഹേം നിവാസികൾ ഈ വിശുദ്ധ കുടുംബത്തെ ആദരിയ്ക്കാൻ ആരംഭിച്ചുവെന്നതിൽ തീരെ സംശയമില്ല. അവരും വിലയേറിയ പാരിതോഷികങ്ങൾ അവന്നു കൊണ്ടുവന്നിരിയ്ക്കാം. ഈ ശിശുവിനു ലഭിച്ച വിലപിടിപ്പുള്ള സമ്മാനങ്ങളില്ലാതെ ഈജിപ്തിലേയ്ക്കുള്ള ആ ദീർഘയാത്രയ്ക്കു യോസേഫിനു കഴിയുമായിരുന്നില്ല. ദൈവഹത്തിന്റെ തിരുഹിതം നിറവേറ്റപ്പെടുന്നതിനായുള്ള ദൈവീക കരുതലിന്റെ ഒരു ഉത്തമ തെളിവായി നമുക്കു ഇതിനെ കാണാവുന്നതാണ്.

## ബേത്ലെഹേമിലെ ശിശുക്കളെ കശാപ്പു ചെയ്യുന്നു

***"വിദ്വാന്മാർ തന്നെ കളിയാക്കിയെന്നു ഹെരോദാവ് കണ്ടു വളരെ കോപിച്ചു, വിദ്വാന്മാരോട് ചോദിച്ചറിഞ്ഞ കാലത്തിനൊത്തവണ്ണം രണ്ടുവയസ്സും താഴെയുമുള്ള ആൺകുട്ടികളെ ഒക്കെയും ബേത്ലെഹേമിലും അതിന്റെ എല്ലാ അതിരുകളിലും ആളയച്ചുകൊല്ലിച്ചു.***

*"രാമയിൽ ഒരു ശബ്ദം കേട്ടു, കരച്ചിലും*
*വലിയ നിലവിളിയും തന്നെ;*
*റാഹേൽ മക്കളെ ചൊല്ലി കരഞ്ഞു;*
*അവർ ഇല്ലായ്കയാൽ ആശ്വാസം*
*കൈക്കൊൾവാൻ മനസ്സില്ലാതിരുന്നു"*

***എന്നു യിരമ്യാ പ്രവാചകൻ മുഖാന്തരം അരുളി ച്ചെയ്തത് ഇപ്രകാരം നിവൃത്തിയായി" (മത്തായി 2. 16–18).***

വിദ്വാന്മാർ പോയതിനുശേഷം ഹെരോദാവിന്റെ കൊട്ടാരത്തിൽ എന്തുനടന്നു എന്നതിനെക്കുറിച്ചും നാം ചിന്തിച്ചാൽ, ശിശുവിനെ എന്തുചെയ്യണമെന്ന് തീരുമാനി യ്ക്കുന്നതിനുവേണ്ടി അവരുടെ തിരിച്ചുവരവിനായി അക്ഷ മതയോടെ ഹെരോദാവ് കാത്തിരിയ്ക്കുന്നതായി നമുക്കു കാണാം. എന്നാൽ വിദ്വാന്മാർ തിരിച്ചുവന്നില്ല. അവർ തിരിച്ചുവന്നു വിവരം ധരിപ്പിയ്ക്കുമെന്നു നിശ്ചയിച്ച സമയം കഴിഞ്ഞപ്പോൾ അവൻ ഒരു ദൂതനെ അവരുടെ പിന്നാലെ അയച്ചു. വിദ്വാന്മാർ തന്നെ വഞ്ചിച്ചു എന്നു മനസ്സിലാക്കിയപ്പോൾ തനിയ്ക്കു ആ ശിശുവിനെ കണ്ടു പിടിയ്ക്കാനുള്ള അവസരം നഷ്ടപ്പെട്ടല്ലോ എന്നോർത്ത് അത്യന്തം കോപിച്ചു.

പട്ടണത്തിലുള്ള ആളുകളിൽ നിന്ന് വിദ്വാന്മാർ സന്ദർശിച്ച ഭവനം അറിയുവാൻ അവൻ ശ്രമിച്ചു. ആ കുടുംബം ഗലീലക്കാരനാണെന്നും അവർ ഏതോ അജ്ഞാത സ്ഥലത്തേയ്ക്കു പുറപ്പെട്ടുപോയി എന്നും മാത്രം അവർ പറഞ്ഞിരിയ്ക്കും. ഇതു അവനെ കൂടുതൽ കോപിഷ്ടനാക്കി, എന്തെന്നാൽ അവൻ അവരുടെ സ്വന്തം കുഞ്ഞുങ്ങളെ രക്ഷിയ്ക്കുവാൻ അവർ തന്നിൽ നിന്നും കാര്യങ്ങൾ മറച്ചു പിടിയ്ക്കുകയാണെന്ന് അവൻ സംശ

യിച്ചു. വിദ്വാന്മാരുമായി ഗൂഢാലോചന നടത്തി തന്നെ വഞ്ചിച്ച ബേത്‌ലഹേം നിവാസികളെ ശിക്ഷിയ്ക്കുവാനും ആ ശിശുവിനെ ഏതുവിധത്തിലും നശിപ്പിയ്ക്കുവാനും അവൻ തീരുമാനിച്ചു. ഒരു ശിശുവും രക്ഷപ്പെടരുതെന്നു ഉറപ്പുവരുത്തുവാൻ വേണ്ടി ബേത്‌ലഹേമിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലും രണ്ടു വയസ്സിനും അതിനു താഴെയുമുള്ള ആൺകുട്ടികളെയെല്ലാം അവൻ ആളയച്ചു കൊല്ലിച്ചു. ഹെരോദാവിന്റെ ഈ കടുംകൈയ്യിൽ സുവിശേഷകനായ മത്തായി യിരമ്യാപ്രവാചകന്റെ പ്രവചനനിവൃത്തി കാണുന്നു. “രാമയിൽ ഒരു ശബ്ദം കേട്ടു, കരച്ചിലും വലിയ നിലവിളിയും തന്നെ” (യിരമ്യാവ് 31:15). ക്രിസ്തു നിമിത്തം ഈ ശിശുക്കൾ വധിയ്ക്കപ്പെട്ടതിനാൽ അവരാണ് ആദ്യത്തെ രക്തസാക്ഷികൾ എന്നു ചിലർ കരുതുന്നു.

## നസ്രേത്തിലേയ്ക്കുള്ള തിരിച്ചുവരവ്

***“എന്നാൽ ഹെരോദാവ് കഴിഞ്ഞുപോയ ശേഷം കർത്താവിന്റെ ദൂതൻ മിസ്രയീമിൽ വെച്ചു യോസേഫിനു സ്വപ്നത്തിൽ പ്രത്യക്ഷനായി: ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയതുകൊണ്ട് നീ എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട് യിസ്രായേൽ ദേശത്തേക്കു പോക എന്നു പറഞ്ഞു. അവൻ എഴുന്നേറ്റു ശിശുവിനേയും അമ്മയെയും കൂട്ടിക്കൊണ്ട് യിസ്രായേൽ ദേശത്തുവന്നു. എന്നാൽ യെഹൂദ്യയിൽ അർക്കെലയൊസ് തന്റെ അപ്പനായ ഹെരോദാവിനു പകരം വാഴുന്നു എന്നു കേട്ടതുകൊണ്ട് അവിടെ പോകുവാൻ ഭയപ്പെട്ടു. സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ട് ഗലീല പ്രദേശങ്ങളിലേയ്ക്കു മാറിപ്പോയി.***

***അവൻ നസ്രായൻ എന്നു വിളിയ്ക്കപ്പെടും എന്നു പ്രവാചകന്മാർ മുഖാന്തരം അരുളി ചെയ്തതു നിവൃത്തിയാവാൻ തക്കവണ്ണം നസറെത്ത് എന്ന ഗ്രാമത്തിൽ ചെന്നു പാർത്തു (മത്തായി 2:19-23).***

അധികനാൾ കഴിയുംമുമ്പേ രക്തദാഹിയും ദുഷ്ടനുമായ ഏകഛത്രാധിപതി ഹെരോദാവിന്നു തക്ക പ്രതിഫലം കിട്ടി. യെരീഹോവിലുള്ള തന്റെ കൊട്ടാരത്തിൽ വെച്ച് അവൻ മരിച്ചു. മരണസമയത്തു അവന്റെ മനസ്സാക്ഷിയുടെ ആക്ഷേപം എത്ര കഠിനമായിരുന്നു എന്നതു ഒരുവന്നു ചിന്തിയ്ക്കാവുന്നതേയുള്ളൂ. ബേത്ലെഹേമിലെ ശിശുക്കളെയെല്ലാം കൊന്നതിനാൽ തന്റെ സിംഹാസനത്തിനു ഭീഷണിയായ ശിശുവും മരിച്ചതിനാൽ തനിയ്ക്കു സുരക്ഷിതമായി വാഴാമെന്ന് അവൻ വ്യാമോഹിച്ചു. എന്നാൽ ഹെരോദാവു താനും തന്റെ ശവക്കല്ലറക്കുള്ളിലായപ്പോൾ യേശു സുരക്ഷിതനായി ജീവിയ്ക്കുന്നു. അന്നു മുതൽ ഇന്നുവരെ പരിപൂർണ്ണ മനുഷ്യനായ ക്രിസ്തുവിന്റെ മഹത്വവും ബഹുമാനവും നിരന്തരം വർദ്ധിച്ചുകൊണ്ടേയിരിയ്ക്കുന്നു.

ഈജിപ്തിലെ ആ വിശുദ്ധ കുടുംബത്തിന്റെ വാസം ചുരുങ്ങിയകാലം മാത്രമായിരുന്നു. ഒരു ദൈവദൂതൻ സ്വപ്നത്തിൽ യോസേഫിന്നു പ്രത്യക്ഷനായി. അവനോടു ശിശുവിനു പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയതുകൊണ്ട് ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ട് യിസ്രായേൽ ദേശത്തേയ്ക്കു മടങ്ങിപ്പോക എന്നുപറഞ്ഞു. ഉടൻ തന്നെ യോസേഫ് അനുസരിച്ചു.

ദാവീദിന്റെ മനോഹരവും മഹനീയവുമായ നഗരവും തങ്ങളുടെ പൂർവ്വ പിതാക്കളുടെ പട്ടണവുമായ ബേത്ലേ

ഹമിൽ സ്ഥിരതാമസമാക്കണമെന്ന് യോസേഫും മറിയവും ആഗ്രഹിച്ചിരുന്നതായി നമുക്കു ഊഹിയ്ക്കാം. അതു യെരുശലേം ദേവാലയത്തിനും വിഖ്യാതമായ മതപാഠ ശാലകൾക്കും അടുത്തായിരുന്നു. ഇവിടെ ദാവീദിന്റെ സിംഹാസനത്തിന്റെ അവകാശിയായി ശിശുവിനെ വളർത്തികൊണ്ടുവരാമെന്ന് അവർ ആശിച്ചു. എന്നാൽ ഹെരോദാവിന്റെ മകനായ അർക്കെലയാസ് തന്റെ അപ്പനു പകരം ഭരിച്ചിരുന്നതിനാൽ ഉണ്ണി യേശുവിനെ അവൻ ഉപ ദ്രവിച്ചേയ്ക്കുമെന്ന് യോസേഫ് ഭയപ്പെട്ടു. തുടക്കം നല്ല തായിരുന്നു എങ്കിലും തന്റെ അപ്പനായ ഹെരോദാവിനെ പ്പോലെ അവനും വലിയ ക്രൂരനായിത്തീർന്നു. അല്പം മടിച്ചുനിന്നു എങ്കിലും മറ്റൊരു സ്വർഗ്ഗീയ ദർശനത്തിന്റെ ഫലമായി യോസേഫ് നസ്റേത്തിലേക്കു താമസിയ്ക്കാൻ പോയി. ഈ തീരുമാനത്തിൽ മത്തായി വേറൊരു പ്രവച നത്തിന്റെ നിവൃത്തി കാണുന്നു. “അവൻ നസ്രായൻ എന്നു വിളിയ്ക്കപ്പെടും” (മത്തായി 2:23).

## ഒരു അദ്വിതീയ ബാല്യക്കാലം

ജനനസമയ സമീകരണം, പണ്ടേ ഉള്ള പ്രവചനങ്ങൾ, ഭൂമിയിലും സ്വർഗ്ഗത്തിലും (ആകാശത്തിലും) ഉള്ള സംഭ വങ്ങളുടെ പ്രദർശനങ്ങൾ, അതോടൊന്നിച്ചുള്ള അസാ ധാരണമായ ശബ്ദതരംഗങ്ങൾ മുതലായവയാൽ യേശു വിന്റെ ബാല്യകാലം പലവിധത്തിലും അതുല്യമായിരു ന്നു.

പഴയനിയമപ്രവചനങ്ങളുടെ അതിശയകരവും ആക്ഷ രീകവുമായ നിവൃത്തിയായിരുന്നു ആ പ്രഖ്യാപനങ്ങൾ - എലിസബെത്തിന്റെയും സെഖര്യാവിന്റെയും മറിയ യുടെയും അസാധാരണമായ സാക്ഷ്യങ്ങളോടുകൂടിയു ള്ളതും ഉടൻ സംഭവിയ്ക്കാൻ പോകുന്നതുമായ സുവാർത്തയുടെ പ്രഖ്യാപനങ്ങൾ.

യേശുവിന്റെ ജനനത്തിനുമുമ്പ് അനേകം അസാധാരണസംഭവങ്ങൾ നടന്നു. സെഖര്യാവിന് ദൂതൻ പ്രത്യക്ഷനായതും, അവന്റെ താല്ക്കാലിക മൂകതയും അവന്റെ ഭാര്യ എലീശബെത്തിന്റെ അസാധാരണ ഗർഭധാരണവും, യോസേഫിന്നു സ്വപ്നത്തിലുണ്ടായ അരുളപ്പാടും, ജനസംഖ്യ എടുക്കുവാനുള്ള രാജകല്പനയും, യോസേഫിന്റെ പൂർവീകന്മാരുടെ പട്ടണം ബേത്ലെഹേം ആയിത്തീർന്നതും (മശിഹായുടെ ഈ സ്ഥലം പ്രവചിയ്ക്കപ്പെട്ടത്), ആട്ടിടയന്മാർക്കു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടതും, കിഴക്കുനിന്നുള്ള വിദ്വാന്മാരുടെ സന്ദർശനവും, ദൈവാലയത്തിലെ പ്രതിഷ്ഠയോടനുബന്ധിച്ച കാര്യങ്ങളും മറ്റും അതിന്റെ തെളിവുകളാണ്.

സൃഷ്ടി ജാലങ്ങളെല്ലാം ക്രിസ്തുവിനെ സ്വാഗതം ചെയ്യുന്നതിന് ഭാഗഭാക്കുകളായിത്തീർന്നു. ദൈവദൂതന്മാർ സ്വർഗ്ഗീയ ജീവികളെയും, പുരോഹിതൻ പുരോഹിത വർഗ്ഗത്തേയും, ആട്ടിടയന്മാർ ദരിദ്രവിഭാഗത്തെയും പ്രതിനിധാനം ചെയ്തു. മറിയയും എലിസബെത്തും ബാല്യക്കാരെയും വൃദ്ധരെയും ചിത്രീകരിച്ചു. ശിമ്യോൻ ഭക്തരായ യഹൂദന്മാരെയും ഹന്നാ പ്രവാചകവൃന്ദത്തെയും സൂചിപ്പിച്ചു. കിഴക്കുനിന്നുള്ള നക്ഷത്രം സൃഷ്ടിയുടെ പ്രതിരൂപമായിത്തീർന്നു. വിദ്വാന്മാർ ധനികരും മഹത്തുക്കളും ബുദ്ധിമാന്മാരുമായ ജാതികളെ പ്രതിനിധീകരിച്ചു.

ക്രിസ്തുവിന്റെ ജനനസമയം പഴയ നിയമ പ്രവചനങ്ങളുടെ നിവൃത്തിയായിരുന്നു. അപ്പൊസ്തലനായ പൗലോസ് പറഞ്ഞു: "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നും ജനിച്ചവനായി ന്യായപ്രമാണത്തിന് കീഴ്ജനിച്ചവനായി നിയോഗിച്ചയച്ചത്" (ഗലാത്യർ 4:4). ചരിത്രത്തിൽ ഏറ്റവും സമാധാനം നിലനിന്നിരുന്ന സമയത്താണ് സമാധാനത്തിന്റെ പ്രഭുവായ യേശു

വന്നത്. ഗതാഗതം റോമാ സാമ്രാജ്യം മുഴുവൻ തടസ്സമറ്റതും സുരക്ഷിതവുമായിരുന്നു. ഇതു അനായാസേന സുവിശേഷം പ്രചരിപ്പിയ്ക്കുവാൻ അപ്പൊസ്തലന്മാർക്കു സഹായകമായി. റോമാ ഗവൺമെന്റിന്റെ കീഴിൽ മതസ്വാതന്ത്ര്യം ഉണ്ടായിരുന്നു. യവന ഭാഷയും സംസ്കാരവും എല്ലായിടവും വ്യാപിച്ചിരുന്നു. ഇതു ആശയവിനിമയം കൂടുതൽ ലാഘവമാക്കാൻ സഹായിച്ചു, വിശിഷ്യാ, എബ്രായ ഭാഷയിൽ നിന്നു യവനഭാഷയിലേയ്ക്കു യെഹൂദന്മാർ തിരുവെഴുത്ത് (പയ നിയമപുസ്തകം) തർജ്ജമ ചെയ്തിരുന്നു. എല്ലാവരുടെയും രക്ഷയ്ക്കു പ്രാപ്തമായ ഒരു വീണ്ടെടുപ്പുമായി ഒരു രക്ഷകൻ അവതരിയ്ക്കേണ്ട ആവശ്യം ഏറ്റവും അനിവാര്യമായിത്തീർന്ന സമയത്താണ് യേശു രക്ഷകന്റെ ജനനം. മനുഷ്യന്റെ ധാർമ്മിക നിലവാരം ഏറ്റവും അധഃപതിച്ച ഒരു സമയമായിരുന്നു അത്. ഭക്തരായ ചില യഹൂദന്മാർക്കു ഹൃദയത്തിൽ നിരാശാബോധം ഉണ്ടായിരുന്നു. ഒരു രക്ഷകന്റെ വരവിനെ പ്രതീക്ഷിച്ചും പ്രഖ്യാപിച്ചും കൊണ്ട് യെഹൂദന്മാർ എല്ലായിടവും ചിതറപ്പെട്ടിരുന്നു. ഭൂലോകം മുഴുവനും ചിതറപ്പെട്ടിരുന്ന അവർ ഏക ദൈവവിശ്വാസത്തിലും ദൈവാശ്രയത്തിലും കഴിഞ്ഞിരുന്നു. അതിനാൽ അപ്പൊസ്തലന്മാർക്കു യെഹൂദന്മാരോടു സുവിശേഷമറിയിക്കുവാനുള്ള സാധ്യത വളരെ വിശാലമായിരുന്നു. തുടർന്ന് ജാതികളിലേയ്ക്ക് തിരിയാൻ ഇതു സഹായകമായിരുന്നു.

യെഹൂദന്മാർ മുതൽ ജാതികളുടെ അറ്റത്തോളം സുവിശേഷം വ്യാപിക്കുന്നതിന് എല്ലാ സാഹചര്യങ്ങളും അനുകൂലവും പരിപക്വവുമായിരുന്നു. മതഭ്രാന്തരായ യെഹൂദന്മാരിൽ നിന്നും ഈ ശൈശവ സഭയെ ആരംഭത്തിൽ റോമാ ഭരണകൂടം ഒരുവിധം സംരക്ഷിച്ചിരുന്നു. ക്രൈസ്തവ മാർഗ്ഗത്തിന്റെ മൂലക്കല്ലായ ക്രിസ്തുവിനോടു ചെയ്തതുപോലെ

തന്നെ ക്രിസ്തുവിന്റെ സഭയേയും യെഹൂദന്മാർ മുടിയ്ക്കുവാൻ തുനിഞ്ഞു.

മുകളിൽ പറഞ്ഞ ഈ കാര്യങ്ങളെപ്പറ്റി ചിന്തിയ്ക്കുമ്പോൾ മർക്കൊസ് തന്റെ സുവിശേഷ ലിഖിതത്തിൽ ഇപ്രകാരം പറഞ്ഞതിൽ അത്ഭുതമുണ്ടോ? “ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം”.

---

# IX
# യേശുവിന്റെ ബാല്യകാലം

ക്രിസ്തുവിന്റെ ജനനം മുതൽ 12 വയസ്സുവരെയുള്ള കാലഘട്ടത്തെപ്പറ്റി നാലു സുവിശേഷങ്ങളിലും ഒരു സൂചന പോലും ഇല്ലാത്തത് വളരെ ദുർഗ്രഹമായിരിയ്ക്കുന്നു. മുപ്പതാമത്തെ വയസ്സുമുതലുള്ള തന്റെ പരസ്യശുശ്രൂഷയുടെ വിവരണം, ഉപദേശങ്ങളോടും അത്ഭുതപ്രവൃത്തികളോടും കൂടി, വീണ്ടും തുടങ്ങുന്നതായിക്കാണാം.

യേശുവിന്റെ ബാല്യകാലത്തു പറഞ്ഞിട്ടുള്ളതും പ്രവർത്തിച്ചിട്ടുള്ളതുമായ ഏതെങ്കിലും കാര്യത്തെപ്പറ്റി നമുക്കു വായിയ്ക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ! പന്ത്രണ്ടു വയസ്സു വരെയുള്ള കാലങ്ങളെ ദൈവീക വെളിപാടുകൾ മറച്ചുവെച്ചു. ഈ കാലഘട്ടത്തെ “മറയ്ക്കപ്പെട്ട വർഷങ്ങൾ” എന്നു നാം വിളിയ്ക്കുന്നു.

അവൻ ഒരു സാധാരണ യെഹൂദബാലനെപ്പോലെ ജീവിച്ചു എന്നു നമുക്കൂഹിയ്ക്കാം. അവൻ മോശെയുടെ

ന്യായപ്രമാണം ആചരിച്ചു. അവന്റെ കൂട്ടുകാരുമായി സ്കൂളിൽ പോയി. എന്നാൽ അവൻ തന്റെ സ്വഭാവത്തിലും പഠനത്തിലും അസാമാന്യവ്യക്തിയായിരുന്നു. സഹപാഠികളെപ്പോലെ അവനും പരിശോധനകൾ വന്നിരിയ്ക്കും, കാരണം അവനും അവരെപ്പോലെ ആയിരുന്നു. എന്നാൽ അവനിൽ ഒരു പാപവും ഉണ്ടായിരുന്നില്ല.

## പന്ത്രണ്ടാമത്തെ വയസ്സിൽ

യേശു മറിയയോടും യോസേഫിനോടും കൂടി തനിക്കു 12 വയസ്സുള്ളപ്പോൾ യെരുശലേം ദേവാലയം സന്ദർശിച്ചു. ഈ സംഭവത്തിനുശേഷമുള്ള പതിനെട്ടു വർഷക്കാലത്തെപ്പറ്റി നമുക്കു യാതൊരു ദൈവി വെളിപാടും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തിരുവെഴുത്തു പൂർണ്ണമായി മൗനം അവലംബിക്കുന്നു. തിരുവെഴുത്തുകൾ ദൈവശ്വാസീയമായതിനാലല്ലാതെ മറ്റെന്തുകൊണ്ടാണ്, നാലു സുവിശേഷ ലിഖിതങ്ങളിലും ഈ കാലഘട്ടത്തെക്കുറിച്ച് രേഖപ്പെടുത്താത്തത്? 'ഇരുണ്ട യുഗങ്ങളിൽ' ചില ക്രിസ്ത്യാനികൾ ഈ മൗനം ഇഷ്ടപ്പെട്ടില്ല. അവർ കള്ളക്കഥകൾ കണ്ടുപിടിയ്ക്കാനും തെറ്റായ സുവിശേഷങ്ങൾ അവരുടെ മനോവികാരങ്ങൾക്കനുസരിച്ച് വിരചിയ്ക്കാനും തുടങ്ങി. അവർ വിചാരിച്ചത് ഇതു ക്രിസ്തുവിന്റെ മഹത്വത്തിനു മാറ്റു കൂട്ടുമെന്നാണ്. യഥാർത്ഥത്തിൽ ഈ കള്ളക്കഥകൾ അവരുടെ മൗഢ്യത്തെ പ്രതിഫലിപ്പിയ്ക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

എന്നാൽ താഴെപ്പറയുന്ന ചോദ്യം അവശേഷിയ്ക്കുന്നു. ആ കാലത്തു ലഭിയ്ക്കാമായിരുന്ന വിവരങ്ങൾ ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടാണീ മൗനം? ക്രിസ്തുവിന്റെ ബാല്യകാല സംഭവങ്ങൾ അവൻ യഥാർത്ഥ രക്ഷിതാവാ

ണെന്നു കാണിക്കുന്നവയായിരുന്നു എന്നു പറയാൻ ആർക്കും കഴിയും. തന്റെ യഥാർത്ഥ മനുഷ്യത്വത്തെ വെളിപ്പെടുത്തുവാൻ പര്യാപ്തമായി ഈ ദീർഘവർഷങ്ങൾ ഗോപ്യമാകണമായിരുന്നു. കൂടാതെ മുപ്പതാമത്തെ വയസ്സിലെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതുവരെ തന്റെ ദൈവത്വത്തെ സ്വജനങ്ങളിൽ നിന്നും മറച്ചുവെയ്ക്കുകയും ചെയ്യണമായിരുന്നു. ശേഷിച്ച ഈ ലോകജീവിതത്തിൽ തന്റെ ദൈവത്വം സ്പഷ്ടമായി വെളിപ്പെടുകയും ചെയ്യണമായിരുന്നു.

ജനങ്ങൾ പിൻപറ്റാൻ മതിയായ ഒരു മാതൃകയായിരുന്നു തന്റെ ഏറ്റവും വലിയ പ്രവർത്തനമെന്നുള്ള തെറ്റായ ധാരണയ്ക്കു വിരുദ്ധവും ശക്തവുമായ തെളിവായിരുന്നു ഈ മൗനം. സുവിശേഷ ലിഖിതങ്ങൾ എഴുതിയവരുടെ ഉദ്ദേശ്യം ഒരു ജീവചരിത്ര രചനയായിരുന്നില്ല. പ്രത്യുത, ക്രിസ്തു യഥാർത്ഥ വിമോചകനും രക്ഷകനുമാണെന്ന് സാക്ഷിക്കുകയായിരുന്നു. ഇതു ശരിയായിരുന്നുവെങ്കിൽ താൻ നസറെത്തിൽ ഒരു സാധാരണ തച്ചനായി ജീവിച്ചപ്പോഴത്തെ സകല സംസാരങ്ങളും പ്രവൃത്തികളും അപ്പൊസ്തലർക്കും രേഖപ്പെടുത്തേണ്ടതായി വരുമായിരുന്നു. അതിനാലാണു സർവ്വപ്രധാനമായി തന്റെ പരസ്യശുശ്രൂഷയെ സംബന്ധിച്ചുള്ള ജീവചരിത്രം മാത്രം രേഖപ്പെടുത്തുന്നതിൽ അവർ സംതൃപ്തരായത്. അവർ വിട്ടുകളഞ്ഞ അവന്റെ ഭൗതീക ജീവിത വിവരണം നമുക്കു രേഖപ്പെടുത്തി തന്നിരുന്നെങ്കിൽ അതു പൊതുതാല്പര്യത്തെ കൂടുതൽ ആകർഷിയ്ക്കുമായിരുന്നു എന്നതിൽ സംശയമില്ല.

നസറെത്ത് ചെറിയ പട്ടണമായിരുന്നെങ്കിലും യേശുവിന് ജീവിയ്ക്കാൻ പറ്റിയ സ്ഥലമായിരുന്നു അത്. പുരോഹിത വർഗ്ഗം നസറെത്തിൽ ഒരുമിച്ചുകൂടിയശേഷമായിരുന്നു യെരൂശലേം ദേവാലയത്തിലേയ്ക്കു സാധാരണ

പോയിരുന്നത്. തുടർന്ന് യാത്ര ചെയ്യാൻ കഴിയാതിരുന്ന വർ മതപരമായ കർമ്മാനുഷ്ഠാനങ്ങൾ ചെയ്തുകൊണ്ട് തങ്ങളുടെ ശുശ്രൂഷാവാരം നസറെത്തിൽ കഴിച്ചുകൂട്ടി. യേശു അവരെ നിരീക്ഷിയ്ക്കുകയും അവരിൽ നിന്നു പഠിയ്ക്കുകയും ചെയ്തിരിക്കാം. ഫൊയ്നീക്കയിൽ നിന്നും ഈജിപ്തിലേയ്ക്കും മദ്ധ്യധരണ്യാഴിയിൽ നിന്ന് ഉൾപ്രദേശങ്ങളിലേയ്ക്കും ഉള്ള സഞ്ചാര (കച്ചവട സംഘങ്ങളുടെ സുപ്രധാന വഴിയിലുമായിരുന്നു നസറെത്ത്. വ്യത്യസ്തമായ സാംസ്കാരിക ആചാരമര്യാദകൾ നിരീക്ഷിക്കുവാൻ യേശുവിന് ഇതു ഇടയാക്കി. നസറെത്തുപോലുള്ള ദരിദ്രഗ്രാമത്തിൽ താമസിച്ചതിനാൽ താഴ്മ, ലളിത ജീവിതം മുതലായ ഗുണങ്ങളിൽ വളർത്തപ്പെടുവാൻ യേശുവിന് ഇടയായി.

കപടഭക്തിയുടെയും പാരമ്പര്യത്തിന്റെയും ലൗകികാർഭാടങ്ങളുടെയും കേളീരംഗവും യെഹൂദന്മാരുടെ മതാനുഷ്ഠാന സ്ഥാനവുമായിരുന്ന യെരുശലേമിൽ നിന്ന് എത്രയോ അകലെയായിരുന്നു യേശു. ന്യായപ്രമാണത്തിൽ ഘനമേറിയവയെ ത്യജിച്ച് അക്ഷരത്തിന്റെ പഴക്കത്തെ കൂടുതൽ പറ്റിപ്പിടിച്ചിരുന്നതു കാരണം മതത്തിന്റെ ആത്മാവിനെ ഞെക്കി ഞെരുക്കുകയും യഥാർത്ഥ ഭക്തിയെ കോട്ടിക്കളയുകയുമാണ് ഈ കാര്യങ്ങൾ ചെയ്യുന്നത്. യഥാർത്ഥത്തിൽ ക്രിസ്തുമതനേതാക്കളെ വളരെ കഠിനമായ വാക്കുകളാൽ വിമർശിയ്ക്കുകയും അവരുടെ പ്രവൃത്തികളെ ചോദ്യം ചെയ്യുകയും ചെയ്യുന്നതു ഈ പട്ടണത്തിൽ വെച്ചാണ്.

യേശുവിന്റെ ബാല്യകാലത്തിൽ അവന്റെ ദൈവികോത്ഭവത്തെക്കുറിച്ചുള്ള ചിന്ത തന്റെ മാതാപിതാക്കൾ മറക്കാൻ തുടങ്ങിയിരുന്നു. ആ പ്രായത്തിലുള്ള ഏതൊരു കുട്ടിയേയും പോലെ തന്നെ അവന്റെ ബാല്യകാല ജീവിതവും ആയിരുന്നതിനാൽ അവനെ മനുഷ്യനായി മാത്രം

അവർ പരിഗണിച്ചു. അതൊരു നല്ല കാര്യമായിരുന്നു. അല്ലെങ്കിൽ സാധാരണ മനുഷ്യന്റെ അനുഭവങ്ങൾ അവന്നു നഷ്ടപ്പെടുമായിരുന്നു. പ്രത്യേകിച്ചു തന്റെ മാതാപിതാക്കൾ അവനെ അനുസരിയ്ക്കാൻ നിർബ ന്ധിതരായാൽ. അതുമൂലം അവനെ വളർത്തിക്കൊണ്ടു വരുവാൻ പ്രയാസമാകുമായിരുന്നു. തന്മൂലം തന്റെ പരസ്യ ജീവിതം ആരംഭിയ്ക്കുന്നതുവരെ അവൻ സമ കാലീനരുമായി സഹകരിയ്ക്കുകയും അവരുടെ ജീവി താനുഭവങ്ങളും ദുരിതങ്ങളുമായി ഇണങ്ങിച്ചേരുകയും ചെയ്തു.

ഒരു ബാലൻ എന്ന നിലയിൽ മറ്റുള്ളവരുടെ കഷ്ട തയിൽ അങ്ങേയറ്റം അനുകമ്പയും കരുതലും സഹാനു ഭൂതിയും തനിയ്ക്കുണ്ടായിരുന്നു എന്നതിൽ നമുക്കു യാതൊരു സംശയവുമില്ല. സ്വർഗ്ഗത്തിൽ നിന്നും ഭൂമിയി ലേയ്ക്കു താൻ വന്നതിന്റെ ഉദ്ദേശ്യം നിർവഹിയ്ക്കുവാൻ നസറെത്തിൽ കാത്തിരുന്ന സമയത്തു തന്റെ രഹസ്യ ജീവി തത്തിൽ താൻ എന്തുമാത്രം ക്ഷമയും വൈകാരിക സംയ മനവും ഉള്ളവനായിരുന്നു എന്നതിൽ ആരും അതിശയി ച്ചുപോകും.

യേശുവിന് ഒരു തച്ചനായി തന്റെ ജീവിതം പുലർത്തേണ്ടി വന്നു. ഈ കാരണത്താൽ മറ്റുള്ളവർ അവനെ വെറും ഒരു ‘ആശാരി’ ആയും ‘മറിയയുടെ പുത്രനായും’ കരുതി. ഉള്ളതിൽ സംതൃപ്തനായിരിയ്ക്കുവാനും മുതിർന്നവർക്കു കീഴ്പ്പെട്ടിരിപ്പാനും അവൻ അഭ്യസിച്ചു. അവന്റെ സഹോ ദരന്മാർ അവനിൽ വിശ്വസിയ്ക്കുകയോ അവന്റെ ശ്രുതി അടുത്തുള്ള ഗ്രാമങ്ങളിൽ എത്തുകയോ ചെയ്യാതിരുന്ന തിനാൽ അവന്റെ ഭൗമിക ജീവിതം സാധാരണക്കാരുടെതു പോലെയായിരുന്നു എന്ന നമ്മുടെ അനുമാനത്തെ ഉറപ്പി യ്ക്കുന്നു. അടുത്ത ഗ്രാമമായ ഗലീലയിലെ കാനാവിലുള്ള നഥാനിയേൽ ഇത്രയും വർഷങ്ങളായി (30 വയസ്സുവരെ)

അവനെപ്പറ്റി കേട്ടിട്ടുപോലുമില്ല. കൂടാതെ കാനാവിൽ നിന്നും അകലെയുള്ള കഫർന്നഹൂം, ബെത്സയിദാ എന്ന ഗ്രാമങ്ങളിലെ ആളുകളും അവനെപ്പറ്റി കേട്ടിട്ടില്ലായിരുന്നു. സുവിശേഷകനായ ലൂക്കോസ് പറയുന്നതുപോലെ യേശുവിന്റെ ജീവചരിത്രം ഇപ്രകാരം സംക്ഷേപിയ്ക്കാം: "പൈതൽ വളർന്നു, ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടുപോന്നു: ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു" (ലൂക്കോസ് 2:40). ലൂക്കൊസിന്റെ ഈ വാക്കുകൾ കാണിയ്ക്കുന്നതു യേശു സാധാരണഗതിയിൽ വളർന്നുവെന്നും മനുഷ്യന്റെയും ദൈവത്തിന്റെയും പ്രീതി സമ്പാദിച്ചുവെന്നുമാണ്. അവൻ ശുശ്രൂഷ ചെയ്യുവാൻ എപ്പോഴും ഒരുക്കമുള്ളവനായിരുന്നതുകൊണ്ട് ആളുകൾ എത്രമാത്രം അവനെ സ്നേഹിച്ചിരിയ്ക്കും! അവൻ ആർക്കും ഒരു ദോഷവും ചെയ്തില്ല. ദയവില്ലായ്മയ്ക്കു പകരം സ്നേഹം തിരിച്ചുകൊടുത്തു. പൈശാചിക ശക്തിയ്ക്കുനേരെ എതിരിടുന്നതിനുള്ള സന്ദർഭം ഇതു വരെയും വന്നിട്ടില്ലായിരുന്നു. യേശുവിന്റെ കീർത്തിയും ഔന്നത്യവും ആ കാലത്തെ ദുഷ്ടരും ഉന്നതന്മാരുമായവർക്കു അസൂയ ഉളവാക്കുന്നതായും കാണാം.

## ബാലനായ യേശു ദേവാലയത്തിൽ

***"അവന്റെ അമ്മയപ്പന്മാർ ആണ്ടുതോറും പെസഹപ്പെരുന്നാളിന് യെരുശലേമിലേയ്ക്കു പോകും. അവന് പന്ത്രണ്ട് വയസ്സായപ്പോൾ അവൻ പതിവുപോലെ പെരുന്നാളിന് പോയി. പെരുന്നാൾ കഴിഞ്ഞുമടങ്ങിപ്പോരുമ്പോൾ ബാലനായ യേശു യെരൂശലേമിൽ താമസിച്ചു; അമ്മയപ്പന്മാരോ അറിഞ്ഞില്ല. സഹയാത്രക്കാരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കുമെന്നവർ ഊഹിച്ചിട്ടു ഒരു ദിവസത്തെ വഴിപോന്നു; പിന്നെ അവനെ ബന്ധുക്കളുടെയും***

*പരിചയക്കാരുടെയും ഇടയിൽ തിരഞ്ഞു. കാണാഞ്ഞിട്ട് അവനെ അന്വേഷിച്ചുകൊണ്ടു യെരൂശലേമിലെയ്ക്കു മടങ്ങിപ്പോയി; മൂന്നുനാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിയ്ക്കുന്നതും അവരുടെ ഉപദേശങ്ങൾ കേൾക്കുകയും അവരോടു ചോദിയ്ക്കുകയും ചെയ്യുന്നതും കണ്ടു. അവന്റെ വാക്കുകൾ കേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി. അവനെ കണ്ടിട്ട് അവർ അതിശയിച്ചു. അമ്മ അവനോടു: മകനേ, ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ട് നിന്നെ തിരിഞ്ഞു എന്നുപറഞ്ഞു. അവൻ അവരോടു: എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിയ്ക്കേണ്ടത് എന്നു നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു. അവൻ തങ്ങളോട് പറഞ്ഞ വാക്കു അവർ ഗ്രഹിച്ചില്ല" (ലൂക്കൊസ് 2:41–50).*

## യേശു ജ്ഞാനത്തിലും കൃപയിലും വളരുന്നു

*"പിന്നെ അവൻ അവരോടുകൂടെ ഇറങ്ങി, നസറെത്തിൽ വന്നു അവർക്കു കീഴടങ്ങിയിരുന്നു. ഈ കാര്യങ്ങളെല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു. യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു" (ലൂക്കൊസ് 2:51–52).*

യേശുവിന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ അവൻ നസറെത്തിൽ നിന്നും യെരൂശലേമിലേയ്ക്കുപോയി. യോസേഫ്

കുടുംബനാഥൻ ആയിരുന്നതിനാൽ വർഷത്തിൽ ഒരിക്കൽ പെസഹപ്പെരുന്നാളിനെങ്കിലും യെരൂശലേം സന്ദർശിക്കേണ്ടതുണ്ടായിരുന്നു. 12 വയസ്സിന് താഴെയുള്ള ബാലന്മാർ ന്യായപ്രമാണത്തിന്റെ നുകത്തിൻകീഴ് ഉൾപ്പെട്ടവരല്ലായ്കയാൽ അവരും സ്ത്രീകൾ പൊതുവേയും വിശേഷിച്ചു മറിയയും ദേവാലയത്തിലേയ്ക്കു പോകേണ്ടിയിരുന്നില്ല.

ആ വർഷം പെസഹാ നിസ്സാൻ മാസം എട്ടാം തീയതി (ഏകദേശം ഏപ്രിൽ) ആയിരുന്നതിനാൽ അവന്റെ മാതാപിതാക്കൾ അവനെ ആദ്യമായി യെരുശലേമിലേയ്ക്കു കൊണ്ടുപോയി. ഈ യാത്രയ്ക്കും അതിന്റെ ക്രമീകരണങ്ങൾക്കും വേണ്ടിയുള്ള ആ അത്ഭുതബാലന്റെ തയ്യാറെടുപ്പിനെക്കുറിച്ച് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. രണ്ടിൽ ഒരു വഴിക്കു യാത്രാ സംഘത്തിന് പോകാവുന്നതാണ്. ഒന്നുകിൽ ശമര്യയിലൂടെ കടന്നുപോയി ശമര്യരുടെ ആക്രമണങ്ങൾക്കു വിധേയപ്പെട്ടോ അല്ലെങ്കിൽ യോർദ്ദാൻ നദിയ്ക്കു കിഴക്കുകൂടി ദീർഘദൂരം യാത്ര ചെയ്തോ ആകാമായിരുന്നു. അങ്ങനെയെങ്കിൽ രണ്ടുപ്രാവശ്യം യോർദ്ദാൻ നദി കടക്കേണ്ടിവരുമെന്നു മാത്രമല്ല യാത്രയും ദീർഘിച്ചതാണ്. രണ്ടാമത്തെ മാർഗ്ഗമാണ് ഭക്തരായ യെഹൂദന്മാർ കൂടുതൽ ഇഷ്ടപ്പെടുന്നത്. രണ്ടുവഴിയിലൂടെ പോയാലും യെരൂശലേമിൽ എത്താൻ നാലും അഞ്ചും ദിവസം വേണ്ടിവരുമായിരുന്നു.

പ്രൗഢഗംഭീരമായ ദേവാലയത്തിന്റെ ദർശനത്താലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും യെരുശലേമിലേയ്ക്കു വരുന്നവരുടെ സ്തുതിഗീതങ്ങളും സങ്കീർത്തനങ്ങളും കേട്ട് യേശു സന്തോഷത്താൽ തുള്ളിച്ചാടിക്കാണുമെന്നതിനു സംശയമില്ല. കൂടാതെ മാനസാന്തരപ്പെടുന്ന പാപികൾക്കുവേണ്ടിയുള്ള പുരോഹിതന്മാരുടെയും മഹാപുരോഹിതന്മാരുടെയും ശുശ്രൂഷകൾ കണ്ട് അവൻ അവരെ അഭിനന്ദിച്ചു

കാണും. ദൈവവുമായി നിരപ്പു പ്രാപിയ്ക്കണമെന്നാഗ്ര ഹിക്കുന്ന ഓരോ വ്യക്തിയും ഈ പുരോഹിതന്മാരിലൂടെ മാത്രമാണ് യാഗം അർപ്പിയ്ക്കേണ്ടിയിരുന്നത്. പട്ടണ ത്തിൽ താമസിച്ചുകൊണ്ട് യോസേഫും മറിയവും ബാല നായ യേശുവും ഇതര തീർത്ഥാടകരെപ്പോലെ ആ ഉത്സ വച്ചടങ്ങുകളായ വഴിപാട് യാഗാർപ്പണം എന്നിവയിലും പ്രാർത്ഥനകളിലും ശ്രദ്ധാപൂർവ്വം സംബന്ധിച്ചുകാണും. ഈ മഹാപെരുന്നാളിന്റെ വിശേഷങ്ങളെല്ലാം ദൈവ ത്തിന്റെ കുഞ്ഞാടായ തന്റെ പ്രതീകമാണെന്ന് യേശു അറി ഞ്ഞിരിയ്ക്കണം. 1500 വർഷങ്ങളായി നിലനിന്നുപോന്ന എല്ലാ മതാനുഷ്ഠാനങ്ങളും താൻ മൂലം ഒരു പരിസമാ പ്തിയിൽ എത്താൻ പോവുകയാണെന്ന് പൂർണ്ണബോ ദ്ധ്യവും അവന്നു ഉണ്ടായിരുന്നിരിയ്ക്കും ഈ ഉത്സവ ത്തിന്റെ അനുഷ്ഠാനാചാരങ്ങളിൽ ആദ്യമായി പങ്കെടു ത്തതിലുള്ള സന്തോഷവും ചാരിതാർത്ഥ്യവും നിമിത്തം തന്റെ അന്തരാത്മാവ് ആനന്ദ പുളകിതമായിക്കാണും.

യെരൂശലേമിൽ വെച്ച് ഈ ബാലനുമായി പരസ്പരം ബന്ധപ്പെടുകയും സംസാരിയ്ക്കുകയും ചെയ്തവർക്ക് അവനാണ് അവരുടെ വാഗ്ദത്ത മശീഹ എന്നു മനസ്സി ലായതേയില്ല. അവർ അറിയാതിരുന്നതു നന്നായി. അവർക്കു അവനെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നെങ്കിൽ പെരുന്നാളിന്ശേഷം നസറെത്തിലേയ്ക്കു മടങ്ങാൻ അവർ അവനെ അനുവദിയ്ക്കുകയില്ലായിരുന്നു. മാത്രമല്ല താൻ ചെയ്തുതീർക്കേണ്ട മഹത്തായ പ്രവൃത്തി ചെയ്യു വാൻ അവന്നു സാധിയ്ക്കയുമില്ലായിരുന്നു.

ആ പകൽ കാലങ്ങളിൽ യേശു മാതാപിതാക്കളിൽ നിന്നും അകന്നു നിന്നിരിയ്ക്കണം. ഇതു അവരെ വിഷമിപ്പിച്ചില്ല. കാരണം അവർക്ക് അവന്റെ സ്വഭാവം നല്ലവണ്ണമറിയാമായി രുന്നു. ശ്രേഷ്ഠമതഗുരുക്കന്മാരുടെ പ്രസംഗവും പഠനക്ലാ

സുകളും ശ്രദ്ധിച്ച് അവൻ പകൽക്കാലം കഴിച്ചു. കൂടുതൽ പഠിയ്ക്കുകയും അറിയുകയുമായിരുന്നു അവന്റെ ഉദ്ദേശ്യം. ഈ മഹാന്മാരായ മതാചാര്യന്മാരുടെ ഉപരിപ്ലവമായ പഠിപ്പിയ്ക്കലുകളിലും തന്റെ സ്വന്തം ചിന്തകളിലും ഉള്ള വലിയ വ്യത്യാസം അവനെ അതിശയിപ്പിച്ചിരിയ്ക്കും. യഥാർത്ഥ ഭക്തിയിലേയ്ക്കും സത്യസന്ധമായ പെരുമാറ്റത്തിലേയ്ക്കും നയിക്കുന്ന പുതിയ ആത്മീയ ബോധനത്തിന്റെ ആവശ്യം അവന്നു ബോധ്യപ്പെട്ടിരിയ്ക്കും.

പെരുന്നാൾ ദിവസങ്ങൾ കഴിഞ്ഞു ആ കുടുംബം നസറെത്തിലേയ്ക്കു മടങ്ങി. യേശു ആ കൂട്ടത്തിൽ ഇല്ലെന്നു ആരും അറിഞ്ഞിരുന്നില്ല. ആ ഗുരുക്കന്മാരിൽ നിന്നു കേൾക്കുന്നതിന്നും അവരോടു ചോദ്യങ്ങൾ ചോദിയ്ക്കുന്നതിനുമായി അവൻ അവിടെത്തങ്ങി. അവനെ കാണാഞ്ഞതിനാൽ അവന്റെ മാതാപിതാക്കൾ വ്യാകുലപ്പെട്ടു പരിഭ്രമിച്ചു പട്ടണത്തിലേയ്ക്കു മടങ്ങി. കാണാൻ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും അവർ അവനെ അന്വേഷിച്ചുവെങ്കിലും കണ്ടെത്തിയില്ല. അവസാനം മൂന്നാം ദിവസം ആ ദേശത്തിലെ പണ്ഡിതന്മാരോടു കൂടി അവൻ ദേവാലയത്തിലിരിയ്ക്കുന്നതായി കണ്ടു. ഉദ്ദീപിപ്പിയ്ക്കുന്ന ചിന്തകളാലും തുളച്ചുകയറുന്ന ചോദ്യങ്ങളാലും അവരുടെ ശ്രദ്ധയും ബഹുമാനവും അവൻ ആർജ്ജിച്ചു. സ്വാഭാവികമായി അവന്റെ അമ്മ മറിയ അവനെ കണ്ടതിൽ ആശ്വസിച്ചെങ്കിലും അവനെ ശാസിച്ചുകൊണ്ടു പറഞ്ഞു, “മകനെ, നീ ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുംകൊണ്ടു നിന്നെ തിരഞ്ഞു”. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അപ്രകാരം പെരുമാറുന്നതിന് ഒരമ്മയെ ആർക്കും കുറ്റപ്പെടുത്താനാവില്ല. അവന്റെ അനിതരസാധാരണമായ മാനസികവും ധാർമ്മീകവുമായ കഴിവുകളെ അറിഞ്ഞിരുന്നതുകൊണ്ട് അവൾക്ക് അവനെ ശകാരിയ്ക്കാതിരിയ്ക്കാ

മായിരുന്നു. അവൻ പറഞ്ഞ മറുപടിയിൽ ഒരു നേരിയ പരിഹാസലാഞ്ഛന ഉണ്ടായിരുന്നതായി തോന്നിയേക്കാം. “എന്റെ പിതാവിന്റെ ഭവനത്തിൽ ഞാൻ ഇരിയ്ക്കേണ്ടതല്ലയോ?” അവൻ ക്ഷമ ചോദിയ്ക്കുകയോ മാപ്പുപറയുകയോ ചെയ്തില്ല. ഭൗമീക മാതാപിതാക്കളുടെ ഹിതത്തെക്കാൾ തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നതാണ് തന്റെ പ്രവൃത്തി എന്നുമാത്രം അവൻ ഉത്തരം പറഞ്ഞു. യോസേഫ് അവന്റെ യഥാർത്ഥ പിതാവായിരുന്നില്ല. താൻ ആരുടെ ആത്മാവിനാൽ പിറന്നുവോ അവനാണ് അവന്റെ അപ്പൻ. അവൻ ഒരു സാധാരണ ബാലനായിരുന്നെങ്കിൽ തന്റെ പെരുമാറ്റത്തിന് ആക്ഷേപം അർഹിയ്ക്കുമായിരുന്നു. ഒരു അപരിചിത സ്ഥലത്തുവെച്ച് 12 വയസ്സുള്ള ഒരു ബാലൻ സ്വാഭാവികമായി ഇപ്രകാരം പെരുമാറിക്കൂടാ; തന്റെ മാതാപിതാക്കളോടു താൻ യെരൂശലേമിൽ പിറകിൽ തങ്ങുവാൻ പോകുന്നുവെന്ന് അറിയിക്കേണ്ടതായിരുന്നു. അവന്റെ വ്യാകുലചിത്തയായ മാതാവിനോടു ഒരിയ്ക്കലും ഇപ്രകാരം പറയരുതായിരുന്നു. “ഞാൻ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന പ്രവൃത്തിയിൽ വ്യാപൃതനായി ഇരിയ്ക്കേണ്ടതല്ലയോ?”

ഈ അറിവിന്റെ ഒരേ ഒരു ഉറവിടം മറിയ മാത്രമാണ്. തന്റെ മകൻ അർത്ഥമാക്കിയതു തികച്ചും അവൾക്കു മനസ്സിലായില്ല. എങ്കിലും അവൾ അതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. തന്നെ ലജ്ജിപ്പിച്ച ഈ സംഭവം പിന്നീടു അവൾ എന്തിനാണു വെളിപ്പെടുത്തിയത്. എന്തുകൊണ്ടാണ് ലൂക്കൊസ് എന്ന സുവിശേഷകൻ മാതാപിതാക്കളെ അനുസരിയ്ക്കാതിരുന്ന ഒരു ബാലന്റെ കാര്യം ഇവിടെ ഉദ്ധരിച്ചിരിയ്ക്കുന്നത്?

സുവിശേഷത്തിൽ ചിത്രീകരിച്ചിരിയ്ക്കുന്നതുപോലെ ഈ ബാലൻ മനുഷ്യൻ മാത്രമല്ല, ദൈവവുമാണെന്നു മന

സ്സിലാക്കിയാൽ ഈ ചോദ്യങ്ങൾക്കുത്തരമായി. “നിന്റെ അപ്പനും ഞാനും....” എന്നുള്ള അവന്റെ അമ്മയുടെ വാക്കുകൾക്കുള്ള പ്രതികരണമായി അവൻ പറഞ്ഞ വാക്കുകളിൽ നിന്നും നമുക്കു മനസ്സിലാക്കാവുന്നതാണ്. അവന്റെ പിതാവ് യോസേഫല്ല, ദൈവമാണെന്ന് അവളെ ഓർമ്മിപ്പിച്ചു. അവന്റെ ദൈവീകജനനം മൂലം മറ്റുള്ളവരെപ്പോലെ മറിയയോടും യോസേഫിനോടും അവന്നു കടപ്പാടും ഇല്ല. ഒരുപക്ഷേ തന്റെ മാതാപിതാക്കൾക്കു തിരിച്ചറിയാൻ കഴിയാതെ പോയെങ്കിലും താൻ ദൈവപുത്രനാണെന്നു യേശുവിനു അറിയാമായിരുന്നു എന്ന വസ്തുത സുവിശേഷകനായ ലൂക്കൊസ് തന്റെ മറുപടിയിലൂടെ നമ്മെ ഗ്രഹിപ്പിയ്ക്കുന്നു. യേശുവിന്റെ ഈ വാക്കുകളെ നാം ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. എന്തെന്നാൽ അവയാണു യേശു പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ പ്രസ്താവന. “ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിയ്ക്കേണ്ടതല്ലയോ?” എന്ന തന്റെ വാക്കുകൾ യേശുവിന്റെ പിൻകാല ജീവിതത്തിന് ഏറ്റവും അനുയോജ്യമായ ആമുഖമായിരുന്നു എന്നുനമുക്കു അനുമാനിയ്ക്കാം. ഇതു താൻ സ്വയമേവ സ്വീകരിച്ച ഒരു സിദ്ധാന്തമാണ്. തന്റെ ജീവിത ദൗത്യം നിർവ്വഹിച്ചു സ്വർഗ്ഗാരോഹണം ചെയ്യുന്നതുവരെ അവൻ ഒരിയ്ക്കൽ പോലും അതിൽ നിന്നു വ്യതിചലിച്ചില്ല.

***“അവൻ തന്റെ ജനത്തെ***
***അവരുടെ പാപങ്ങളിൽ നിന്നും***
***രക്ഷിപ്പാനിരിയ്ക്കകൊണ്ട്***
***നീ അവന്നു യേശു***
***എന്നുപേർ ഇടേണം”***

***(മത്തായി 1:21)***

# X
# യോഹന്നാൻ സ്നാപകൻ വഴി ഒരുക്കുന്നു

*"ആ കാലത്തു യോഹന്നാൻ സ്നാപകൻ വന്നു യെഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു: സ്വർഗ്ഗരാജ്യം സമീപിച്ചിരിയ്ക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞു.*

*"മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാണിത്. കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ" എന്നിങ്ങനെ യെശയ്യാപ്രവാചകൻ പറഞ്ഞവൻ ഇവൻ തന്നേ. യോഹന്നാന് ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽ വാറും ഉണ്ടായിരുന്നു. അവന്റെ ആഹാരമോ വെട്ടുക്കിളിയും കാട്ടുതേനും ആയിരുന്നു. അന്നു യെരൂശലേമ്യരും യെഹൂദ്യദേശക്കാരൊക്കെയും യോർദ്ദാന്റെ ഇരുകരെയുമുള്ള എല്ലാ നാട്ടുകാരും പുറപ്പെട്ടു അവന്റെ അടുക്കൽ ചെന്ന് തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം ഏറ്റു. തന്റെ സ്നാനത്തിനായി പരീശരിലും സദൂക്യരിലും പലർ വരുന്നതു കണ്ടാറെ അവൻ അവരോടു പറഞ്ഞത്: സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപോകുവാൻ നിങ്ങൾക്കു ഉപദേശിച്ചു തന്നത് ആർ? മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ. അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്നു ഉള്ളം കൊണ്ടു പറവാൻ തുനിയരുത്. ഈ കല്ലുകളിൽ നിന്നു അബ്രഹാമിന്നു മക്കളെ ഉളവാ*

*ക്കുവാൻ ദൈവത്തിന്നു കഴിയും എന്നു ഞാൻ നിങ്ങ ളോടു പറയുന്നു. ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവ ട്ടിന്ന് കോടാലി വെച്ചിരിയ്ക്കുന്നു; നല്ലഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിൽ ഇട്ടുകള യുന്നു. ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ള ത്തിൽ സ്നാനം ഏല്പ്പിയ്ക്കുന്നതേ ഉള്ളൂ; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമക്കാൻ ഞാൻ മതി യായവനല്ല. അവൻ നിങ്ങലെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പ്പിയ്ക്കും. വീശുമുറം അവന്റെ കയ്യിലുണ്ട്; അവൻ കളത്തെ മുറ്റും വെടി പ്പാക്കി കോതമ്പ് കളപ്പുരയിൽ കൂട്ടിവെയ്ക്കുകയും പതിർകെടാതെ തീയിൽ ഇട്ടുചുട്ടുകളകയും ചെയ്യും" (മത്തായി 3:1–12).*

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് യേശു തന്നെക്കുറിച്ചു തന്നെ പറഞ്ഞു (യോഹന്നാൻ 8:12). അവന്റെ ദിവ്യമായ വെളിച്ചം പ്രത്യക്ഷനാകുന്നതിനു മുമ്പേ അവന്റെ ബന്ധുവായ യോഹന്നാൻ സ്നാപന കിൽ ഈ പ്രഭാതം പൊട്ടിവിടർന്നു അവന്റെ ദൂത് ഇപ്ര കാരമായിരുന്നു. "എന്നിലും ബലമേറിയവൻ എന്റെ പിന്നാലെ വരുന്നു. അവന്റെ ചെരിപ്പിന്റെ വാറ് കുനിഞ്ഞഴിപ്പാൻ ഞാൻ യോഗ്യനല്ല" (മർക്കൊസ് 1:7). ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കു മുന്നോടിയായിരുന്ന ഈ പ്രഭാത ത്തെപ്പറ്റി അനേകം ശതവർഷങ്ങൾക്കു മുമ്പുതന്നെ പ്രവാചകന്മാർ പ്രവചിച്ചിരുന്നു. ഉദാഹരണമായി യെശ യ്യാവ് 40:3, മലാഖി 3:1, 4:5 എന്നിവ നോക്കുക. ജ്വലിച്ചു പ്രകാശിയ്ക്കുന്ന വിളക്കു എന്നാണ് യേശു യോഹ ന്നാൻ സ്നാപനെകുറിച്ചു പറഞ്ഞത് (യോഹന്നാൻ 5:35). യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന്റെ സാക്ഷിയായി ദൈവത്താൽ അയയ്ക്കപ്പെട്ട മനുഷ്യനാണെന്ന് അപ്പൊ

സ്തലനായ യോഹന്നാനും പറഞ്ഞു (യോഹന്നാൻ 1:8).

ആദ്യം തന്നെ യോഹന്നാൻ സ്നാപകന്റെ പ്രാധാന്യം ഈ പ്രവചനങ്ങളുടെ വെളിച്ചത്തിൽ തീരുമാനിക്കപ്പെട്ടിരുന്നു. പിന്നീട് തന്റെ ജനനത്തിങ്കലുണ്ടായ അത്ഭുതങ്ങളുടെ ശൃംഖലയാലും ഒടുവിൽ അവന്റെ സന്ദേശത്തിലും സ്നാനത്തിലും അടങ്ങിയിരുന്ന അസാധാരണ ശക്തിവൈഭവത്താലും മനസ്സിലാക്കാവുന്നതാണ്. പെട്ടെന്നു യഹൂദന്മാരുടെ ഇടയിലെ ആത്മീകതയുടെയും ധാർമ്മീകതയുടെയും ശക്തികേന്ദ്രമായി അവൻ പരിണമിച്ചു. യെഹൂദനേതാക്കന്മാർക്കും ദുഷ്ടനായ ഹെരോദാ അന്തിപ്പാസ് രാജാവിനും കൂടി "ഇതു ക്രിസ്തു ആയിരിയ്ക്കുമോ" എന്നു അവനെക്കുറിച്ചു ചോദിയ്ക്കുവാനിടയായി. മശീഹായിൽ നിന്നും ഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന അത്ഭുതപ്രവൃത്തികൾ ഒന്നും കൂടാതെ യോഹന്നാന് ഈ പ്രസിദ്ധി ലഭിച്ചു. അവൻ വാസ്തവത്തിൽ തന്റെ പദവിയെ തെളിയിക്കുന്ന ഒരു അത്ഭുതവും ചെയ്തില്ല.

ഈ മനുഷ്യന്റെ സ്ഥാനത്തിനു ഉപോൽബലകമായി നിൽക്കുന്ന ഏറ്റവും പ്രധാന കാര്യം - എന്തായിരുന്നാലും അവനെപറ്റിയുള്ള ക്രിസ്തുവിന്റെ സാക്ഷ്യം തന്നെ ആയിരുന്നു. യേശു ദേശത്തോടു അവനെപറ്റി ഇപ്രകാരം വിളിച്ചു പറഞ്ഞു "അല്ല, എന്തിനുപോയി? ഒരു പ്രവാചകനെ കാണ്മാനോ? അതേ പ്രവാചകനിലും മികച്ചവനെതന്നെ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു. അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും". എന്നു എഴുതപ്പെട്ടിരിയ്ക്കുന്നവൻ അവൻ തന്നെ. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ

എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 11:9-11). യോഹന്നാന്റെ മഹത്വത്തെക്കുറിച്ചു ദാനിയേലും ഇപ്രകാരം പ്രവചിച്ചിരിയ്ക്കുന്നു:

*"എന്നാൽ ബുദ്ധിമാന്മാർ*
*ആകാശ മണ്ഡലത്തിന്റെ പ്രഭപോലെയും*
*പലരേയും നീതിയിലേയ്ക്കു തിരിയ്ക്കുന്നവർ*
*നക്ഷത്രങ്ങളെപ്പോലെയും*
*എന്നും എന്നേയ്ക്കും പ്രകാശിയ്ക്കും"*
*(ദാനിയേൽ 12:3)*

മശിഹായുടെ വരവിന്നായി ലോകത്തെ ഒരുക്കുവാൻ ഏലിയാവിന്റെ ആത്മാവോടും തീക്ഷ്ണതയോടും കൂടെ യേശുവിന്റെ മുന്നോടിയായി വന്നവനാണ് യോഹന്നാൻ. ദൈവത്തിന്റെ ന്യായപ്രമാണത്തിനു വിരുദ്ധമായി ചുറ്റുപാടുമുള്ള ജാതികളിൽ നിന്ന് പഠിച്ച തെറ്റായ ആചാരാനുഷ്ഠാനങ്ങളിലേയ്ക്കു തിരിഞ്ഞതിന്നു ഏലിയാവിനെപ്പോലെ ദൈവജനത്തെ ശാസിയ്ക്കുകയായിരുന്നു അവന്റെ ശുശ്രൂഷ.

ജീവത്തായ ദൈവത്തിന്റെ അരുളപ്പാടുകൾ തന്നിൽ നിന്നും സ്വീകരിച്ച് നമുക്കു നൽകിയ മനുഷ്യനായ മോശെയപ്പോലെയുള്ള വലിയ പ്രവാചകന്മാരുടെ ആത്മാവിൽ സംസാരിച്ചാൽ സ്വാഭാവികമായും മനുഷ്യമനസ്സാക്ഷി പ്രസംഗകനിലേയ്ക്കു തിരിയും (അപ്പൊസ്തല പ്രവൃത്തി 7:38). 'ഒരുത്തൻ പ്രസംഗിയ്ക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടുപോലെ ആകട്ടെ" എന്നു പത്രോസ് പരിശുദ്ധാത്മ നിയോഗത്താൽ ചെയ്ത പ്രസ്താവന ഈ സംഗതിയെ സാധൂകരിയ്ക്കുന്നു (1 പത്രോസ് 4:11). യോഹന്നാനെപോലുള്ള ഒരു പ്രസംഗകൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ

കേൾവിക്കാരായി വലിയ പുരുഷാരത്തെ തന്നെ ലഭിയ്ക്കുന്നു. അവൻ സ്വന്ത അനുഭവങ്ങളെയോ സ്വന്ത പ്രവൃത്തികളെയോ തത്വശാസ്ത്ര പഠനങ്ങളെയോ അല്ല പറയുന്നത്. അവൻ ധനസമ്പാദനത്തിനുവേണ്ടി പ്രസംഗിയ്ക്കുകയല്ല. അവൻ  ദൈവം അവനോട് പറഞ്ഞതുമാത്രം പ്രസംഗിയ്ക്കുന്നു. "ആകയാൽ നീ ചെയ്യുക, ഞാൻ നിന്റെ വായോടു കൂടിയിരുന്നു നീ സംസാരിയ്ക്കേണ്ടതു നിനക്കു ഉപദേശിച്ചുതരും (പുറപ്പാട് 4:12). അപ്പൊസ്തലനായ പൗലോസിനോടു ചേർത്തു യോഹന്നാൻ സ്നാപകനും ഇപ്രകാരം പറയുന്നു "സുവിശേഷം പ്രസംഗിയ്ക്കുന്നില്ല എങ്കിൽ എനിയ്ക്കു അയ്യോ കഷ്ടം" (1 കൊരിന്ത്യർ 9:16).

യോഹന്നാൻ സ്നാപകന്റെ മാതാപിതാക്കൾ അവൻ ഒരു ബാലനായിരിക്കുമ്പോൾ തന്നെ മരിച്ചു. അവന്നു സഹോദരനോ സഹോദരിയോ ഇല്ലായിരുന്നു. അവന്നു പ്രായമായപ്പോൾ തന്റെ പിതാവിനെപ്പോലെ ഒരു പുരോഹിതനായില്ല. അവൻ ഒരു നാസീർ വ്രതക്കാരനാണെന്നു അവന്നു അറിയാമായിരുന്നു. അവൻ മരുഭൂമിയിൽ വസിച്ച് സന്യാസജീവിതം നയിച്ചു. ഒട്ടകത്തിന്റെ രോമം കൊണ്ടുള്ളതായിരുന്നു അവന്റെ വസ്ത്രങ്ങൾ. അവന്റെ അരയിൽ തോലുകൊണ്ടുള്ള വാറുണ്ടായിരുന്നു. അവന്റെ ആഹാരം വെട്ടുക്കിളിയും കാട്ടുതേനുമായിരുന്നു. 30 വയസ്സുവരെ സാധാരണ ഒരു മനുഷ്യനെപ്പോലെ ജീവിച്ച ക്രിസ്തുവിന്റെ ജീവിതത്തിൽ നിന്നും ഭിന്നമായിരുന്നു അവന്റെ ജീവിതം. സുവിശേഷത്തിൽ അവന് മുപ്പതു വയസ്സു തികയുന്നതിനു മുമ്പുള്ള യോഹന്നാൻ സ്നാപകന്റെ ജീവിതത്തെപ്പറ്റി ഒന്നും പറയുന്നില്ല. ലൂക്കൊസ് സുവിശേഷം 1:80 ൽ മാത്രമാണ് ഈ കാലഘട്ടത്തെപ്പറ്റി സൂചിപ്പിയ്ക്കുന്നതു. "പൈതൽ വളർന്നു. ആത്മാവിൽ ബലപ്പെട്ടു; അവൻ യിസ്രായേലിന്നു തന്നെത്താൻ കാണിയ്ക്കും നാൾവരെ മരുഭൂമിയിലായിരുന്നു".

പുറമേയുള്ള രീതികളിൽ ക്രിസ്തുവും യോഹന്നാൻ സ്നാപകനും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും രണ്ടുപേരും ജീവിതത്തിന്റെ ആത്മീക മൂല്യങ്ങളെ അങ്ങേ അറ്റം പറ്റി പ്പിടിച്ചിരുന്നു. രണ്ടുപേരും സത്യം സംസാരിയ്ക്കുന്നതിൽ ധൈര്യമുള്ളവരും ജനങ്ങൾക്കു മാനസാന്തരമുണ്ടാകണ മെന്നതിൽ എരിവുള്ളവരുമായിരുന്നു. മനുഷ്യർ എല്ലാവ രിലും അവൻ സന്തോഷമുള്ളവനായിരുന്നു. താണവൻ ഉയർത്തപ്പെടുമെന്നും ഉയർന്നവൻ താഴ്ത്തപ്പെടുമെന്നും പാത നിരപ്പാക്കപ്പെടുമെന്നും അവൻ പഠിപ്പിച്ചു. നന്മയി ലേയ്ക്കും സ്വർഗ്ഗത്തിലേയ്ക്കുമുള്ള വഴി നേരെയാക്കണ മെന്നും മാനസാന്തരപ്പെടണമെന്നും വിളിച്ചു പറഞ്ഞു (യെ ശയ്യാവ് 40:4). മരണസമയത്തു ലഭിയ്ക്കുന്നതോ, നല്ല പ്രവൃത്തി ചെയ്യുന്നതിനാൽ സിദ്ധിയ്ക്കുന്നതോ അല്ല പാപക്ഷമ. അതു ദൈവത്തിന്റെ ദാനമാണെന്നും മാന സാന്തരപ്പെട്ട സുവിശേഷത്തിൽ വിശ്വസിയ്ക്കുമ്പോൾ ലഭിയ്ക്കുന്നതാണെന്നും അല്ല പാപിയെ മുഴുവനായി ദൈവകരങ്ങളിൽ സമർപ്പിയ്ക്കണമെന്നും പറഞ്ഞു.

ക്രിസ്തുവിന്റെ വരവ് ആസന്നമായിരിയ്ക്കുന്നുവെന്ന് ജനങ്ങൾക്കുള്ള അക്കാലത്തെ വിശ്വാസം ആയിരുന്നു യോഹന്നാൻ സ്നാപകന്റെ സമീപത്തേയ്ക്കു ഇത്രമാത്രം ജനക്കൂട്ടം വരുവാൻ കാരണമെന്നതിൽ സംശയമില്ല; യോഹന്നാൻ പരസ്യമായി ക്രിസ്തു വന്നു കഴിഞ്ഞു എന്നു പ്രഖ്യാപിച്ചപ്പോൾ മതബോധം അവരിൽ ആളി ക്കത്തി. ധാരാളം ആളുകൾ അവന്റെ അടുക്കൽ വന്നു. എങ്കിലും പരസ്യമായി തങ്ങളുടെ ദുഷ്ടതയ്ക്കു അവരെ താക്കീതു ചെയ്തു അവൻ ഒരു പ്രവാചകനാണെന്നു തെളിയിച്ചു. അവൻ മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദമായിരുന്നു. ജനങ്ങൾക്കു നിർദ്ദേശങ്ങൾ നൽകുന്ന തിനായി ദൈവം അയച്ച വെറും സന്ദേശവാഹകനായി രുന്നു അവൻ "ന്യായവിധി സമീപിച്ചിരിയ്ക്കുന്നു, സമയം

വളരെ വിരളമായിരിയ്ക്കുന്നു, വൃക്ഷങ്ങളുടെ ചുവട്ടിൽ കൊടാലി വെച്ചിരിയ്ക്കുന്നു, നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിൽ ഇടപ്പെടും, വീശുമുറം അവന്റെ കയ്യിൽ ഉണ്ട്. അവൻ കളത്തെ മുറ്റും വെടിപ്പാക്കി ധാന്യം കളപ്പുരയിൽ കൂട്ടി വെയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും".

യോഹന്നാൻ സ്നാപകന്റെ ഈ ശബ്ദം "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദ"മായിരുന്നു. സീനായ് മലയിൽ വെച്ച് ന്യായപ്രമാണം കൊടുത്തപ്പോഴുണ്ടായ ഇടിമുഴക്കത്തിന്റെ ഒരു പ്രതിധ്വനി ആയിരുന്നു ഈ ശബ്ദം. "വരുവാനുള്ള കോപത്തിൽ നിന്നു ഒഴിഞ്ഞുപോകുവാൻ നിങ്ങളെ ഉപദേശിച്ചതാർ?" "അവൻ തന്റെ ഭയചകിതരായ ശ്രോതാക്കളോടു ചോദിച്ചു (ലൂക്കോസ് 3:7). മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ച്ചാൽ വിടുതൽ ലഭിയ്ക്കുമെന്നു പറഞ്ഞു. അബ്രഹാമിന്റെ വംശാവലിയിൽ വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങൾ ലഭിയ്ക്കയില്ലെന്നു അവൻ തറപ്പിച്ചു പറഞ്ഞു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്ന് കല്ലുകളിൽ നിന്നു മക്കളെ ഉളവാക്കുവാൻ കഴിയും. അബ്രഹാമിന്റെ നീതിയെ അവഗണിച്ച ഒരു ജനതയെ തന്റെ സന്തതികളായി പരിഗണിയ്ക്കുവാൻ തനിയ്ക്കു കഴിഞ്ഞില്ല. യോഹന്നാന്റെ പ്രസംഗം വളരെ ശക്തിമത്തായതിനാൽ ബഹു പുരുഷാരം അവനെ കേൾക്കുവാൻ തടിച്ചു കൂടി. നാനാ തുറകളിൽപ്പെട്ട ആളുകളിൽ അവന്നു വളരെ സ്വാധീനം ചെലുത്തുവാൻ സാധിച്ചു. അവരുടെ നീറുന്ന പ്രശ്നങ്ങൾക്കു അവൻ ബുദ്ധിപൂർവ്വം മറുപടി പറഞ്ഞു.

വരാൻപോകുന്ന ക്രിസ്തുവിന്റെ മഹനീയമായ പ്രവർത്തനത്തെക്കുറിച്ച് യോഹന്നാൻ മുന്നറിയിപ്പു നൽകി. എല്ലായ്പ്പോഴും അതു ശ്രോതാക്കളിൽ ഭയം ഉളവാക്കിയിരു

ന്നില്ല. താൻ വെള്ളത്തിൽ സ്നാനം കഴിപ്പിയ്ക്കുന്നതു പരിശുദ്ധാത്മാവിലുള്ള സ്നാനത്തിന്റെ നിഴൽ മാത്രമാണെന്ന് അവൻ പറഞ്ഞു. ആ പരിശുദ്ധാത്മ സ്നാനം നൽകുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ക്രിസ്തു ദൈവമാണെന്നു പ്രസ്താവിയ്ക്കുകയായിരുന്നു; എന്തെന്നാൽ ഒരു കേവല മനുഷ്യന് പരിശുദ്ധാത്മ സ്നാനം നൽകുവാൻ സാധ്യമല്ല. അവന്റെ പിന്നാലെ വരുന്ന ക്രിസ്തു അവന്നു മുമ്പുള്ളവനാണെന്ന് പറഞ്ഞതു നിമിത്തം ക്രിസ്തു വെറും ഒരു മനുഷ്യനല്ല എന്നവൻ വീണ്ടും തെളിയിയ്ക്കുകയായിരുന്നു.

യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനുവേണ്ടി വഴി ഒരുക്കുകയായിരുന്നു എന്നതിനു സംശയമില്ല. ക്രിസ്തുവിന്റെ ഉപദേശം കേൾക്കുന്നതിന്നും അതു അംഗീകരിയ്ക്കുന്നതിനും അനേകം ആളുകൾ ഇതു മുഖാന്തരം തയ്യാറായി. ക്രിസ്തു തന്റെ പരസ്യശുശ്രൂഷയുടെ തുടക്കത്തിൽ ഉപയോഗിച്ചത് അതേ വാക്കുകൾ തന്നെയാണ് അവനും പ്രയോഗിച്ചത്. "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്ന് (മത്തായി 4:17).

രക്ഷകനായ ക്രിസ്തുവിനു പാത ഒരുക്കുവാൻ പുരോഹിതവർഗ്ഗത്തിൽ നിന്നും ദൈവം യോഹന്നാൻ സ്നാപകനെ തിരഞ്ഞെടുത്തു. പഴയ നിയമവും പുതിയ നിയമവും തമ്മിൽ ബന്ധിക്കുന്ന കണ്ണിയും അവൻ. ദൈവം അവനെ ഒരു പുരോഹിതനായിട്ടല്ല, പ്രത്യുത ഒരു പ്രവാചകനായിട്ടാണ് ഉയർത്തിയത്. പഴയ നിയമത്തിലെ അവസാന പ്രവാചകനായും പുതിയനിയമത്തിലെ ആദ്യത്തെ സുവിശേഷകനായും ദൈവം അവനെ അവരോധിച്ചു. യേശുവിന്റെ ഭൗമിക ചാർച്ചക്കാരിൽ നിന്നും തിരഞ്ഞെടുത്തതു കുടുംബ ബന്ധങ്ങളെ വിശുദ്ധീകരിക്കുവാൻ വേണ്ടിയത്രേ. കാരണം സമൂഹത്തിന്റെ

അടിസ്ഥാന ഘടകവും ഒരു ഉറച്ച വിശ്വാസത്തിന്റെ അടിസ്ഥാനവും കുടുംബമാണ്. തന്നിമിത്തം കുടുംബത്തലവൻ ആ കുടുംബത്തിന്റെ പുരോഹിതനും മതനേതാവുമാണ്. കുടുംബത്തിലെ മതബോധനവും പ്രായോഗികതയും അനുസരിച്ചാണ് സഭകളിലും സ്കൂളുകളിലും മതം അംഗീകരിയ്ക്കപ്പെടുന്നത്.

മരുഭൂമിയിൽ മുഴങ്ങിക്കേട്ട ശബ്ദം രാജ്യത്തിന്റെ നാനാ ഭാഗത്തും മുഴങ്ങി. ഹെരോദ് അന്തിപ്പാസു പോലും ബഹുമാനിക്കത്തക്കവിധം അവന്റെ യശസ്സു വർദ്ധിച്ചു. യേശുക്രിസ്തു തന്റെ 30 വർഷത്തെ ഒരുക്കങ്ങൾക്കുശേഷം ഒരു ദിവസം യോർദ്ദാൻ നദീതീരത്തു യോഹന്നാന്റെ അടുക്കൽ വന്നു. തന്റെ യഥാർത്ഥ വ്യക്തിത്വം മറയ്ക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഭൂമിയിൽ നിന്ന് ഒരു വിത്തു മുളച്ചുവരുന്നതുപോലെ സത്യം പൊന്തിവരുവാൻ സമയമായി.

## തന്നെ സ്നാനപ്പെടുത്തുവാൻ ക്രിസ്തു യോഹന്നാനോടു ആവശ്യപ്പെടുന്നു

***"അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ ഗലീലയിൽ നിന്ന് യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി: നിന്നാൽ സ്നാനം എനിയ്ക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു. യേശു അവനോടു: ഇപ്പോൾ സമ്മതിക്ക, ഇങ്ങനെ സകല നീതിയും നിവർത്തിയ്ക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു. എന്നാറെ അവൻ അവനെ സമ്മതിച്ചു. യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നും കയറി; അപ്പോൾ***

***സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു. ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിയ്ക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദം ഉണ്ടായി (മത്തായി 3:13-17).***

ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കുള്ള സമയമായി. മനുഷ്യരാശിയുടെ പാപമോചനകർമ്മം തനിക്കു ആരംഭിയ്ക്കേണ്ടതുണ്ടായിരുന്നു. ജനങ്ങളിൽ ദരിദ്രരുമായി അവൻ ഇടപഴകി. യോഹന്നാൻ സ്നാപകന്റെ അടുക്കൽപോയി തന്നെ സ്നാനപ്പെടുത്തുവാൻ അവൻ ആവശ്യപ്പെട്ടു.

പാപം ഏറ്റുപറഞ്ഞു പാപമോചനത്തിന്റെ അടയാളമായി പുരുഷാരം സ്നാനം ഏൽക്കുന്നതും യേശു കണ്ടു. സ്നാപകൻ അവർക്കു നല്ല ഉപദേശങ്ങൾ കൊടുക്കുന്നതു കേട്ടു. അവർ യോഹന്നാനെ എപ്രകാരം ബഹുമാനിയ്ക്കുന്നു എന്നു കണ്ടു. സാധാരണയുള്ള അനുതാപവും ഏറ്റുപറച്ചിലും കൂടാതെ തന്നെ സ്നാനപ്പെടുത്തുവാൻ യേശു ആവശ്യപ്പെട്ടു. ക്രിസ്തുവിന്റെ പരിപാവനമായ പൂർണ്ണത നല്ലവണ്ണം യോഹന്നാനു അറിയാമായിരുന്നതുകൊണ്ട് അവനെ സ്നാനപ്പെടുത്തുവാൻ അവൻ വിസമ്മതിച്ചു. അവന്റെ മനസ്സു മാറ്റുന്നതിന്നായി അവൻ ഇപ്രകാരം ചോദിച്ചു, "നിന്നാൽ സ്നാനം ഏല്ക്കുവാൻ എനിക്കാണു ആവശ്യം. പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ" (മത്തായി 3:14).

യോഹന്നാൻ ഉന്നതജാതനാണ്. വിശുദ്ധ ദേശത്തെ ഏറ്റവുംവലിയ സംസ്ഥാനമായ യെഹൂദ്യയിലുള്ള ശ്രേഷ്ഠ പുരോഹിതവർഗ്ഗത്തിൽപ്പെട്ടവനാണ്. എന്നിരുന്നാലും ക്രിസ്തുവിനെ വളരെ താഴ്മയോടുകൂടി സംബോധന ചെയ്യു

ന്നതിൽ ആർക്കും അതിശയിക്കാനില്ല. അവൻ മശീഹ യോടാണ് സംസാരിയ്ക്കുന്നതു എന്നവന്നു അറിയാമാ യിരുന്നു. ആ മശീഹായുടെ വരവിനെപ്പറ്റിയാണു അവൻ പ്രസ്താവിച്ചത്. യോഹന്നാൻ യേശുവിന്റെ മുന്നിൽ താഴ്മയും വിനയവും ഉള്ളവനായിരുന്നു. എന്നാലും യെഹൂദ പ്രമാണികളോടു അവൻ വളരെ കർക്കശനായി രുന്നു. ഒരിയ്ക്കൽ അവൻ അവരെ, "സർപ്പസന്തതികളേ! വരുവാനുള്ള കോപത്തിൽ നിന്നും ഓടിപ്പോകുവാൻ നിങ്ങളെ ഉപദേശിച്ചത് ആര്?" എന്നു ചോദിച്ചു (മത്തായി 3:7). അവൻ കേവലം ഒരു തച്ചന്റെ മുമ്പിൽ വിനയപ്പെട്ടു. ''നിന്നാൽ സ്നാനമേൽക്കുവാൻ എനിയ്ക്കാണു ആവശ്യം" എന്നു എങ്ങനെയാണു പറയാൻ സാധിയ്ക്കു ന്നത്?

യോഹന്നാൻ സ്നാപകന് വലിയ ഭക്തിയും ദൈവീ കകാര്യങ്ങളിൽ തീക്ഷ്ണതയും വിജയകരമായ ശുശ്രൂ ഷയും ഉണ്ടായിരുന്നെങ്കിലും താൻ ഒരു പാപിയാണെന്ന് അവന്നു അറിയാമായിരുന്നു എന്നു ഈ വാക്കുകൾ കാണി ക്കുന്നു. മാനസാന്തരത്തിനായി മറ്റൊരുവൻ തന്നെ സ്നാന പ്പെടുത്തേണ്ടത് ആവശ്യമാണെന്നു അവന് അറിയാമായി രുന്നു. അപ്രകാരമുള്ള താഴ്മ അവന്റെ മഹത്വത്തിന്റെ ലക്ഷ ണമാണ്. അസാധാരണമായ ഭക്തി അതിയായ പാപബോ ധത്തിന്റെ തെളിവാണ്. ഒരു ഗുരു തന്റെ ശിഷ്യ നോടെന്നവണ്ണം യേശു ആത്മാർത്ഥമായും ബുദ്ധിപൂർവ്വ മായും അവനോടു മറുപടി പറഞ്ഞു, "ഇപ്പോൾ സമ്മതി യ്ക്ക, ഇങ്ങനെ സകല നീതിയും നിവൃത്തിയ്ക്കുന്നത് നമുക്കു ഉചിതമല്ലോ."

ഈ വാക്കുകളെപ്പറ്റി അല്പസമയം നിന്നു ചിന്തിച്ച് ധ്യാനിയ്ക്കുന്നതു പ്രയോജനകരമാണ്. കാരണം പ്രായ പൂർത്തി ആയതിനുശേഷം യേശു ആദ്യമായി സംസാ

രിച്ച വാക്കുകളായി ഇവ രേഖപ്പെടുത്തിയിരിയ്ക്കുന്നു. “അതു ഉചിതം” എന്ന വാക്കുകൾ നിമിത്തം തനിയ്ക്കു സ്നാനത്തിന്റെ ആവശ്യമുണ്ടായിട്ടല്ല, പിന്നെയോ, അതു ശരിയായ നടപടി ആയതിനാൽ അവന്നു സ്നാനം സ്വീകരിയ്ക്കുന്നതിൽ താല്പര്യമുണ്ടെന്നു നമുക്കു മന സ്സിലാക്കാം. യോഹന്നാൻ സ്നാപകനെപ്പോലെ സ്നാനം സ്വീകരിയ്ക്കുവാൻ ആവശ്യമുണ്ടെന്നു യേശു പറഞ്ഞില്ല. എന്നാൽ യോഹന്നാന്റെ ശുശ്രൂഷയെ പ്രോത്സാഹിപ്പിയ്ക്കാനും അവനെ കേൾക്കുവാൻ അനേകർ വന്നുകൂടാനും അവന്റെ സ്വാധീനം വർദ്ധിയ്ക്കുവാനും അവർ സ്നാനത്തിനു ആവശ്യപ്പെടാനുമായി ആ അനുഷ്ഠാനത്തിലൂടെ യേശു കടന്നുപോയി. ഈ വിധത്തിൽ ക്രിസ്തുവിനുവേണ്ടി പാത നിരപ്പാക്കുവാനുള്ള യോഹന്നാന്റെ ശുശ്രൂഷയിൽ അവനെ സഹായിക്കുകയും ചെയ്തു.

യോഹന്നാന്റെ സ്നാനം രണ്ടുവിധത്തിൽ അന്വർത്ഥമാണ്. പാപശുദ്ധീകരണത്തിനുള്ള അടയാളത്തേയും യേശു സ്ഥാപിയ്ക്കാൻ പോകുന്ന പുതിയ സ്വർഗ്ഗരാജ്യത്തിലെ ശുശ്രൂഷയിൽ സ്നാനപ്പെടുന്നവർക്കു ലഭ്യമാകുന്ന ജീവിതത്തിന്റെ സന്തോഷത്തെയും ഇതു വ്യക്തമാക്കുന്നു.

ആദ്യത്തെ അർത്ഥത്തിൽ ക്രിസ്തു സ്നാനപ്പെട്ടതു തന്റെ സ്വന്തം പാപങ്ങൾക്കുവേണ്ടി ആയിരുന്നില്ല. ഓരോ പാപിയുടെയും സ്ഥാനം ഏറ്റെടുക്കുകയായിരുന്നു. യെഹൂദന്മാരുടെ വിശ്വാസമനുസരിച്ച് ശുദ്ധിയുള്ളതു അശുദ്ധിയുള്ളതിനെ സ്പർശിച്ചാൽ അതും അശുദ്ധിയുള്ളതാകുന്നു. അതുപോലെ ക്രിസ്തു മനുഷ്യാവതാരമെടുത്തപ്പോൾ അശുദ്ധനായി എണ്ണപ്പെട്ടു. “അവൻ അതിക്രമക്കാരോടുക്കൂടെ എണ്ണപ്പെട്ടു” (യെശ

യ്യാവ് 53:12). അങ്ങനെ അവൻ നമ്മുടെ പ്രതിനിധി യായി മാനസാന്തര സ്നാനം സ്വീകരിയ്ക്കുകയായി രുന്നു. അപ്പൊസ്തലനായ പൗലോസ് പറഞ്ഞു, “പാപം അറിയാത്തവനെ, നാം അവനിൽ ദൈവ ത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കുവേണ്ടി പാപം ആക്കി” (11 കൊരിന്ത്യർ 5:21).

രണ്ടാമതായി ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ യുടെ ആരംഭത്തേയും ഇതു കുറിയ്ക്കുന്നു. പുതിയ രാജ്യം സ്ഥാപിച്ച് അതിനെ ഭരിയ്ക്കുന്ന രാജാവായും രക്ഷകനായും താൻ പരസ്യമായി തന്റെ ശുശ്രൂഷ യിൽ പ്രവേശിച്ചതും ഇതോടുകൂടിയാണ്. അവൻ അവർക്കുവേണ്ടി സാധിച്ച ഈ പുതിയ ജീവിതത്തി ലേയ്ക്കു അന്യർക്കു പ്രവേശനം ഇതുമൂലം ലഭിച്ചു. ഈ പുതിയ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ ജീവി തത്തിന്റെ മേന്മ തനിയ്ക്കു ഇപ്പോൾ ആളുകൾക്കു പുതുജീവൻ കൊടുക്കാനുള്ള അധികാരമുണ്ടെന്നു ള്ളതാണ്. അങ്ങനെ അവന്റെ സ്നാനത്താൽ അവനെ പ്രവാചകനായും പുരോഹിതനായും രാജാവായും ഔദ്യോഗികമായി അഭിഷേകം ചെയ്തു.

യോഹന്നാൻ യേശുവിനെ വെള്ളത്തിൽ സ്നാന പ്പെടുത്തി. അതിൽ നിന്നും അവൻ കയറി വന്നതിനു ശേഷം മനുഷ്യരാശിയുടെ ഭാവിയെക്കുറിച്ചും തന്റെ ഭൂമിയിലെ ശേഷിച്ച ജീവിതത്തിന്റെ പ്രാധാന്യതയെ ക്കുറിച്ചും കൂടുതൽ ബോധവാനായി. എങ്കിലും മറ്റൊരു സ്നാനത്തെപ്പറ്റിയുള്ള ചിന്ത അവന്റെ മനസ്സിനെ മഥിച്ചു. എല്ലാ ക്രിസ്ത്യാനികളുടേയും സ്നാന ത്തിന്റെ അടിത്തറയായുള്ള പരിശുദ്ധാത്മ സ്നാനം മനുഷ്യപുത്രൻ എന്ന നിലയ്ക്കു അവനും ആവശ്യമാ യിരുന്നു. അവർ പ്രാർത്ഥിച്ചതുപോലെ തന്റെ പിതാ

വിനോടുള്ള പൂർണ്ണ ഐക്യത്തിൽ അവൻ വെള്ളത്തിൽ നിന്നും കയറി വന്നു. അവന്നു ലഭിച്ച പ്രതികരണത്തിൽ നിന്നും അവൻ പരിശുദ്ധാത്മാവിന്നു വേണ്ടി പ്രാർത്ഥിച്ചു എന്നു മനസ്സിലാക്കാം. സ്വർഗ്ഗം തുറന്നു അവന്റെ അപേക്ഷ സ്വീകരിച്ചതിനാൽ അതു യഥാർത്ഥത്തിൽ സംഭവിച്ചു.

ക്രിസ്തുവിനെ തിരിച്ചറിയുവാൻ യോഹന്നാന് ഒരു അടയാളം കൊടുത്തിരുന്നതായി കാണാം. യോഹന്നാൻ പറഞ്ഞു, "വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു: ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിയ്ക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിയ്ക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നെ എന്നു സാക്ഷ്യം പറയുകയും ചെയ്തിരിയ്ക്കുന്നു" (യോഹന്നാൻ 1:33-34). പരിശുദ്ധാത്മാവിന്നു പ്രാവിന്റെ രൂപം ധരിയ്ക്കുവാൻ ഈ വാഗ്ദാനം മതിയായ കാരണമാണ്. പ്രാവിനെ സ്നാപക യോഹന്നാൻ കണ്ടപ്പോൾ തന്നെ, തന്റെ മുമ്പിൽ നിൽക്കുന്നവൻ തനിയ്ക്കുശേഷം വരേണ്ടുന്നവാണെന്നും തനിയ്ക്കുമുമ്പേ ഉണ്ടായിരുന്നവനും പരിശുദ്ധാത്മാവുകൊണ്ടു സ്നാനം കഴിപ്പിയ്ക്കുന്നവന്നും ആണെന്നും യോഹന്നാന് സംശയലേശമെന്യേ ബോധ്യമായി.

പ്രാവിന്റെ പ്രത്യക്ഷതയോടുകൂടി തന്നെ ഒരു ശബ്ദവും കേട്ടി. ആ ശബ്ദം "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിയ്ക്കുന്നു" (മത്തായി 3:17). തന്റെ പുത്രനെ സാക്ഷീകരിച്ചുകൊണ്ടു പിതാവായ ദൈവത്തിന്റെ ശബ്ദം സ്വർഗ്ഗത്തിൽ നിന്നും മൂന്നുപ്രാവശ്യം ഉണ്ടായതിൽ ആദ്യത്തേതായിരുന്നു ഇത്.

രക്ഷകന്റെ ഈ സ്ഥാനാഭിഷേകത്തിങ്കൽ ത്രിത്വ ത്തിലെ മൂന്നു വ്യക്തികളും ഈ ശബ്ദത്തോടുകൂടി വ്യക്തമായും ക്രിയാത്മകമായും സന്നിഹിതരായിരുന്നു. ഈ അടിസ്ഥാനത്തിൽ യേശു തന്റെ ശിഷ്യന്മാരോടു പിതാവിന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിയ്ക്കുവാൻ കല്പിയ്ക്കുന്നു (മത്തായി 28:18–19).

***‘‘വചനം***
***ജഡമായിത്തീർന്നു,***
***കൃപയും സത്യവും***
***നിറഞ്ഞവനായി***
***നമ്മുടെ ഇടയിൽ പാർത്തു.***
***ഞങ്ങൾ അവന്റെ തേജസ്സ്***
***പിതാവിൽ നിന്നു***
***ഏകജാതനായവന്റെ***
***തേജസ്സായി***
***കണ്ടു’’***

***(യോഹന്നാൻ 1:14)***

# XI
# ക്വിസ്

ഈ പുസ്തകം നിങ്ങൾ പഠിച്ചെങ്കിൽ ചോദ്യങ്ങൾക്കെല്ലാം അനായാസേന നിങ്ങൾക്കു ഉത്തരം എഴുതാം. അവയെ ഞങ്ങൾക്കു തപാൽ മാർഗ്ഗം അയച്ചുതരിക. 20 എണ്ണമെങ്കിലും ശരിയായി ഉത്തരം എഴുതിയാൽ നിങ്ങൾക്കു സമ്മാനമായി ഒരു പുസ്തകം (വാല്യം രണ്ട്) ഞങ്ങൾ അയച്ചുതരുന്നതാണ്.

നിങ്ങളുടെ പൂർണ്ണമായ മേൽവിലാസവും രജി: നമ്പറും വ്യക്തമായി എഴുതുവാൻ ദയവു ചെയ്തു മറക്കരുതേ!

1. മനുഷ്യരാശിയെ ഉദ്ധരിയ്ക്കുവാൻ മോശെയുടെ ന്യായപ്രമാണത്തിനു കഴിയാതിരുന്നതു എന്തുകൊണ്ട്?
2. ക്രിസ്തുവിനെ നമുക്കു ആവശ്യമുണ്ടെന്നുള്ളതിനു രണ്ടു കാരണങ്ങൾ എഴുതുക?
3. യേശുവിന്റെ പരിപൂർണ്ണതയെ (പരിശുദ്ധിയെ)പ്പറ്റി പീലാത്തൊസ് പറയുന്ന സാക്ഷ്യം എഴുതുക?
4. മർക്കൊസ് എഴുതിയ സുവിശേഷത്തിന്റെ ആമുഖത്തിൽ യേശുവിന് നല്കപ്പെട്ട മൂന്നുപേരുകൾ ഏവ? അവയുടെ അർത്ഥമെന്ത്?
5. ലൂക്കൊസ്സിന്റെ തൊഴിൽ എന്തായിരുന്നു അവൻ ആർക്കാണു തന്റെ സുവിശേഷ ലിഖിതം എഴുതുന്നത്?
6. 'കലിമ' (ലോഗോസ്) എന്ന പദം യേശുവിന്നു എങ്ങനെ യോജിച്ചിരിയ്ക്കുന്നു?
7. എന്തുകൊണ്ടാണു സെഖര്യാവ് ഊമനായിത്തീർന്നത്?

8. എന്തുകൊണ്ടാണു ദൈവം എല്ലാ പ്രാർത്ഥനയ്ക്കും ഉത്തരം തരാത്തത്?

9. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനോടു അനുബന്ധിച്ച് നടന്ന ആദ്യത്തെ അത്ഭുതം ഏത്?

10. എങ്ങനെയാണ് കന്യകയായ മറിയം ഗർഭവതി ആയത്?

11. മറിയ ഗർഭവതിയാണെന്നു മനസ്സിലാക്കിയപ്പോൾ യോസേഫ് എന്തുചെയ്യാൻ തീരുമാനിച്ചു?

12. യോസേഫിനോടു ദൈവം ആ സ്ഥിതി എങ്ങനെ വിവരിച്ചു?

13. മറിയ എലിസബെത്തിനെ സന്ദർശിച്ചപ്പോൾ അവളുടെ ഉദരത്തിൽ ശിശു എന്തുചെയ്തു? അതിന്റെ അർത്ഥം എന്തായിരുന്നു?

14. എലിസബെത്തിന്റെ വീട്ടിൽ വെച്ച് മറിയ പാടിയ പാട്ടിന്റെ ആശയം എന്തായിരുന്നു?

15. യേശുവിന്റെ ജനനത്തിനു മുമ്പെ മറിയയും യോസേഫും നസ്രേത്തിൽ നിന്നും ബേത്ത്ലഹേമിലേയ്ക്കു യാത്ര ചെയ്യുവാൻ കാരണം എന്ത്? അതിന്റെ അർത്ഥമെന്തായിരുന്നു?

16. എന്തുകൊണ്ടാണു ദൈവദൂതന്മാർ ആട്ടിടയർക്കു ആദ്യം പ്രത്യക്ഷരായത്?

17. മറിയയ്ക്കു എന്തു സംഭവിയ്ക്കുമെന്നാണ് ശിമ്യോൻ പ്രവചിച്ചത്?

18. യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള പ്രവചനം എഴുതുക? അതു പഴയനിയമത്തിൽ എവിടെ പറഞ്ഞിരിയ്ക്കുന്നു?

19. വിദ്വാന്മാരുടെ സന്ദർശനം ഹെരോദാ രാജാവിലും, ബേത്‌ലെഹേം നിവാസികളിലും, മറിയയിലും, യോസേഫിലും എന്തു പ്രതികരണം ഉളവാക്കി?

20. യേശുവിന്റെ 12 മുതൽ 30 വയസ്സുവരെയുള്ള ജീവിതത്തെക്കുറിച്ച് ബൈബിൾ നിശ്ശബ്ദത പാലിയ്ക്കുന്നതു എന്തുകൊണ്ട്?

21. യെരൂശലേമിലെ ദൈവാലയത്തിലെ യാഗങ്ങളെ കണ്ടപ്പോൾ യേശുവിന്റെ ചിന്തകൾ എന്തെല്ലാമായിരിയ്ക്കാം?

22. "ഞാൻ എന്റെ പിതാവിന്നുള്ളതിൽ ഇരിയ്ക്കേണ്ടതല്ലോ?" എന്നുള്ള യേശുവിന്റെ വാക്കുകളിൽ നിന്ന് നിങ്ങൾ എന്തു മനസ്സിലാക്കുന്നു?

23. യോഹന്നാൻ സ്നാപകനെപ്പറ്റി യേശു പറഞ്ഞ ഒരു കാര്യം എഴുതുക.

24. യോഹന്നാൻ സ്നാപകനോടു യേശു, "ഇങ്ങനെ സർവ്വനീതിയും നിവർത്തിയ്ക്കുന്നതു നമുക്കു ഉചിതം" എന്നു പറഞ്ഞതിൽ നിന്നും നിങ്ങൾ എന്നതാണു മനസ്സിലാക്കുന്നത്?

25. യേശുവിന്റെ സ്നാന സമയത്തു പരിശുദ്ധ ത്രിത്വത്തെ നമുക്കു എങ്ങനെ കാണാം?

---

ക്രിസ്തുവിശ്വാസത്തെപ്പറ്റി നിങ്ങൾക്കു ഏതെങ്കിലും ചോദ്യമുണ്ടെങ്കിൽ ഞങ്ങൾ അതിനു മറുപടി തരുന്നതിന്നു സന്തോഷമുള്ളവരാണ്. കവറിലും കവറിനു പുറത്തും നിങ്ങളുടെ പൂർണ്ണമേൽവിലാസം എഴുതുവാൻ മറന്നുപോകരുത്.

**CALL OF HOPE, P.O. BOX - 45**
**KAYAMKULAM, 690 502**

**"ദൈവത്തിന്റെ വചനം**
**കേട്ടു പ്രമാണിയ്ക്കുന്നവർ**
**അത്രേ ഭാഗ്യവാന്മാർ"**
**(ലൂക്കൊസ് 11:28)**